കേരളസർവ്വകലാശാല

ഭാഷാഗ്രന്ഥാവലി—അങ്കം 107

# ക്രൂതാശപ്പാന

പ്രസാധകൻ

**കെ. രാഘവൻ പിള്ള, ബി. ഏ. (ഓണേഴ്സ്)**
**പിഎച്ച്. ഡി., (ലണ്ടൻ)**

ക്യൂറേറ്റർ

ഓറിയന്റൽ മാന്യുസ്ക്രിപ്റ്റ്സ് ലൈബ്രറി

തിരുവനന്തപുരം

1960/1135

പകർപ്പവകാശം സുരക്ഷിതം]

[വില രൂ. 2

CHRISTIAN MUSICOLOGICAL SOCIETY OF INDIA
www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

UNIVERSITY OF KERALA
MALAYALAM SERIES
No 107

# KŪṬĀŚAPPĀNA

EDITED BY

K. RAGHAVAN PILLAI, B. A. (HONS), PH. D. (LONDON)

CURATOR
ORIENTAL MANUSCRIPTS LIBRARY
UNIVERSITY OF KERALA
TRIVANDRUM

1960/1135

*All rights reserved*]

[*Price Rs-2*

www.TheCMSIndia.org

ഭാഷാഗ്രന്ഥാവലി-അങ്കം 107

# ക്രൂതാശപ്പാന

പ്രസാധകൻ

**കെ. രാഘവൻ പിള്ള, ബി. ഏ. (ഓണേഴ്സ്)**
**പി എച്ച്. ഡി., (ലണ്ടൻ)**

ക്യൂറേറ്റർ

ഓറിയന്റൽ മാന്യുസ്ക്രിപ്റ്റ്സ് ലൈബ്രറി
തിരുവനന്തപുരം

1960/1135

പകർപ്പവകാശം സുരക്ഷിതം]

[വില രൂ. 2

CHRISTIAN MUSICOLOGICAL SOCIETY OF INDIA
www.TheCMSIndia.org

# അവതാരിക

സർവ്വകലാശാലാഹസ്തലിഖിതഗ്രന്ഥശാലയിൽ നിന്നും 107-ാം നമ്പരായി പ്രസിദ്ധപ്പെടുത്തുന്ന ഒരു ക്രിസ്തുമതഗ്രന്ഥമാണ് ക്രൂതാശപ്പാന. ഭാഷാഗ്രന്ഥാവലി 92-ാം നമ്പരായി ജ്ഞാനമുത്തുമാല എന്നൊരു ക്രിസ്തീയഗ്രന്ഥം ഇതിനു മുമ്പ് ഇവിടെനിന്നു പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഫാദർ പൗലീനോസ് 'മിശിഹാടെ പാന' എന്നും, മററു ചില പ്രസാധകന്മാർ 'പുത്തൻ പാന' എന്നും നാമകരണം ചെയ്തിട്ടുള്ള ഒരു കൃതിയാണ് ഞങ്ങൾ ക്രൂതാശപ്പാന എന്ന പേരിൽ ഇപ്പോൾ പ്രസിദ്ധീകരിക്കുന്നത്. ഭാഷാസാഹിത്യത്തിനു വേണ്ടി അശ്രാന്തം പ്രയത്നിച്ചിട്ടുള്ള ഒരു പാദ്രിയാണ് ഈ കൃതിയുടെ കർത്താവ്. ഈ കൃതിയെ സംബന്ധിച്ചും അനുവാചകന്മാർ അവശ്യം അറിഞ്ഞിരിക്കേണ്ട ചില കാര്യങ്ങൾ ഉണ്ടെന്നു വിശ്വസിക്കുന്നു.

ആദ്യമായി പ്രസ്തുത കൃതിയുടെ പേരിനു വന്നു ചേർന്ന വൈവിധ്യത്തെപ്പററി ആലോചിക്കാം. മീനച്ചൽ, കുറിച്ചിത്താനം പുതുമന ഇല്ലത്ത് ശ്രീ. നാരായണൻ നമ്പൂതിരിയുടെ പക്കൽ നിന്നും കിട്ടിയിട്ടുള്ള ഒരു ഗ്രന്ഥത്തെ ആസ്പദമാക്കിയാണ് ഞങ്ങൾ ഈ പ്രസിദ്ധീകരണം നിർവ്വഹിക്കുന്നത്. പ്രസ്തുത ഗ്രന്ഥത്തിൽ "കൊല്ലവർഷം 912-ാമാണ്ട് കാർത്തിക മാസം 12-നു എഴുതിത്തീർത്ത ക്രൂതാശപ്പാന പുസ്തകം സമാപ്തം" എന്നു കാണുന്നു. ആ രേഖയെ ആധാരമാക്കിയാണ് ഈ പ്രസിദ്ധീകരണത്തിനു ഞങ്ങൾ ക്രൂതാശപ്പാന എന്ന പേരു കൊടുത്തിരിക്കുന്നത്. എന്നാൽ പ്രസ്തുത കൃതിയെ സംബന്ധിച്ചും അതിന്റെ കർത്താവിനെ സംബന്ധിച്ചും ഉള്ള വിവരങ്ങൾ ശേഖരിച്ചു രേഖപ്പെടുത്തിയിട്ടുള്ള പണ്ഡിതന്മാർ പലരും ഇതിനു വ്യത്യസ്തമായ ഒരു നിലപാടാണ് സ്വീകരിച്ചിരിക്കുന്നത്. 1790-ാമാണ്ടിടയ്ക്ക് അർണ്ണോസ് പാദ്രിയുടെ വിവിധകൃതികളെ വിവരിക്കുന്ന ഒരു ചെറിയ ഗ്രന്ഥം പൗലീനോസ് പാദ്രി രചിച്ചിട്ടുണ്ട്. അതിൽ ഈ കൃതിയെ 'മിശിഹാടെ പാന' എന്നാണു രേഖപ്പെടുത്തിയിരിക്കുന്നത്. മഹാകവി കെ. സി. കേശവപിള്ള അവർകളെക്കൊണ്ട് പരിശോധിപ്പിച്ച് ഈ കൃതിതന്നെ മാന്നാനം

www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA



പ്രസ്സിൽ അച്ചടിപ്പിച്ചിരിക്കുന്നതിൽ പുത്തൻ പാന എന്ന പേരാണു ചേർത്തിരിക്കുന്നത്. അതിൽ 13 പാദങ്ങളേ അടങ്ങിയിട്ടുള്ളു. ഫാദർ സി. കെ. മററത്തിന്റെ അഭിപ്രായം ഫാദർ പൗലീനോസ് പാദ്രിയുടെ 'മിശിഹാടെ പാന എന്ന പേരാണ് സ്വീകാര്യമെന്നാണ്. ഫാദർ മററം പരിശോധിച്ചിട്ടുള്ള നാലു പതിപ്പുകളും നാലു വിധത്തിലുള്ളതാണെന്നും അദ്ദേഹം പ്രസ്താവിച്ചിരിക്കുന്നു. എന്നാൽ അർണ്ണോസ് പാദ്രി കേരളത്തിൽ വന്നപ്പോൾ ചില പഴയ പാനകൾ നസ്രാണികളുടെ ഇടയിൽ പ്രചരിച്ചിരുന്നതു കണ്ടതു കൊണ്ടായിരിക്കാം ഇതിനു പുത്തൻ പാന എന്നു പേരു കൊടുത്തതെന്നാണ് ഡാ. പി. ജെ. തോമസ് സമർത്ഥിച്ചിരിക്കുന്നത്. ശ്രീ. എം. ചുമ്മാറും പുത്തൻ പാന എന്ന പേരുതന്നെയാണ് അംഗീകരിച്ചിരിക്കുന്നത്. ഇങ്ങനെ പണ്ഡിതന്മാരായ പലരും പല പേരിൽ ഈ ഗ്രന്ഥത്തെ വ്യവഹരിക്കാൻ ഇടയായത്, പാദ്രിയുടെ കൃതികൾ ശ്രദ്ധിച്ചു വായിക്കാത്തതു കൊണ്ടു വന്നുപോയ പിശകാണെന്നാണ് ഫാദർ മററം അഭിപ്രായപ്പെട്ടിരിക്കുന്നത്. അതിന്റെ തെളിവിനായി പൗലീനോസ് പാദ്രി രചിച്ചിട്ടുള്ള India Orientalis Christiana എന്ന ഗ്രന്ഥത്തിലെ പരാമർശവും പൗലിനോസ് പാദ്രി എഴുതിയിട്ടുള്ള സംസ്കൃതവ്യാകരണഗ്രന്ഥത്തെക്കുറിച്ചുള്ള മാക്സ് മുള്ളരുടെ പരാമർശവും അർണ്ണോസ് പാതിരി എന്ന ഗ്രന്ഥത്തിലെ 43–46വരെയുള്ള പേജുകളിൽ ഫാദർ മററം ഉൾപ്പെടുത്തിക്കാണുന്നു.

മിശിഹാടെ പാന എന്നും പുത്തൻ പാന എന്നും അർണ്ണോസ് പാദ്രിയുടെ ആദികൃതിയെന്നു കരുതപ്പെടുന്ന ഈ പാനപ്രബന്ധത്തിന് പേരുകൾ ഉണ്ടെങ്കിലും ഞങ്ങൾക്കു ഗ്രന്ഥത്തിൽ നിന്നും കിട്ടിയിട്ടുള്ള ക്രൂതാശപ്പാന എന്ന പേരേ അംഗീകരിക്കാൻ നിവൃത്തിയുള്ളു.

ഇനി ഈ കൃതിയിലെ പന്ത്രണ്ടാം പാദത്തെ സംബന്ധിച്ച് അല്പം പ്രസ്താവിക്കാം. ഫാദർ പൗലിനോസ് അദ്ദേഹത്തിന്റെ

www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

ഒരു കൃതിയിൽ അർണ്ണോസ് പാദ്രിയുടെ കൃതികളുടെ ഒരു പട്ടിക ചേർത്തിട്ടുള്ളതിൽ ഒന്നാമത്തേതു് 'മിശിഹാടെ പാനയും' നാലാമത്തേതു് 'ഉമ്മാടെ ദുഃഖവു'മാണു്. ഉമ്മാടെ ദുഃഖം ക്രൂതാശപ്പാനയിലെ പന്ത്രണ്ടാം പാദമാണു്. ഈ പന്ത്രണ്ടാം പാദത്തെ ഒരു പ്രത്യേക കൃതിയായിട്ടാണു് ഫാദർ പൗലിനോസും ഫാദർ സി. കെ. മററവും പ്രസ്താവിക്കുന്നതു്. മഹാകവി ഉള്ളൂർ അദ്ദേഹത്തിന്റെ സാഹിത്യചരിത്രം മൂന്നാം ഭാഗം 226-ാം പേജിൽ പന്ത്രണ്ടാം പാദത്തിൽ നിന്നും ചില വരികൾ ഉദ്ധരിച്ചിട്ടു് ഇതു് പുത്തൻ പാനയിൽ നിന്നെടുത്തതാണെന്നു് സൂചിപ്പിച്ചിരിക്കുന്നു. എം. ചുമ്മാർ, പുത്തൻ പാനയെ സംബന്ധിച്ചു് "പുത്തൻപാനയിൽ യേശുക്രിസ്തുവിന്റെ ജീവചരിത്രവും കുരിശിൽ തറച്ചു കിടക്കുമ്പോൾ സ്വപുത്രനെ കാണുന്ന കന്യകാമറിയത്തിന്റെ നിർമ്മലദുഃഖവുമാണു് പ്രതിപാദിക്കപ്പെട്ടിരിക്കുന്നതു്'" എന്നാണു് പ്രസ്താവിച്ചിരിക്കുന്നതു്. "ഈ പാനയുടെ പന്ത്രണ്ടാം പാദം ക്രിസ്തുവിന്റെ കഷ്ടാനുഭവത്താൽ തന്റെ മാതാവിനുണ്ടായ കഠോരവ്യസനത്തിന്റെ വിവരണമാണു്'" എന്നു ഡാ: പി. ജെ. തോമസ്സും അഭിപ്രായപ്പെട്ടിരിക്കുന്നു. "ഇങ്ങനെ പന്ത്രണ്ടാം പാദത്തെ ഒരു പ്രത്യേക കൃതിയായി പ്രസ്താവിക്കുവാൻ തീരെ നിർവ്വാഹമില്ലെന്നാണു് ഭൂരിപക്ഷാഭിപ്രായമെങ്കിലും അവർ ആ കൃതിയെ വേണ്ടവണ്ണം പഠിച്ചിട്ടല്ല ഈ അഭിപ്രായം പുറപ്പെടുവിച്ചിരിക്കുന്നതു്'" എന്നാണു് ഫാദർ മററം അഭിപ്രായപ്പെട്ടിരിക്കുന്നതു്.

ഞങ്ങൾക്കു കിട്ടിയിരിക്കുന്ന ഗ്രന്ഥത്തെ ആസ്പദമാക്കി പറയുകയാണെങ്കിൽ പന്ത്രണ്ടാം പാദത്തെ ഒരിക്കലും ഈ ഗ്രന്ഥത്തിൽ നിന്നു് ഒഴിവാക്കാൻ നിവൃത്തിയില്ല. ഒന്നാം പാദം മുതൽ പതിന്നാലാം പാദം വരെ തുടർച്ചയായിട്ടാണു് ഗ്രന്ഥം എഴുതിയിരിക്കുന്നതു്. പതിന്നാലു പാദങ്ങളുടെയും കൈയ്യുടയും ഒരാളിന്റേതാണു്. ഒരു കൃതിയിൽ ഏതെങ്കിലും പ്രധാനപ്പെട്ട ഒരു ഭാഗത്തെ പ്രത്യേകത കൊടുത്തു വർണ്ണിക്കുകയും അതിൽ വായനക്കാർക്കു കൂടുതൽ താല്പര്യം ഉണ്ടാക്കുന്നതിനു് എന്തെങ്കിലും ഒരു വിശേഷം കല്പിക്കുകയും കവികളുടെ പതിവാണു്. ഇതിനു മഹാഭാരതത്തിലെ കർണ്ണപർവ്വം, അദ്ധ്യാത്മരാമായണത്തിലെ സുന്ദരകാണ്ഡം മുതലായവ ഉദാഹരണങ്ങളാണു്.

www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA



യേശുക്രിസ്തുവിനോടു പാപികൾ കാണിച്ച കൊടുംചെയ്തികൾ നേരിൽ കാണാൻ ഇടവന്ന ഒരു മാതാവിൻെറ ദുസ്സഹമായ ചേതോവികാരങ്ങൾ വിവരിക്കുന്നതിന് പററിയ വൃത്തം 'നതോന്നത'യാണെന്ന് അർണ്ണോസ് പാതിരിക്കു തോന്നിയതുകൊണ്ടായിരിക്കാം ആ പാദത്തിന് ഒരു വൃത്തവ്യത്യാസം വരുത്തിയത് എന്നു വിചാരിക്കാം. അല്ലെങ്കിലും പന്ത്രണ്ടാം പാദം ഒരു പ്രത്യേക കൃതിയാണെന്നു വിചാരിക്കാൻ നിവൃത്തിയില്ല. യേശുവിൻെറ ജീവചരിത്രം സമഗ്രമായി വർണ്ണിക്കുകയാണ് കവിയുടെ ഉദ്ദേശ്യം എന്നു വ്യക്തമാണ്. അങ്ങനെയാണെങ്കിൽ പന്ത്രണ്ടാം പാദത്തിൽ വിവരിക്കുന്ന കഥ ക്രിസ്തുദേവൻെറ ജീവചരിത്രത്തിലെ ഒരു ഭാഗമാണ്. അതു മാററിയാൽ ജീവചരിത്രകഥ അപൂർണ്ണമായിരിക്കും. അതുകൊണ്ട് ഇതിലെ പന്ത്രണ്ടാം പാദം ഭിന്നമാണെന്നു പറയാവുന്നതല്ല. ഞങ്ങൾക്കു കിട്ടിയിട്ടുള്ള താളിയോലമാതൃകയുടെ വെളിച്ചത്തിലും ഈ അഭിപ്രായം അംഗീകരിക്കാൻ നിവൃത്തിയില്ല. പന്ത്രണ്ടാം പാദം കൂടി ഉൾപ്പെട്ടതാണ് പുത്തൻ പാന എന്ന അഭിപ്രായത്തോടുകൂടി ഉള്ളൂർ കാണിച്ചിരിക്കുന്ന ഉദ്ധരണികൾ പന്ത്രണ്ടാം പാദത്തിൽ നിന്നെടുത്തതാകയാൽ ഫാദർ മററം. മഹാകവിയുടെ നിഗമനത്തെ ചോദ്യം ചെയ്തിരിക്കുന്നതു ഞങ്ങൾക്ക് അംഗീകരിക്കാൻ നിവൃത്തിയില്ല. ഏതായാലും ഫാദർ പൗലീനോസിൻെറ ലിസ്റ്റിൽ ഒന്നും നാലും നമ്പരുകളായി കാണുന്നതു രണ്ടു ഗ്രന്ഥമാണെന്നും അതിൽ നാലാം നമ്പർ ഗ്രന്ഥം ഇതേവരെ ആരും കണ്ടുപിടിച്ചിട്ടില്ല എന്നും ഇതിൽ നിന്നു ഗ്രഹിക്കാം. അദ്ദേഹത്തിൻെറ കൃതിയായിട്ടുള്ള സംസ്കൃതവ്യാകരണം ഇതുവരെ കണ്ടുകിട്ടിയിട്ടില്ല എന്നുള്ളതും ഇവിടെ സ്മരണീയമാണ്. അതുകൊണ്ടു പന്ത്രണ്ടാം പാദം കൂദാശപ്പാനയിൽ ഉൾപ്പെട്ടതാണെന്നും തെളിയുന്നു.

കൂദാശപ്പാനയിലെ ഇതിവൃത്തം ബൈബിളിലെ, ലോകസൃഷ്ടിമുതൽ ക്രിസ്തുവിൻെറ പരഗതിവരെയുള്ള കഥയാണ്. മഹാകവി കട്ടക്കയത്തിൻെറ യേശുവിജയത്തിലെ ഇതിവൃത്തവും ഇതുതന്നെതാണ്. പാനയിൽ ക്രിസ്തുവിൻെറ ജീവചരിത്രം

www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA



കുറച്ചു കൂടി വിസ്തരിച്ചാണു് പ്രതിപാദിച്ചിരിക്കുന്നതു്. പാദം-പ്രതിയുള്ള വിസ്താരം അപ്രസക്തമായതിനാൽ അതിനൊരുമ്പെ-ടുന്നില്ല.

അർണ്ണോസ് പാദ്രിയുടെ മിക്ക കൃതികളിലേയും ഭാഷാരീതി സാമാന്യം കഠിനമാണെന്നാണു് വയ്പ്പ്. അദ്ദേഹത്തിന്റെ ചതുരന്ത്യം തുടങ്ങിയുള്ള കൃതികൾ വായിച്ചാൽ നമുക്കു അതു മന-സ്സിലാകുകയും ചെയ്യും. അദ്ദേഹം പഠിച്ചതു് സംസ്കൃതമാണു്. സംസ്കൃതത്തിന്റെ ഒരു വകഭേദം മാത്രമായിട്ടേ മലയാളത്തെ പരിഗണിച്ചിരുന്നുള്ളൂ. അദ്ദേഹം കണ്ടിട്ടുള്ള എഴുത്തച്ഛന്റെ കൃതികളും മററും പ്രൗഢങ്ങളുമാണല്ലോ. തമിഴ ചേന്ന മലയാള-ത്തെ മലയാണ്മയായും അതു സംസാരിക്കുന്നവരെ പ്രാകൃതന്മാരാ-യിട്ടുമാണു് അർണ്ണോസ് പാദ്രി ധരിച്ചിരുന്നതു് എന്നു അദ്ദേഹത്തി ന്റെ ഭാഷാകൃതികൾ പഠിക്കുന്നവക്കു് കാണാം. പൂന്താനത്തി-ന്റെ ജ്ഞാനപ്പാനയാണു് ക്രൂതാശപ്പാനയുടെ നിമ്മിതിക്കു് അർണ്ണോസ് പാദ്രിയെ പ്രേരിപ്പിച്ചതെന്നു തോന്നുന്നു. അതു-കൊണ്ടാണു് ക്രൂതാശപ്പാനയുടെ ഭാഷാരീതി പൊതുവേ ലളിത മായതെന്ന അഭിപ്രായവും പരിഗണനാർഹമാണു്. സപ്പിണിയും നഃതാന്നതയും ആണു് ഇതിൽ സ്വീകരിച്ചിരിക്കുന്ന വൃത്തങ്ങൾ.

കവിയെക്കുറിച്ചും അദ്ദേഹത്തിന്റെ കൃതികളെക്കുറിച്ചും അല്പം അറിഞ്ഞിരിക്കണമല്ലോ. ഫാദർ പൗലീനോസ് പ്രസിദ്ധ-പ്പെടുത്തിയിട്ടുള്ള പട്ടിക അനുസരിച്ചു് താഴെ പറയുന്നവയാണു് അദ്ദേഹത്തിന്റെ കൃതികളെന്നു മനസ്സിലാക്കാം.

1. മിശിഹാടെ പാന 2. ചതുരന്ത്യം 3. ഉമ്മാപര്വം 4. ഉമ്മാടെ ദുഃഖം 5. ഉമ്മാടെ വ്യാകുലപ്രബന്ധം 6. ജനോവാ പവ്വം 7. സംസ്കൃത വ്യാകരണം 8. നിഘണ്ടു (മലയാളം സംസ്കൃ-തം പോർട്ടുഗീസു്) 9. മലയാളം പോർട്ടുഗീസ് വ്യാകരണം 10. ആവേ മാര് സ്റ്റേല്ലാ.

അർണ്ണോസ് പാദ്രി, മലയാളം, സംസ്കൃതം, ലത്തീൻ മുതലായ ഭാഷകളിൽ പല കൃതികളും രചിച്ചിട്ടുണ്ടു്. ലത്തീൻ ഭാഷയിൽ

www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

രചിച്ചിട്ടുള്ള കൃതികൾ റോമിലുള്ള രാജകീയ ഗ്രന്ഥശാലയിൽ സൂക്ഷിച്ചിട്ടുണ്ട്. ഇതിലൊന്നിൽ വസിഷ്ഠസാരം, ചില ഉപനിഷത്തുകൾ, വേദാന്തസാരം, അഷ്ടാവക്രഗീത എന്നീ സംസ്കൃത–കൃതികളുടെ ചുരുക്കങ്ങൾ അടങ്ങിയിട്ടുണ്ട്.

കേരളത്തിലെ ജീവിതത്തിനിടയ്ക്കു് ഒരു വിദേശീയ മിഷ–ണറി നാട്ടുഭാഷകൾ പഠിച്ച് ഉത്തമഗ്രന്ഥങ്ങൾ രചിച്ച ഭാഷാ–സാഹിത്യത്തിനു് കാഴ്ചവയ്ക്കുണമെങ്കിൽ അതിനു വേണ്ടി ആ മഹാൻ അനുഷ്ഠിച്ച ത്യാഗത്തെ നാം വിലമതിക്കേണ്ടതാണ്. കേരളവർമ്മ വലിയ കോയിത്തമ്പുരാൻ അർണ്ണോസ് പാദ്രിയുടെ സാഹിത്യപരിശ്രമത്തെ വളരെ പ്രശംസിച്ചിട്ടുണ്ട്.

അർണ്ണോസ് പാദ്രി ഹംഗറിയിൽ ഓസ്റ്റാബ്രൂക്കിനു സമീപമുള്ള ഓസ്റ്റാൻ കാപ്പേലിൽ ജനിച്ചു. ഓസ്റ്റാബ്രൂക്ക് സെമിനാ–രിയിൽ വച്ച് ഫാദർ വെബ്ബറുമായി പരിചയപ്പെട്ട ശേഷമാണ് അദ്ദേഹം ഇൻഡ്യയിലേക്കു വരാൻ തീരുമാനിച്ചതു്. അന്ന് അദ്ദേഹത്തിനു് 18 വയസ്സു പ്രായമുണ്ടായിരുന്നു. ഗോവാക്കാ–രുടെ അഭിപ്രായം 1681–ൽ അല്ല 1680–ൽ ആണ് അർണ്ണോസ് പാദ്രി ജനിച്ചതെന്നാണ്. മൂന്നു ഫാദറന്മാരൊരുമിച്ചാണ് അദ്ദേഹം ഇൻഡ്യയിൽ വന്നതു്. 1699–ൽ അദ്ദേഹം ഇൻഡ്യ-യിൽ വന്നു ചേർന്നു. ഇൻഡ്യയിൽ വന്നിട്ടുള്ള വിദേശിയ മിഷ–ണറിമാരിൽ അതി പ്രശസ്തനായ ഒരു പണ്ഡിതനും മഹാകവിയും ആയിരുന്നു അർണ്ണോസ് പാദ്രി. അദ്ദേഹം കേരളത്തിൽ വന്ന് ആദ്യം താമസിച്ചതു് അമ്പഴക്കാട്ടുള്ള ഈശോസഭക്കാരുടെ ആശ്ര-മത്തിലാണ്. സംസ്കൃതപണ്ഡിതന്മാർ കൂടുതലായി ഉണ്ടായിരു–ന്നതു് തൃശ്ശിവപേരൂർ ആയിരുന്നതിനാൽ അദ്ദേഹം അമ്പഴ–ക്കാട്ടു നിന്നു് തൃശ്ശിവപേരൂരേയ്ക്കു് താമസം മാററി. താമസം മാററിയെങ്കിലും ഉദ്ദേശം ഫലിക്കുന്നതിനു കാലതാമസം നേരിട്ടു. വിദേശത്തു നിന്നു വന്ന ഒരു സായ്പിനെ അയാളുടെ അപേക്ഷ–പ്രകാരം ആണെങ്കിലും സംസ്കൃതം അഭ്യസിപ്പിക്കുന്നതു് ഉചിത–മല്ലെന്നു നമ്പൂതിരിമാർ വിചാരിച്ചു. ഒടുവിൽ അങ്കമാലി സ്വദേശികളായ രണ്ടു നമ്പൂതിരിമാർ അർണ്ണോസ് പാദ്രിയെ

www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

സംസ്കൃതം പഠിപ്പിക്കാൻ തുടങ്ങി. അദ്ദേഹം ആദ്യമായി യുധിഷ്ഠിരവിജയം കാവ്യമാണ് പഠിച്ചതു്. അവർ രാമായണം, അമരകോശം, സിദ്ധരൂപം തുടങ്ങിയുള്ള അനേകം ഗ്രന്ഥങ്ങൾ അദ്ദേഹത്തിനു പഠിക്കാൻ കൊടുത്തു. അദ്ദേഹത്തിന്റെ സാക്ഷാൽ പേരു് John Ernest Hanxleden എന്നായിരുന്നു.

കേരളത്തിൽ വന്നു് സംസ്കൃതം പഠിച്ചിട്ടുള്ള അനേകം പാദ്രിമാർ ഉണ്ടെങ്കിലും പരമമായ നിലയിൽ അതിനെ ഉപയോഗിച്ചതു് അർണ്ണോസ് പാദ്രിയാണെന്നു് നമുക്കു് അദ്ദേഹത്തിന്റെ വിവിധഭാഷകളിലുള്ള സാഹിത്യസേവനങ്ങൾ കൊണ്ടു് മനസ്സിലാക്കാം. പാദ്രി കേരളത്തിലുണ്ടായിരുന്ന കാലത്തു് മിക്കവാറും വടക്കൻ ദിക്കുകളിലുള്ള പള്ളികളിലും അതിൽ കൂടുതൽ കാലം വേലൂർ പള്ളിയിലുമായിരുന്നു കഴിച്ചുകൂട്ടിയതു്. അവിടെ പാദ്രി ഒരു പള്ളി പണികഴിപ്പിച്ചിട്ടുണ്ടു്. മാക്സ്മുള്ളർ, ഫ്ളോൺഷ്ലീഗൽ, ബെൻഫി തുടങ്ങിയ പാശ്ചാത്യ പണ്ഡിതന്മാർ പാദ്രിയുടെ സംസ്കൃതപാണ്ഡിത്യത്തെ വളരെ പ്രശംസിച്ചു പ്രസ്താവിച്ചിട്ടുണ്ടു്. സംസ്കൃതത്തിൽ അദ്ദേഹത്തിനുണ്ടായിരുന്ന പാണ്ഡിത്യം അതിശയനീയമായിരുന്നു എന്നും, അതു സന്ദർഭാനുസാരം പ്രയോഗിക്കുന്നതിനു് കഴിവുണ്ടായിരുന്നു എന്നും ഉള്ളതിനു് അദ്ദേഹവും ഒരു നമ്പൂതിരിയുമായി ഉണ്ടായിട്ടുള്ള സംഭാഷണത്തെ അടിസ്ഥാനമാക്കി ഒരു കഥ നിലവിലുണ്ടു്.

എഴുത്തച്ഛന്റെ കൃതികൾ കേരളീയർക്കു എത്രമാത്രം പ്രയോജനപ്പെടുന്നുവോ, അതു പോലെ തന്റെ കൃതികളും കേരളീയരായ ക്രിസ്ത്യാനികൾക്കു് പ്രയോജനപ്പെടുന്നതിനു് ഭാഷാവൃത്തങ്ങളും മററും സ്വീകരിച്ചു അവ രചിക്കണമെന്നു് പാതിരിക്കു അത്യാഗ്രഹമുണ്ടായിരുന്നു. അതിനു വേണ്ടി എഴുത്തച്ഛന്റെ ശിഷ്യന്മാരായിട്ടുള്ളവരിൽ നിന്നു എഴുത്തച്ഛൻകൃതികളിലുള്ള ഈശ്വരപരമായിട്ടുള്ള കാര്യങ്ങൾ പാതിരി വേണ്ടതു മനസ്സിലാക്കുകയും ചെയ്തു. അതു പാദ്രി എത്രമാത്രം പ്രയോജനപ്പെടുത്തിയെന്നു് അദ്ദേഹത്തിന്റെ കൃതികളിൽ നിന്നു ഗ്രഹിക്കാം. ക്രൈസ്തവ–

www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

സമുദായത്തിനു വേണ്ടി ചെയ്ത ഭാഷാസേവനത്തിന്റെ വെളിച്ചത്തിൽ ക്രിസ്ത്യാനികളുടെ എഴുത്തച്ഛൻ എന്നു അദ്ദേഹത്തെ വിളിക്കുകയും ചെയ്യാം.

പതിനെട്ടാമത്തെ വയസ്സിൽ കേരളത്തിൽ വന്ന പാതിരി പല ബദ്ധപ്പാടുകൾക്കിടയിൽ സംസ്കൃതത്തിലും മലയാളത്തിലും പരിനിഷ്ണാതമായ പാണ്ഡിത്യം സമ്പാദിച്ചു, സ്വസമുദായത്തിനു വേണ്ടിയാണെങ്കിലും ഭാഷയ്ക്കു മുതൽക്കൂട്ടായി എണ്ണമറ്റ കൃതികൾ രചിച്ചിട്ട് 1732 മീനം 20-ാനു- വാഴൂർ പള്ളിയിൽ വച്ച് കാലം ചെയ്തു.

1699 ഒക്ടോബർ മാസത്തിൽ സഹപ്രവർത്തകരായ മറ്റു മൂന്നു പാദ്രിമാരോടൊത്തു കേരളത്തിൽ വന്ന അർണ്ണോസ് പാദ്രി, മതപ്രവാചകൻ, സംസ്കൃതപണ്ഡിതൻ, ഭാഷാപണ്ഡിതൻ, കവി, ഗവേഷകൻ എന്നീ നിലകളിൽ പരിശോഭിച്ചിരുന്നു എന്ന് നമുക്കു കാണാൻ കഴിയും. നീണ്ട മുപ്പത്തിയൊന്നു വർഷം അദ്ദേഹം കേരളത്തിൽ കഴിഞ്ഞു കൂടിയതായി കാണുന്നു. ഇതിൽ ഏറിയ കൂറും ഭാഷാപഠനത്തിനും ഭാഷാസേവനത്തിനുമായി വിനിയോഗിച്ചിരുന്നു എന്നു വേണം മനസ്സിലാക്കാൻ. അദ്ദേഹത്തിന്റെ പ്രഥമകൃതിയാണെന്നു വിശ്വസിക്കുന്ന ക്രൂതാശപ്പാനയുടെ ഒരു പഴയ താളിയോലമാതൃക പിഴ തീർത്ത് സജ്ജനസമക്ഷം അവതരിപ്പിച്ചുകൊള്ളുന്നു.

ഒരേ ഒരു മാതൃക മാത്രമേ ഈ പ്രസിദ്ധീകരണത്തിന് സ്വീകരിച്ചിട്ടുള്ളൂ. അച്ചടി വളരെ പുരോഗമിച്ച ശേഷമാണ് ഫാദർ മറ്റത്തിന്റെ 'അർണ്ണോസു പാതിരി' എന്ന പുസ്തകം കിട്ടിയത്. ഒമ്പതാം പാദം മുതൽ അതും കൂടി പ്രസിദ്ധീകരണത്തിന് ഉപയോഗിച്ചിട്ടുണ്ട്. ഫാദർ മറ്റം സ്വീകരിച്ചിട്ടുള്ള പാഠവുമായി താരതമ്യപ്പെടുത്തി സ്വീകാര്യമെന്നു തോന്നിയ പാഠഭേദങ്ങളാണ് ഇതിൽ അടിക്കുറിപ്പായി ചേർത്തിരിക്കുന്നത് ക്രിസ്തുമതപ്രധാനമായ ഒരു പഴയ കൃതിയെന്ന നിലയിൽ മതഭക്തന്മാരും ഭാഷാഭിമാനികളും ഇതിനു പ്രാധാന്യം കല്പിക്കുമെന്നു വിശ്വസിക്കുന്നു.

www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA



ഈ കൃതിയുടെ പ്രകാശനത്തിനു് റിസച്ച്് ഓഫീസർ ശ്രീ. എം. മാധവൻ പിള്ളയും, അസിസ്റ്റൻറ് റിസച്ച്് ഓഫീസർ ശ്രീ. എൻ. ശ്രീധരൻ നായരും എന്നെ സഹായിച്ചിട്ടുണ്ടു്.

തിരുവനന്തപുരം
20-5-1960

കെ. രാഘവൻ പിള്ള.
ക്യൂറേറ്റർ
മാന്യുസ്ക്രിപ്റ്റ്സ് ലൈബ്രറി

www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

# ക്രൂതാശപ്പാന

[ഈ പ്രസിദ്ധീകരണത്തിനു സ്വീകരിച്ചിട്ടുള്ള മാതൃക ഈ ഗ്രന്ഥശാലയിലെ L 632-ാം നമ്പർ ഗ്രന്ഥമാണ്. ഈ ഗ്രന്ഥം ശ്രീ നാരായണൻ നമ്പൂതിരി (പുതുമന ഇല്ലം, കുറിച്ചിത്താനം, മീനച്ചൽ) അവർകൾ അയച്ചുതന്നതാണ്. ഇതിന്റെ മററു മാതൃകകൾ കൈവശം ഉള്ളവർ അവ അയച്ചുതന്നാൽ ഉപകാരമായിരിക്കും.]

## ഒന്നാം പാദം

ആദം ചെയ്ത പിഴയാലെ വന്നതും
ദുഃഖം നാശവും രക്ഷയുണ്ടായതും
ശിക്ഷയാംവണ്ണം ചൊല്ലുക സത്വരം
സൂക്ഷ്മമാം കഥ കേൾക്കണമെവരും. 1

എല്ലാം മംഗലകാരണ! ദെയ്‌വമേ!
നല്ലചിന്തകളുദിപ്പിക്കേണമേ
നന്മ നൽകുവാൻ(മൃ?ഉ)മ്മാസുഖത്തുങ്കൽ
എന്മനമിതാ വന്ദിക്കുന്നേററവും. 2

ജന്മദോഷമൊഴിച്ചു രക്ഷിച്ചൊരു
നിർമ്മലനീശോ കാരുണ്യമാകണം
ഉമ്മാകന്യകേ! ശുദ്ധശോഭാനിധേ!
എന്മദനാതാപമൊക്കെ നീക്കേണമേ. 3

വാനവർ നിവിയന്മാർ ശ്ലീഹന്മാരും
വാനതിൽ വിളങ്ങും പുണ്യവാളരും

www.TheCMSIndia.org

ഇടമൊക്കയും വ്യാപിച്ച സ്വാമിയും
ഇടത്തിലടങ്ങാത്ത മഹത്ത്വവും 9

സർവ്വകർമ്മങ്ങൾക്കാദിയും അന്തവും
സർവ്വവസ്തുക്കൾക്കദ്വയനാഥനും
എല്ലാ രൂപത്തിന്നരൂപസ്വരൂപവും
എല്ലാം തൃപ്തി നിരന്തരപ്രാപ്തിയും 10

എല്ലാം ബുദ്ധിയാൽ കണ്ടറിയുന്നവൻ
എല്ലാം സാധിപ്പാനും വശമുള്ളവൻ
ഒന്നിനാലൊരു മുട്ടു വരാത്തവൻ
ഒന്നും ദിഷ്ടതിയില്ലാത്ത ഭാഗ്യവാൻ 11

തന്റെ മുഷ്കരം കാട്ടുവാൻ കാരണം
മററും സൃഷ്ടികൾ നിർമ്മിച്ചാരംഭിച്ചു
ആകാശമുടൻ ഭൂമിയുമാദിയിൽ
വാക്കിൻ ശക്തിയാൽ ഭൂതമായ് വന്നുടൻ 12

എത്ര ഭാരമായുള്ള ലോകങ്ങളെ
ചിത്രം! അല്പക്ഷണം കൊണ്ടു സൃഷ്ടിച്ചു
എത്രയദ്ഭുതമായതിൽ നിർമ്മിച്ച
ചിത്രകൗശലമെത്ര മനോഹരം. 13

മാലാകമാരിൽ പ്രതാപമേറിയ
സ്വർല്ലോകപ്രഭുസമൂഹവും സദാ
സൂക്ഷ്മമക്ഷയം ദീപ്തി ലഘുത്വവും
രക്ഷകൻ നല്കി ഭൃത്യവൃന്ദത്തിനെ. 14

CHRISTIAN MUSICOLOGICAL SOCIETY OF INDIA



ഇടമൊക്കയും വ്യാപിച്ച സ്വാമിയും
ഇടത്തിലടങ്ങാത്ത മഹത്വവും 9

സർവകർമ്മങ്ങൾക്കാദിയും അന്തവും
സർവ്വവസ്തുക്കൾക്കുടയനാഥനും
എല്ലാ രൂപത്തിന്നരൂപസ്വരൂപവും
എല്ലാം തൃപ്തി നിരന്തരപ്രാപ്തിയും 10

എല്ലാം ബുദ്ധിയാൽ കണ്ടറിയുന്നവൻ
എല്ലാം സാധിപ്പാനും വശമുള്ളവൻ
ഒന്നിനാലൊരു മുട്ടു വരാത്തവൻ
ഒന്നും ഭിഷ്ടതിയില്ലാത്ത ഭാഗ്യവാൻ 11

തന്റെ മുഷ്കരം കാട്ടുവാൻ കാരണം
മറ്റും സൃഷ്ടികൾ നിർമ്മിച്ചാരംഭിച്ചു
ആകാശമുടൻ ഭൂമിയുമാദിയിൽ
വാക്കിൻ ശക്തിയാൽ ഭൂതമായ് വന്നുടൻ 12

എത്ര ഭാരമായുള്ള ലോകങ്ങളെ
ചിത്രം! അല്പക്ഷണം കൊണ്ടു സൃഷ്ടിച്ചു
എത്രയദ്ഭുതമായതിൽ നിർമ്മിച്ച
ചിത്രകൗശലമെത്ര മനോഹരം. 13

മാലാകമാരിൽ പ്രതാപമേറിയ
സ്വർല്ലോകപ്രഭുസമൂഹവും സദാ
സൂക്ഷ്മമക്ഷയം ദീപ്തി ലഘുത്വവും
രക്ഷകൻ നല്കി ഭൃത്യവൃന്ദത്തിനെ. 14

www.TheCMSIndia.org

ധീ സ്മരണ മനസ്സിതു ത്രി വംശാ
വിസ്മയനാഥൻ നൽകി സദാദർശം
തത്പ്രതാപപ്പെരുമയറിവാനും
തത്പരനെ സ്തുതിച്ചാരാധിപ്പാനും 15

ഇപ്രകാരമാരൂപവൃന്ദത്തിനെ
തത്പ്രിയത്തോടു സൃഷ്ടിച്ചനവധി
അവൎക്കാനന്ദമോക്ഷത്തെ പ്രാപിപ്പാൻ
ദേവൻ ന്യായപ്രമാണവും കല്പിച്ചു. 16

?അരൂപരൂപമായവനിയതിൽ
നരവൎഗ്ഗത്തെ സൃഷ്ടിക്കും ദാസരായ്
ഭൂനരകത്തിലായ്വലയുംവിധൗ
ഭൂനരത്രാണത്തിന്നു മമ സുതൻ 17

ഭൂതലേ നരനായവതരിക്കും
ഭൂതനാഥനെ വന്ദിച്ചാരാധിച്ചു
നീതിസമ്മതം ചെയ്തു കൃതഫലം
സന്തതാനന്ദമോക്ഷത്തെ നേടുവിൻ. 18

മേൽവിധിയിതു സമ്മതമല്ലെങ്കിൽ
ഭവിക്കും സദാ സങ്കടം നിശ്ചയം.
പരീക്ഷിപ്പതിനായൊരു കല്പന
പരമദേവൻ കല്പിച്ചനന്തരം. 19

സ്വാമിതന്നുടെ ന്യായദയാവിധി
സുമനസ്സോടു സമ്മതിച്ചു ചിലർ

CHRISTIAN MUSICOLOGICAL SOCIETY OF INDIA

www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA



ആദമേശനെ കണ്ടവരക്ഷണം
അസമഭാഗ്യപ്രാപ്തിയും നേടിനാർ. 20

മോക്ഷഭാഗ്യം ഭവിച്ച മാലാകമാർ
അക്ഷയസുഖം വാഴന്നാനന്ദമായ്
ശേഷിച്ച മഹാമുഖ്യസ്വരൂപികൾ
ഭോഷത്വം നിരൂപിച്ചു മദിച്ചുടൻ 21

അവർക്കു ദേവൻ നൽകിയ ഭാഗ്യങ്ങൾ
അവർകണ്ടു നികളിച്ചനേകവും
ദേവനോടു സമമെന്നു ഭാവിച്ചു
ദേവകല്പന ലംഘനം ചെയ്തവർ. 22

നിന്ദചെയ്തതു കണ്ടഖിലേശ്വരൻ
നിന്ദാഭാജനനീശവൃന്ദത്തിനെ
ശോഭ നീക്കി വിരൂപവും കല്പിച്ചു
ശുഭരഹിതന്മാരെ ശപിച്ചുടൻ. 23

നിഷ്ഠുരികളെ തട്ടിക്കളഞ്ഞിതു
കഷ്ടമായ മഹാനരകാഗ്നിയിൽ
ദുഷ്ടരായ പിശാചുക്കളൊക്കെയും
നഷ്ടിപെട്ടതിൽ വീണു നശിക്കിലും 24

ദുഷ്ടത ഗുണദ്വേഷപൈശുന്യവും
ഒട്ടുമേ കുറവില്ലവർക്കെങ്കിലും
മന്നമിഗ്ഗുണം സൃഷ്ടിച്ച തമ്പുരാൻ
പിന്നെ മന്നിക്കി പാലതരം 25

www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA



ആറാന്നാളതിൽ മർത്ത്യരിൽ മുമ്പരെ
അറവുത്തായിൽ സൃഷ്ടിച്ചു തമ്പുരാൻ
മണ്ണുകൊണ്ടൊരു ശരീരരൂപത്തെ
ഉണ്ടാക്കിയതിൽ ജീവനെപ്പൂകിച്ചു 26

ബുദ്ധിചിത്തവും പഞ്ചേന്ദ്രിയങ്ങളും
ആദമെന്നൊരു പേരും കൊടുത്തിതു
പറുദീസായിലിരുത്തിയാദത്തെ
ഏറെ സൗഖ്യമുള്ള സ്ഥലമായതു 27

സൊപ്‌നത്തിലവന്റെയൊരു വാരിയാൽ
തമ്പുരാൻ സ്ത്രീയെ നിർമ്മിച്ചു തൽക്ഷണം
ആദിനാഥന പുത്രരിതെന്നപോൽ
ആദം ഹാവായും നരപിതാക്കളായ്. 28

തൽബുദ്ധിയും മനസ്സുമതുപോലെ
നൽകി ദേവനവർക്കു കരുണയാൽ
നേരും ബുദ്ധിയിൽ തോന്നീടും നേരിന്നും
വൈരസ്യമവർക്കിഛയായ് വന്നീടാ. 29

ന്യായംപോൽ നടപ്പാൻ വിഷമമില്ല
മായമെന്നതു ബുദ്ധിയിൽ തോന്നീടാ.
സൃഷ്ടിക്കെത്തുന്ന വസ്തുക്കളൊക്കെയും
സൃഷ്ടിയായതു ഭൂമിയും വ്യോമവും 30

അവർക്കുപകാരത്തിന്നു തമ്പുരാൻ
കീഴ്‌വഴക്കിക്കൊടുത്തു ദയാവോടെ

www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

സിംഹവ്യാഘ്രങ്ങൾ പക്ഷി നാല്ക്കാലികൾ
അങ്ങന്നൊക്കെ മനുഷ്യർക്കു നൽകിനാൻ 31

മൃഗങ്ങൾ വിധിയായവണ്ണമുടൻ
വർഗ്ഗത്താൽ സ്വർഗ്ഗനാഥനെ ശങ്കിക്കും
നക്രചക്രമകരാദിമത്സ്യങ്ങൾ
ഒക്കെയൊദത്തിൻ കല്പന കേൾക്കുമേ 32

വൃക്ഷങ്ങൾ പുല്ലും പുഷ്പാദിവർഗ്ഗങ്ങൾ
ഭക്ഷ്യകായ്കനി കൂടെയുമവ്വണ്ണം
കണ്ടതെല്ലാമനുഭവിപ്പാൻ വശം
ദണ്ഡത്തിന്നുടെ പേരുമില്ല സദാ. 33

കേടും ക്ലേശവുമെന്തന്നറിവില്ല
പേടിക്കുമൊരു ശക്തരിപുവില്ല
പൈയ്യും ദാഹവും തീർപ്പതിനൊക്കവേ
വിയർപ്പെന്നിയേ ഭൂമി കൊടുത്തിതു. 34

ചിന്തിച്ചതെല്ലാം സാധിച്ചുകൊള്ളുവാൻ
അന്തോനേശ്വരനായ ദയാപരൻ
തൽപിതാവു തനയന്മാർക്കെന്നപോൽ
തൽപ്രിയത്തോടു കല്പിച്ചു നൽകിനാൻ. 35

പിമ്പവർക്കൊരു പ്രമാണം കല്പിച്ചു
അമ്പിനോടിതു കാക്കേണം പഥ്യമായ്
തൽപ്പരനെന്നൊരുൾഭയമെപ്പോഴും
ഉൾപ്പൂവിലവരോർക്കണമെന്നിട്ടു. 36

www.TheCMSIndia.org

വൃക്ഷമൊന്നു വിലക്കി സർവ്വേശ്വരൻ
അക്ഷിഗോചരശേഷവും ദത്തമായ്
ഒന്നുമാത്രമരുതൊരു കായ്കനി
തിന്നാൽ ദോഷവും നാശവുമായ്‌വരും. 37

എപ്പൊഴുമെന്നെയോർത്തു പ്രിയത്താലെ
ഇപ്രമാണം വഴിപോലെ കാക്കണം
കല്പനക്കൊരു വീഴ്ച വരുത്തിയാൽ
എങ്കിൽ ഭാഗ്യവുമന്തരിക്കയില്ല(?) 38

അവർക്കും അവർക്കുള്ള ജന്മത്തിലും
നിർവ്വിശേഷസൗഖ്യം രസിക്ക സദാ
കല്പനയ്ക്കൊരു വീഴ്ച വരുത്തിയാൽ
അപ്പോൾ സ്വർഗ്ഗാദി വാതിൽ തുറന്നുപോം 39

അനർത്ഥങ്ങളനേകമുണ്ടായ്‌വരും
സന്തതിയും നശിക്കുമനന്തരം
ഇഗ്ഗുണ ശുഭഭാഗ്യവും നാസ്തിയായ്
നിർഗ്ഗുണതവ(?)വാരിയിൽ വീണുപോം 40

ഇപ്പടി ഗുണദോഷഫലങ്ങളും
തല്പരനരുളിച്ചെയ്തിരുത്തിനാൻ
ചൊൽപ്പെരിയവൻ കല്പിച്ചതുപോലെ
ഉൾപ്രസാദിച്ചവരിരിക്കും വിധൗ 41

അപ്പൊഴേ നരകത്തിലസുരകൾ
ഉൾപ്പൂവിലതിദ്വേഷം കലർന്നവൻ

CHRISTIAN MUSICOLOGICAL SOCIETY OF INDIA
www.TheCMSIndia.org

മുന്നം വാനതിലാഞ്ചുകളായ നാം
സാന്ദ്രശോഭപ്രഭയാൽ വിളങ്ങുന്നാൾ. 42

അന്നു ദേവതിരുവിള്ളക്കേടുമായ്
വൻനരകത്തിൽ വന്നതിവർ മൂലം
മർത്ത്യരാജനെ വന്ദിച്ചാരാധിപ്പാൻ
കീർത്തിഹീനം നമുക്കു ഭവിച്ചിതു. 43

കാത്ത്യസമ്മതിച്ചില്ലതുകാരണം
കർത്താവു നമ്മെ ശിക്ഷിച്ചധോലോകേ
അന്നു നാശം നമുക്കു ഭവിച്ചിതു
ഇന്നരകുലത്തിന്നുടെ കാരണം. 44

എന്നതുകൊണ്ടു മാനുഷവർഗ്ഗത്തെ
ഇന്നരകത്തിൽ കൂടെ മുടിക്കേണം
ദേവൻ നമ്മെ ശിക്ഷിച്ചതിനുത്തരം
ദേവസേവകരെ നശിപ്പിക്കേണം. 45

ദേവനോടും മാലാകവൃന്ദത്തോടും
ആവതില്ലവരോടു ഫലിച്ചിടാ
എന്നതിനെന്തുപായം നമുക്കെന്നു
വൻനരകപ്പിശാചുക്കൾ ചിന്തിച്ചു. 46

ദേവനിഷ്ടരവരതുകാരണം
ആവതില്ല നമുക്കവരോടിപ്പോൾ
അവരെ തിരുവിള്ളം കുറയുമ്പോൾ
അവരോടു ഫലിക്കും നമുക്കഹോ. 47

www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

നിന്നുടെയുള്ളിൽ പുക്കു നാമൊന്നിച്ചു
ചെന്നു വളുസവാക്കുവശത്തിനാൽ 53

മത്ത്യരെച്ചതി ചെയ്തു പിഴപ്പിക്കിൽ
കത്താവു ദേഷിച്ചീടുമവർകളെ
അന്നേരം ശുദ്ധബുദ്ധിയും നീങ്ങിപ്പോം
ഭിന്നമാനസരായിടും മാനുഷർ. 54

പിന്നെ ഞാൻ പല വളുസപ്രത്യക്ഷാൽ
ഉന്നതനായ ദേവൻ ഞാനെന്നതു
മത്ത്യസമ്മതമാക്കി വഴക്കുവൻ
കത്താവെന്നെന്നെ കുമ്പിടും മാനുഷർ. 55

അന്നു നിന്നെയും കുമ്പിട്ടുകൊള്ളുവൻ
നിന്നെയെൻെറ മുടിയാക്കി വയ്പൻ ഞാൻ
മാനുഷർ നിന്നൊടേററം ചെയ്തീടുകിൽ
മാനുഷരോടുപദ്രവിച്ചീടും ഞാൻ. 56

എന്നു തമ്മിൽ പറഞ്ഞു സത്യം ചെയ്തു
ചെന്നവർ ചെന്നു ഹാവാടെ സന്നിധൌ. 57

ഒന്നാം പാദം കഴിഞ്ഞു

## രണ്ടാം പാദം

മാനുഷരെ പിഴപ്പിച്ചുകൊള്ളുവാൻ
മാനസദാഹത്തോടു പിശാചുതാൻ
തങ്കരുത്തും പൈശുന്യവ്യാജത്താലെ
ശങ്ക കൂടാതെ ഹാവായോടേകിനാൻ 1

www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA



മങ്കമാർമണിമാണിക്കരത്നമ
വെൺകുലപത്തി കേൾക്കെന്റെ വാക്കുകൾ
നല്ല കായ്കനിയും വെടിഞ്ഞിങ്ങനെ
അല്ലലായിരിപ്പാനെന്തവകാശം. 2

ചൊല്ലുക പരമാർത്ഥമെന്നോടു നീ
നല്ല സാധുത്വം ചൊല്ലിത്തരുവൻ ഞാൻ
എന്നസുരൻ മധുരം പറഞ്ഞപ്പോൾ
ചൊന്നവനോടു നേരായ വാർത്തകൾ. 3

കണ്ടതെല്ലാമടക്കി വാണീടുവാൻ
ദണ്ഡമെന്നിയേ കല്പിച്ചു തമ്പുരാൻ
വേണ്ടുന്നതെല്ലാം സാധിച്ചുകൊള്ളുവാൻ
വേണ്ടുന്ന വരവും തന്നു ഞങ്ങൾക്കു. 4

പിന്നെയീമരത്തിന്റെ കനിയിത്തു്
തിന്നരുതെന്നു പ്രമാണം കല്പിച്ചു
ഈ വിധി കടന്നിക്കനി തിന്നുകിൽ
അപായ(വൃ?)മനവധി നാശവും. 5

ഇപ്പടി ദേവന്യായവിധികളും
കൽപ്പനപോലെ കാത്തിരിക്കുന്നിതു.
ഹാവായിങ്ങനെ ചൊന്നതിനുത്തരം
അവൾ സമ്മതിപ്പാനസുരേശനും. 6

വഞ്ചനയായ വഞ്ചതിവാക്കുകൾ
നെഞ്ചകം തെളിമാറുരചെയ്യുവൻ

www.TheCMSIndia.org

കണ്ട കായ്കനിയുണ്ടുകൊണ്ടിങ്ങനെ
കുണ്ഠരായ് നിങ്ങൾ വാഴ്‌വതഴകിതോ. 7

സാരമായ കനി ഭുജിച്ചീടാതെ
സാരഹീന ഫലങ്ങളും ഭക്ഷിച്ചു
നേരറിയാതെ സാരരഹിതരായ്
പാരിൽ മൃഗസമാനമെന്തിങ്ങനെ. 8

എത്ര വിസ്മയമായ കനിയിതു്
ഭദ്രമല്ലെൻെറ വാക്കെന്നറിഞ്ഞാലും
നന്മയും ശുഭമേറിയ കായ്കനി
തിന്മാനും രുചിയുണ്ടതിനേററവും. 9

ഭാഗ്യമായ കനിയിതു തിന്മുവാൻ
യോഗ്യരോ നിങ്ങളെന്നറിഞ്ഞില്ല ഞാൻ
അററമില്ലിതുതിന്നാലിതിൻ ഗുണം
കൊററവക്കറിയാമെന്നതേ വേണ്ടു. 10

ദിവ്യമായ കനിയിതു തിന്മുകിൽ
ദേവന സമമായ്‌വരും നിങ്ങളും
ആയതുകൊണ്ടു ദേവൻ വിരോധിച്ചു
ആയുപായത്തെട്ടിപ്പു ഗ്രഹിച്ചു ഞാൻ. 11

സ്നേഹം നിങ്ങളെയുണ്ടെന്നതു കൊണ്ടു
മഹാസാരരഹസ്യം പറഞ്ഞു ഞാൻ
ചൊന്ന സാരം ഗ്രഹിച്ചിതു തിന്മുകിൽ
വന്നിടും സർവ്വഭാഗ്യമറിഞ്ഞാലും. 12

CHRISTIAN MUSICOLOGICAL SOCIETY OF INDIA
www.TheCMSIndia.org

ദുഷ്ടനിഷ്ടം പറഞ്ഞതു കേട്ടവൾ
കഷ്ടമക്കനി തിന്നു പിഴച്ചഹൊ
നഷ്ടമായെന്നറിയാതെ പിന്നെയും
ഇഷ്ടഭക്ഷ്യമായ്നൽകി ഭർത്താവിനും. 13

നേരെ ചൊന്നവൾ നിന്നു പറയുന്ന
നേരം മോഹവികാരം കലർന്നവൻ
ഹാവ്വാതങ്കൽ മനോദാഹമാകയാൽ
അവൾക്കിമ്പം വരുവതിന്നാദവും. 14

ദേവകല്പന ശങ്കിച്ചിടാതവൻ
അവൾ ചൊന്നതു സമ്മതിച്ചക്കനി
തിന്നവൻ പിഴപെട്ടോരനന്തരം
പിന്നെയും ദേവഭ്രുതി ധരിച്ചില്ല. 15

മോഹദാഹം മനസ്സായിരിക്കുമ്പോൾ
മഹാകാരുണ്യദേവനതു കണ്ടു
താതൻ തന്റെ തനയരോടെന്നപോൽ
നീതിമാനഖിലേശപരൻ കോപിച്ചു. 16

ചെയ്ത ദോഷത്തിന്നുത്തരമപ്പൊഴേ
സുതാപത്തോടനുഭവിച്ചാരവർ
ആദം നീയെവിടെത്തന്നരുൾചെയ്ക
നാദം കേട്ടു കുലുങ്ങി പറുദീസാ. 17

CHRISTIAN MUSICOLOGICAL SOCIETY OF INDIA
www.TheCMSIndia.org

ആദവുമഴൽകേറിയ ഭാൎയ്യയും
ഭീതിപൂണ്ടു ഭ്രമിച്ചു വിറച്ചുടൻ
ദൈവകല്പനനാദങ്ങൾ കേട്ടപ്പോൾ
ദൈവികമുള്ളിൽ പുക്കടനാദവും 18

ദൈവന്യായം കടന്നതു ചിന്തിച്ചു
ദൈവമേ പിഴച്ചെന്നവൻ തേറിനാൻ
നാണമെന്തെന്നറിയാത്ത മാനുഷർ
നാണിച്ചു പത്രവസ്ത്രം ധരിച്ചുടൻ. 19

വൻപു മോഹിച്ചസുരനോടൊന്നിച്ചു
പാമ്പു മാനുഷരെ ചതി ചെയ്‌കയാൽ
പാമ്പിനെ സകലേശൻ ശപിച്ചുടൻ
വൻപക മാനുഷക്കാക്കി കല്പിച്ചു. 20

നിന്നുടെ വചനചതികൊണ്ടത്രേ
വന്നു മൎത്ത്യഗുണനാശദോഷവും
എന്നതുകൊണ്ടു മൎത്ത്യരിപുവെന്നു
എന്നുമേയറിവാനടയാളമായ്‌. 21

നിൻെറ വായാൽ വചനചതി കൊണ്ടു
നിൻെറ ദോഷം നിൻ വായിൽ വിഷമെന്നും
പൂണ്ടു മണ്ണിലിഴഞ്ഞു വലകെന്നും
കണ്ടവർ കൊല്ലുകെന്നും ശപിച്ചിതു. 22

സൎവ്വനാഥൻ ശപിച്ചരുൾചെയ്‌കയാൽ
സൎവ്വസജ്ജനം കൊല്ലുന്നു സൎപ്പത്തെ

CHRISTIAN MUSICOLOGICAL SOCIETY OF INDIA

www.TheCMSIndia.org

പാമ്പും പേയും പറഞ്ഞ വിശ്വാസത്താൽ
തമ്പുരാനെ ലംഘിച്ചു നരാദികൾ 23

തമ്പുരാൻ മുമ്പവർക്കു കൊടുത്തൊരു
വമ്പുകൾ പാരം നീക്കി വിധിച്ചിതു
പൈയ്യും ദാഹം ക്ഷമിക്കേണമെന്നതും
വിയർപ്പോടു പൊറുക്കേണമെന്നതും 24

വ്യാധിദുഃഖങ്ങളാൽ വലകെന്നതും
ആധിയോടു മരിക്കേണമെന്നതും
ഈററസങ്കടം കൊണ്ടു പ്രസൂതിയും
(ഏററം നാരിക്കു കല്പിച്ചു പ്രായശ്ചിത്തം)
ഏററമായുള്ള ദണ്ഡസമൂഹവും. 25

സർവ്വനാഥനെ ആദം മറക്കയാൽ
സർവ്വജന്തുക്കളും മറന്നാദത്തെ
സ്വൈരവാസത്തിൽ നിന്നവരെയുടൻ
ന്യായം കല്പിച്ചു തള്ളി സർവ്വേശ്വരൻ. 26

മൃഗതുല്യമവർ ചെയ്തു ദോഷത്താൽ
മൃഗവാസത്തിൽ വാഴുവാൻ യോഗമായ്
മുള്ളുകൾ ഭൂമി തന്നിൽ മുളച്ചിതു
കള്ളക്കാടും പരന്ന ധരിത്രിയിൽ. 27

ഇമ്പമോടു പിഴച്ചതിൻെറ ഫലം
മുമ്പിൽ കണ്ടു തുടങ്ങി പിതാക്കന്മാർ
നല്ലതെന്നറിഞ്ഞീടിലും നല്ലതിൽ
ചെല്ലുവാൻ മടി ഭാവിച്ചു മാനസേ. 28

---

വലയത്തിനകത്തു ചേർത്തിരിക്കുന്ന വരി ഗ്രന്ഥത്തിൽ കൂടുതലായി കാണുന്നതാണു്

CHRISTIAN MUSICOLOGICAL SOCIETY OF INDIA
www.TheCMSIndia.org

തിന്മ ചെയ്തവർ തിന്മയിലായപ്പോൾ
നന്മപോയതിനാൽ താപിച്ചോരാവും
ഉള്ള നന്മയറിഞ്ഞിടുവാൻ പണി
ഉള്ള തിന്മയറിയായ്‌വാനും പണി 29

ആശ്രുഭത്തിലെ വിരസം കണ്ടവർ
ആശു മുങ്ങീതു ദുഃഖസമുദ്രത്തിൽ
വീണു താണതിൽ ഭീതിമഹാധിയാൽ
കേണപജയം നണ്ണി കരയുന്നു. 30

ജന്മപൂരിത കല്പിച്ച നന്മകൾ
ദുർമ്മോഹംകൊണ്ടശേഷം കളഞ്ഞല്ലോ
നല്ല കായ്‌കനി തോന്നിയതൊട്ടുമേ
നല്ലതല്ലതു ദോഷമനവധി. 31

സ്വാമി തന്നുടെ പ്രധാന കല്പന
ദുർമ്മോഹത്തിനാൽ ലംഘനം ചെയ്തു
കഷ്ടമെത്രയും സ്വർല്ലോകനാഥനെ
ദുഷ്ടരായ നാം മറന്നതെങ്ങനെ. 32

സ്വതദേഹവും തന്ന സ്രഷ്ടാവിനെ
എന്തുകൊണ്ടു നാം നിന്ദന ചെയ്തല്ലോ
ആപത്തെല്ലാം വരുത്തിച്ചമച്ചു നാം
താപവാരിയിൽ വീണു മുഴുകിയേ. 33

താഴ്ചയേറും കുഴിയതിൽ വീണു നാം
വീഴ്ചയാലടിനാശവും വന്നിതു

CHRISTIAN MUSICOLOGICAL SOCIETY OF INDIA
www.TheCMSIndia.org

സവ്വേശാ നിന്റെ കാരുണ്യശീതളം
സർവ്വതൃപ്തി സുഖം സകലത്തിനാം
ദേവാശിസ്സും ഞങ്ങൾക്ക കൃപയാൽ
ആ വിധിഹീനസംഭ്രമഃവദന. 40

അയ്യോ പാപം നിരന്തമഹത്താപമേ !
അയ്യോ ബുദ്ധിക്കന്ധത്താപം ദുർഭാഗ്യമേ
നിൻതൃക്കൈബലം രക്ഷിച്ചില്ലെങ്കിലോ
ഗതിയെന്നിയേ മുടിഞ്ഞു നാം സദാ. 41

കണ്ണുനീരും തൃക്കൺപാർത്തു നായകൻ
ത്രാണം കല്പിച്ചനുഗ്രഹിച്ചു പുനർ
സ്ത്രീവാസത്തിന്നു കേടു വന്നീടാതെ
സർപ്പത്തിനുടെ തല തകർത്തും. 42

ആ ദോഷത്തിന്റെ നാശമതേൾക്കാതെ
ആദത്തിന്നുടെ ജന്മനിഭൃതയാൽ
കറക്കൂടാതെ നിർമ്മലക (?ന്യക)
സർവ്വനാഥന ജനനിയായ്‌വരും. 43

പുത്രൻ തമ്പുരാൻ നരാവതാരത്തിൽ
ശത്രുദോഷവിനാശമൊഴിച്ചിടും
ദിവ്യവാക്കുകൾ കേട്ടോരനന്തരം
ഉൾവ്യാധിയൊഴിഞ്ഞാശ്വസിച്ചാരവർ. 44

രക്ഷയ്ക്കനന്തരം വരാതിരിപ്പാനായ്
ശിക്ഷയാംവണ്ണമിങ്ങനെ സന്തതം

CHRISTIAN MUSICOLOGICAL SOCIETY OF INDIA
www.TheCMSIndia.org

അവർകളുടെ കാലം കഴിഞ്ഞിട്ട്
അഃ ജയമൊഴികളും പ്രകാരങ്ങൾ. 45

മുമ്പിലാദത്തോടരുളിച്ചെയ്തപോൽ
തമ്പുരാൻ പിന്നെ ഔറാഹം തന്നോടും
ദാവീദാകുന്ന പുണ്യരാജനോടും
അവക്കാത്മജൻ മിശിഹായായ് വരും. 46

എന്നുള്ള ശുഭവാത്തയരുൾചെയ്തു
മനസ്സാശയുമേറെ വർദ്ധിപ്പിച്ചു
ശോകമാനസരായ മഹാജനം
ലോകനായകനെ സ്തുതിച്ചീടിനാർ. 47

ലോകൈകനാഥ ! സർവ്വദയാനിധേ !
ലോകരക്ഷയ്ക്കു വന്നുകൊള്ളേണമേ
മേഘം പെയ്യുമ്പോൾ മഞ്ഞതിലെങ്കിലും
ശീഘ്രം കൂടെ വരാഞ്ഞതിതെന്തയ്യോ. 48

ആകാശം പൊടിഞ്ഞിറങ്ങു രക്ഷക !
ആകെ നിൻ കൃപയല്ലാതെന്തു ഗതി
നീക്ക താമസം പാർക്കാതെ വേദന
പോക്കിക്കൊള്ളുക വേഗമെന്നാരവർ. 49

രണ്ടാം പാദം കഴിഞ്ഞു.

CHRISTIAN MUSICOLOGICAL SOCIETY OF INDIA

www.TheCMSIndia.org

പൊയ്പോയ ഗുണം ചിന്തിച്ചു ചിന്തിച്ചു
താപത്തിന്നു മറുകര കാണാതെ. 34

പേർത്തു പേർത്തു കരഞ്ഞവൻ മാനസേ
ഒത്തു ചിന്തിച്ചു പിന്നെ പലവിധം
ശിക്ഷ കല്പിച്ചു നന്മ കളഞ്ഞു നാം
രക്ഷയെയ്ക്കുന്നൊരുപായം നമുക്കിനി. 35

ഇഷ്ടവാരിധി സർവ്വൈകനാഥനെ
സാഷ്ടാംഗസ്തുതി ചെയ്തു സേവിക്കുന്നാം
അവിടെന്നിനി മംഗലമേ വരൂ
അവിടെ ദയാലാഭമാർഗ്ഗമുള്ളൂ. 36

പാപം ചെയ്തു നാമേറെ പീഡിക്കുന്നു
താപം നീക്കുക സർവ്വദയാനിധേ !
ഞായം കല്പിച്ചു ദൈവമേ നിന്നുടെ
ഞായം നിന്ദിച്ചു ഞങ്ങൾ ദുരാത്മാക്കൾ. 37

ന്യായലംഘനം കാരണം നിന്നുടെ
ന്യായശിക്ഷ തികയ്ക്കുമല്ലേ നായക !
കണ്ണില്ലാതെ പിഴക്കയാൽ ഞങ്ങൾക്കു
ദണ്ഡമിപ്പോൾ ഭവിച്ചു പലതരം. 38

ദണ്ഡത്തിൽ നിന്റെ തിരുവുള്ളക്കേടാൽ
ദണ്ഡമേറ്റം നമുക്കയ്യോ ദൈവമേ
ആർത്തരിയുന്നൊരാർത്തിയമർത്തുവാൻ
പേർത്തു നീയൊഴിഞ്ഞാരനുഗ്രഹാബ്ധി. 39

CHRISTIAN MUSICOLOGICAL SOCIETY OF INDIA

www.TheCMSIndia.org

## മൂന്നാം പാഠം

ഫാദർ സി കെ. മററം 1957 ആഗസ്റ്റിൽ പ്രസിദ്ധപ്പെടുത്തിയ അർണ്ണോസു പാതിരി എന്ന പുസ്തകത്തിൽ, പുത്തൻ പാന എന്ന പേരിൽ ഈ കൃതിയുടെ ചില ഭാഗങ്ങൾ പ്രസിദ്ധപ്പെടുത്തിക്കാണുന്നു. അതിൽ കണ്ട പാഠഭേദങ്ങൾ കൂടി ഇതിൽ ചേർത്തിരിക്കുന്നു.

പുഷ്പം മുമ്പേ[1] പിന്നെയുണ്ടാകും[2] ഫലം
വൃഷ്ടിക്കു മുമ്പിൽ മേഘമുണ്ടായ്വരും
സൂര്യാഗ്രേസരപ്രത്യൂഷനക്ഷത്രം
വരുന്നേരമഹസ്സുടക്കും ദ്രുതം. 1

കാലത്തിന്നുടെ മദ്ധ്യമടുത്തപ്പോൾ
ഭൂലോകത്തിന്നു രക്ഷയുദിപ്പാനായ്
വെളിച്ചമേറും നക്ഷത്രമെന്നപോൽ
തെളിവോടിങ്ങുദിച്ചു[3] കന്യാമണി. 2

വെന്ത ഭൂമിക്കു ശീതവർഷത്തിന്നായ്
അത്യന്തഗുണവാഹമേഘമിതു
ഉത്തമഫലം ഭൂവിന്നുണ്ടാകുവാൻ[4]
ചിത്തവാഗാരരൂപപുഷ്പമിതു.[5] 3

ദേവസൂര്യനുദിപ്പാനവനിയിൽ
ദേവാനുഗ്രഹസാരമുദിച്ചിതു;
രാജരാജൻ[6] ധരയെഴുന്നെള്ളുവാൻ
രാജസിംഹാസനം ചമയിച്ചിതു. 4

---

1. മുന്നമേ 2. പിന്നെയുണ്ടാം 3. തെളിവോടങ്ങു 4. പൂവിന്നു
5. മോഹനരൂപ 6. രാജരാജനിപ്പാരിലെഴുന്നള്ളാൻ രാജസിംഹാസനത്തെ നിർമ്മിച്ചിതു

www.TheCMSIndia.org

[1]രാജമുഷ്കരത്വത്തിന്നടുത്തൊരു
രാജധാനി പണി ചെയ്തു ശോഭയിൽ
സർവ്വദോഷത്താൽ വലയും മർത്ത്യരെ
[2]സർവ്വദോഷത്തരം ചെയ്തു രക്ഷിപ്പാൻ. 5

സർവ്വേശൻ നരനാവാൻ, ജനനിയായ്
സർവ്വനിർമ്മലകന്നി പിറന്നിതു
മാനുഷകുലരത്ന[3]ശ്രേഷ്ഠമിതു
തിന്മയററ ഗുണഗണശാലിനീ. 6

[4]സ്വർല്ലോകത്തിന്നപജയകാരണം
സ്വർല്ലോകത്തിന്നു [5]മാന്യമസ്ത്രീവരാ
കറയററ [6]നിർമ്മാല്യം ധരിച്ചവൾ
[7]കുറവിന്നു ധർമ്മങ്ങടെ ഭാജനം 7

ജനിച്ചന്നേ [8]സമ്പൂർണ്ണ(പ്ര?പ്രീ)തിപോലെ
മനോജ്ഞപ്രഭ വീശിത്തുടങ്ങിനാൾ
[9]പാപത്തിന്നുടെ നിഴലും തൊട്ടില്ല
[10]തമ്പുരാനിട്ട പുണ്യമെല്ലാമുണ്ട്. 8

ജന്മദോഷനിഴൽ പോലും തീണ്ടാതെ
നന്മയിൽ മുളച്ചുണ്ടായ നിർമ്മല

---

1. രാജവൈഭവത്തിന്നടുത്തൊരു 2. സർവ്വദോഷമകററി രക്ഷിച്ചീടാൻ
3. ശ്രേഷ്ഠരത്ന 4. ദ്യർല്ലോക 5. മാന്യയാം സ്ത്രീമണി
6. നൈർമ്മല്യം 7. നിറവുള്ള 8. ചന്ദ്രൻ 9. പാപത്തിൻ നിഴൽ പോലുമേ 10. നിഷ്ഠ

www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

റൂഹാദക്കുദിശായവളെയുടൻ
മഹാസ്നേഹത്താലലങ്കരിച്ചിതു. 9

ആത്മാവിന്നുടെ സാമർത്ഥ്യമായവ
സമ്മതിച്ചുകൊടുത്തു പ്രിയത്താലേ[1]
മാലാകമാർക്കും[2] മാനുഷർക്കുമുള്ള
ആത്മപുഷ്ടിയിതിനോടൊത്തു വരാ. 10

പുത്രൻതമ്പുരാനു ജനനിയാവാൻ
മത്ത്യരത്നത്തെ[3] ഭരിച്ചു കയ്യെല്ലാണ്ടു
വാവാ[4] പുത്രിയിവളെന്നതുപോലെ
സർവ്വത്തെക്കാളുമേറെ സ്നേഹിച്ചിതു. 11

മാലാകമാരിൽ[5] പ്രധാനികളവർ[6]
വേലയ്ക്കു നില്പോരനേറെയാഗ്രഹിച്ചു
ഗബ്രിയേലിനെ[7] തമ്പുരാൻ കല്പിച്ചു
സന്നിധിയാം മറിയത്തെക്കാപ്പാനായ് 12

സർവ്വശ്രുതരുമാദരിപ്പാനായി
മറിയമെന്നൊരു നാമധേയമിതു
ത്രിലോകത്തിലും പൂജ്യമാം നാമത്തെ
കല്പിച്ചു പേരുമിട്ടു സർവ്വേശ്വരൻ. 13

ജനിച്ചുന്നു[8] തികഞ്ഞു[9] ബുദ്ധിപ്രഭാ
മാനസത്തെ നടത്തും യഥോചിതം

---

1. പ്രിയത്തോടെ 2. മാലാഖ 3. മർത്ത്യജന്മത്തെ 4. ബാവ 5. മാലാഖ
6. മുഖ്യന്മാരായവർ 7. ഗൗറിയേലിനെ 8. ജനിച്ചെന്നേ 9. തികഞ്ഞ

www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

അന്നപേക്ഷക്കലൊക്കീത്രു തമ്പുരാൻ
അങ്ങേക്കിഷ്ടമതിങ്ങേ പ്രമാണമാം. 14

ബുദ്ധി ധ്യാനവും ചിത്തരസങ്ങളും
പ്രധാനമുന്നമിച്ചിക്കും സന്തതം
ഭൂലോകംപ്രതിയിപ്പയെൎക്കലും
ഉള്ളിൽ പൂകാതെ വാണു തപസ്സ്വിനി. 15

മൂന്നു വയസ്സിൻകാലം തികഞ്ഞപ്പോൾ[1]
അന്നെറുശലം[2] പള്ളിയിൽ പാൎത്തവൾ
പിതാക്കന്മാരെ ചിന്തിക്കാതെ സദാ
ശാസ്ത്രത്തിങ്കലുറപ്പിച്ചു മാനസം. 16

അല്പഭക്ഷണം വേദജപം തവ
എപ്പോഴുമിവ വൃത്തികളായതു്
ഉറക്കത്തിലും മനസ്സും ബുദ്ധിയും
ഉറക്കത്തിൻെറ സുഖമറിയാതെ 17

ദേവമംഗലം ചിന്തിച്ചും സ്നേഹിച്ചും
ജീവിതം കഴിച്ചീടുമാറായതു.
പുണ്യാവാസത്തിൽ മാലാഖമാരുടെ
ശ്രേണി നിയതം കന്നിയെ സേവിക്കും. 18

ശാസ്ത്രത്തിന്നുടെ പൊരുൾ തിരിച്ചിട്ടും
ഉത്തരലോകവാൎത്തയറിയിക്കും

1. കഴിഞ്ഞപ്പോൾ 2. അന്നെറോശലം

www.TheCMSIndia.org

ആദത്തിന്നുടെ ദോഷമൊഴിപ്പാനായ്
യൂദജന്മത്തിൽ ജനിപ്പാൻ തമ്പുരാൻ. 19

കല്പിച്ച കാലമൊട്ടതികഞ്ഞിതു
തമ്പുരാനെയിഭൂമിയിൽ കാണ്മതി
നപായമത്രേ വന്നിവയെന്നതും
മുമ്പിൽ ദിവ്യന്മാരോടരുൾചെയ്കപോൽ. 20

സത്യവാൎത്തകളറിയിക്കും വിദ്യാ
ചേതസി ദാഹമുജ്ജ്വലിക്കും സദാ
ശക്തിയേറിയ തീയിലനന്തരം
ഘൃതം വീഴ്ത്തിയാൽ കത്തുമതുപോലെ. 21

വന്നരുളുക ദൈവമേ താമസം
നീങ്ങുവാനനുഗ്രഹിക്ക സത്വരം
ഗുണമൊന്നും നീയല്ലാതെയില്ലല്ലോ
പുണ്യം കൂട്ടുവാൻ വന്നരുളീടുക. 22

പ്രാണാപ്രാണൻ നീ സൎവ്വമംഗല്യമേ!
പ്രാണേശാ! എന്നെ വന്നാശ്വസിപ്പിക്ക;
കണ്ണിന്നു വെളിവിനിക്കു നീ തന്നെ
ഘൃണയാലിരുൾ പോവാനരുളിക്ക നീ. 23

പണ്ടു കാരണം ചെയ്തതു പോക്കുവാൻ
കണ്ടു നിന്നെ ഞാൻ വന്ദിച്ചുകൊള്ളുവാൻ;

CHRISTIAN MUSICOLOGICAL SOCIETY OF INDIA
www.TheCMSIndia.org

ഭാഗ്യത്തിന്നുടെ യോഗ്യമുണ്ടാകുമോ
അഗതിക്കു സഹായമുണ്ടാകിലോ. 24

അന്നെനിക്കുള്ള ദാഹം വിനാശമാം
അന്നു തല്പരഭാഗ്യം വേണ്ടാ ഭുവി;
നീയിഭൂമിയിൽ ജനിച്ചുകൊള്ളുകിൽ
പ്രിയത്താലപ്പോൾ ദാസിയമ്മയ്ക്കു ഞാൻ. 25

കൂലി വേണ്ട സമ്മാനവും ചെയ്യേണ്ടാ
വേലയെല്ലാമേക്കുമാളു ഞാൻ നിശ്ചയം;
നിന്നെ കാപ്പാനും നിന്നെയെടുപ്പാനും
എന്നിലേതും മടിയില്ല ദൈവമേ! 26

ഉറങ്ങുന്നേരം നിന്നെ ദയവോടെ
ഉറങ്ങാതെ ഞാൻ കാത്തുകൊണ്ടീടുവൻ
ഉറക്കത്തിന്നു ഭംഗം വരുത്താതെ;
വെറുപ്പിക്കാതിരിക്കും തൃക്കാൽക്കൽ ഞാൻ. 27

തൃക്കാൽമായത്തിൽ പരിഭവിക്കാതെ
ഭക്തിയോടു ഞാൻ മുത്തുമത്തുന്നേരം;
ഉണന്നിട്ടില്ലയൊക്കെയും സാധിപ്പാൻ
തണുപ്പിച്ചീടും ചൂടുള്ള കാലത്തു. 28

ശീതം പോക്കുവാൻ കുളുന്നിരിക്കുമ്പോൾ
ഒത്തപോൽ ദാസിയായിരിക്കുന്നുണ്ടു്;

CHRISTIAN MUSICOLOGICAL SOCIETY OF INDIA

www.TheCMSIndia.org

നടപ്പാൻ കുഞ്ഞിന്നുകാലില്ലാക്കുമ്പോൾ
പിടിച്ചുണ്ണിയെ നടത്തിക്കൊള്ളുവാൻ. 29

പ്രേമത്തിന്നുടെ കരിടദൈവമേ-
യെൻമനോരസമുജ്ജ്വലിക്കുന്നിതു;
കന്യകാരത്നമിങ്ങനെ ചിന്തിച്ചു
പിന്നെ തന്നിൽ വിചാരിച്ചുറപ്പിച്ചു. 30

ഇക്കൃമിയായ ഞാനിതു ചിന്തിച്ചാൽ
ഇക്ക്റിയകൾക്കു യോഗ്യമിനിക്കുണ്ടോ;
നീയനന്തസകലഗുണാംബുധി
നീയഖിലപ്രഭുസർവ്വമുഷ്കരൻ. 31

ഒൻപതു വൃന്ദം മാലാഖമാർ നിന്റെ
മുമ്പിലാദരിച്ചെപ്പോഴും നില്ക്കുന്നു;
ദേവി! നിന്നുടെ ശുശ്രൂഷയ്ക്കാസ്തരായ്
സേവിച്ചങ്ങവർ നിന്നു സ്തുതിക്കുന്നു. 32

മൺപാത്രം കിഴിഞ്ഞുള്ളവൾ ഞാനല്ലോ
ഇപ്രകാരം ഞാനെന്തു മോഹിക്കുന്നു;
കാരുണ്യത്തിന്റെ വിസ്മയത്താലെ നീ
പരിപൂർണ്ണമിനിക്കു വരുത്തുക. 33

സൂര്യരൂപത്തെ നോക്കുമതുപോലെ
ദൂരെയെങ്കിലും കണ്ടാവൂ നിൻപ്രഭ;

www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

ഈവണ്ണം നിത്യം മാനസേ ചിന്തിച്ചു
ദേവാനുഗ്രഹം പാൎത്തീടും കന്യക. 34

അന്യഭാവമുണ്ടാകരുതെന്നുമേ
മാനസത്തിലുറച്ചിതു നിശ്ചലം;
മാംസമോഹങ്ങളൊക്കയറുത്തവൾ
കന്യത്വം നേൎന്നു സൎവ്വേശസാക്ഷിണീ. 35

പന്തിരണ്ടു വയസ്സു തികഞ്ഞപ്പോൾ
ഭൎത്താവാരിവൾക്കെന്നു നിരൂപിച്ചു;
വിവാഹംചെയ്വാ കന്നിക്ക പുത്രനായ്
ദേവൻ ജനിപ്പാൻ കല്പിച്ചകാരണം 36

സ്ത്രീവൎഗ്ഗമെല്ലാം വേൾക്കേണമെന്നതും
പൂൎവ്വകല്പനയായതറിഞ്ഞാലും;
ഈവണ്ണം നരജന്മത്തിലാരുമേ
ഭൂമീങ്കലുണ്ടായില്ലെന്നു നിശ്ചയം. 37

രൂപസൗന്ദൎയ്യം മഹാവിരക്തിയും
ഉപേക്ഷാപേക്ഷാസുക്രമനീതിയും;
ദേവസേവയും ശാസ്ത്രവിജ്ഞാനവും
ഇവയിങ്ങനെ കണ്ടവരാരൊള്ളു. 38

ഇക്കന്നിയുടെ മുഖത്തു നോക്കുമ്പോൾ
ശങ്കാചാരങ്ങൾ പറഞ്ഞുകൂടുമോ

www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

ദേവിയില്ലെന്നു ശാസ്ത്രത്തിൽ കണ്ടു നാം
ഇവരം ദേവിയെന്നോൎത്തു രൂപാമല്ലെങ്കിൽ. 39

ഇവൎക്കു തുണയാകുവാൻ യോഗ്യനെ
ദ്ദ്യോവിൽനിന്നിങ്ങു വരുത്തിക്കൊൾകയാ;
പട്ടക്കാരരിതിങ്ങനെ നണ്ണുമ്പോൾ
കൂട്ടന്നില്ല വിചാരത്തിൽ ചഞ്ചലം. 40

ദേവഭാവമന്വേഷിക്കവേണ്ടതും
നിവ്വൈഷമ്യമുറച്ചുവച്ചു സദാ;
ദേവധ്യാനസ്ഥലമതിലേവരും
ദേവസേവധ്യാനംചെയ്തുപേക്ഷിച്ചു. 41

ദേവൻതാനറിയിച്ചിതു വാൎത്തകൾ
ദസവകരറിടത്തൗവണ്ണം കല്പിച്ചു
വിവാഹംചെയ്യാതുള്ള പുരുഷന്മാർ
വിവാഹത്തിന്നു പള്ളിയിൽ കൂട്ടവാൻ. 42

കൈവടിയാൽ വരുവാനറിയിച്ചു
കൈവടിയുമെടുത്തുകൊണ്ടാരവർ;
കല്പിച്ചു പോലെ വേഗം പുറപ്പെട്ടു
ശില്പമായൊക്കെ ഭൂഷണവേഷത്തിൽ. 43

വന്നു പള്ളിയകംപുക്കനന്തരം
പിന്നാലെ വന്നു ധന്യനവുമേപ്പും

www.TheCMSIndia.org

ചില്ലരുഷ്നാ കൈവടിയില്ലാഞ്ഞു
കോപിച്ചു പട്ടക്കാരനയാളോട്. 44

ദേവഭക്തൻ മനോഭീതി പൂണ്ടതപ്പോം
കൈവടിയൊന്നു നല്കിയൊരു സഖി
മർത്ത്യരാജനാം പുണ്യന്റെ കയ്യതിൽ
ചേർത്ത ദണ്ഡു വരണ്ടതറിഞ്ഞാലും. 45

പുണ്യശാലയിൽ കൈവടി വച്ചുടൻ
വീണ്ടു കമ്പിട്ടപേക്ഷിച്ചു സാധ്യമായ്
കന്യകയിനിക്കാകേണം ഭാര്യയായ്
എന്നപേക്ഷിച്ചു പാലകരെല്ലാരും. 46

കന്യതാക്ഷയം വാരാതിരിപ്പാനായ്
ധന്യനാമവുസേപ്പുമപേക്ഷിച്ചു
ഒട്ടുനേരം കഴിഞ്ഞോരനന്തരം
എടുത്തു വടി നോക്കിയ നേരത്തു. 47

ആശ്ചര്യമൊരു പുഷ്പമായാവടി
പച്ച വച്ചു കളുത്തു ചിത്രമഹോ!
ശാഖയും നല്ല പത്രവും ചിത്രമായ്
ശാഖതന്മേലിറങ്ങീതു റൂഹായും. 48

ബന്ധുല്ലാവരും നോക്കിയ നേരത്തു
പുണ്യവാനവുസേപ്പെന്നറിഞ്ഞുടൻ
ദാവീദിന്നുടെ രാജജന്മമുള്ള
സുവിനീതനവുസേപ്പു കന്യകേ! 49

CHRISTIAN MUSICOLOGICAL SOCIETY OF INDIA

അക്കാലം യൂദന്മാർ മരിയാദയ്ക്കു
തക്കപോലെ വിവാഹ(വും?മതും) ചെയ്തു
ഭാര്യയ്ക്കുള്ള മുഖപ്രഭ നോക്കുമ്പോൾ
സൂര്യൻപോലെ തെളിഞ്ഞു വിളങ്ങുന്നു. 50

പുണ്യഭാവമുദിച്ചു ശോഭിക്കുന്നു
ഗുണത്തിന്നു ചെലുത്തീട്ടും മാനസം
ആയത്തുകൊണ്ടവുസേപ്പു ഭാഗ്യവാൻ
ഭാര്യയുംകൊണ്ടു പോയി നസറായിൽ. 51

മൂന്നാം പാഠം കഴിഞ്ഞു.

## നാലാം പാഠം

ഉമ്മ കന്യക നസ്രായിൽ[1] ചോയപ്പോൾ
നന്മയും[2] ഗുണവൃത്തി തപസ്സിന്നു[3]
തുമ്പമേതും വരുത്താതെ നിഷ്ഠയാൽ[4]
മുമ്പിൽ പള്ളിയിൽ പാർത്തിരിക്കുംവണ്ണം. 1

സ്വാമിതന്നുടെ ഇഷ്ടമതുപോലെ
ശ്രമിച്ചു പുണ്യഭർത്താവും താനുമായ്
ഏകമാനസാൽ[5] ദേവകാര്യത്തിന്നു
സങ്കല്പിച്ചു പുറപ്പെട്ടു[6] സന്തതം. 2

ഒട്ടൊഴിയാതെ ധർമ്മഗുണത്തിന്നു[7]
കൂടെ ക്ലേശിച്ചു വിഘ്നം വന്നീടാതെ

---

1. നസ്രസിൽ 2. നന്മയ്ക്കും 3. തപസ്സിന്നും 4. നിഷ്ഠയായ്
5. പുണ്യ 6. പുറപ്പെട്ടിരുവരും 7. ഗുണത്തിന്നും

www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

അവർകളുടെ മംഗലവൃത്തിയെ
നാവിനാൽ പറഞ്ഞൊപ്പിച്ചുകൂടുമോ?. 3

ഔസേപ്പു ശുദ്ധപൂർണ്ണനദിയെങ്കിൽ
[1] അസ്ത്രീരത്നമബ്ധിയോടുപമിക്കാം
[2] ഈയാറു മുഖ്യതകൊണ്ടദ്രിയെങ്കിലോ
[3] ആയമ്മാ മലമുകളെന്നു നൂനം. 4

മാണിക്കംകൊണ്ടി[4]യാറു പൊന്നെന്നാകിലോ
മണിനായകക്കല്ലീയമ്മ തന്നെ
ഭൂതലത്തിലും [5]തൽഭുവനത്തിലും
[6] ഇസ്ത്രീരത്നത്തോടൊപ്പമില്ലാരുമേ. 5

സൃഷ്ടിചെയ്ത[7] കർത്താവിന്റെ മുഖ്യതു
സൃഷ്ടിമുഖ്യമിതേറെ സ്തുതിക്കുന്നു
സന്നിധികളാ[8]വ്യാപ്തമലംകൃതം
തമ്പുരാന്റെ ഇരിപ്പിന്നു പാത്ര[9]മാം. 6

എന്നു തോന്നിയ സമ[10]യേ തമ്പുരാൻ
തന്നുടെ [11]മനുഷ്യത്തെ അയച്ചിതു
കന്യകയുടെ സമ്മതം കേട്ടിട്ട്
കന്യക്ക സൂനുവാകുവാൻ തമ്പുരാൻ 7

---

1. ആ സ്ത്രീരത്നം സമുദ്രമെന്നാതിടാം 2 ആയാറു 3. അംബികാ മലതൻ മുകളാസ്സുരം 4. കൊണ്ടയാറു 5. സ്വർഭുവനത്തിലും
6. ആ സ്ത്രീരത്ന 7. ചെയ്ത 8. കളാൽവ്യാപ്തം 9. പാത്രമായ്
10 നേരത്ത് 11. മനിഷ്യത്തെയയച്ചിതു, ദൂതൻ തന്നെയയച്ചിതു.

www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

ഭൃത്യത്തി[1]ന്നുടെ യോഗ്യ[2]മെനിക്കുണ്ടോ
ദൂതരിൽ ബഹുമാന്യനെക്കല്പിച്ചു
രാത്രി പാതിചെന്നെത്തിയനേരമാം[3]
[4]ഭൃത്യമദ്ധ്യാനയുക്തയുമ്മാ[5]യുമാം. 8

രഹസ്യാ നമസ്കാരം ചെയ്യുന്നേപ്പോൾ
മഹാഭക്തനാം ഗബ്രിയേൽ മാലാക[6]
സ്വനാഥയിതെന്നെത്രയും ഭക്തിയാൽ
[7]ചെന്നപേക്ഷിച്ചു കുമ്പിട്ടുണർത്തിനാൻ. 9

“സ്വ[8]ത്വം നിന്നിൽ സർവേശാതിരുവുള്ളം
[9]ദത്തമാഗുണംകൊണ്ടു നിറഞ്ഞോളെ!
നിന്നോടുകൂടെ നാഥനാം തമ്പുരാൻ
നീ [10]നാരികളിലാശീർ[11]വാദപ്പെട്ടും.” 10

ഇത്യാദി വാക്കുകേട്ടുടൻ കന്യകാ
അത്യന്തം [12]പരിഭ്രമിച്ചു ശങ്കിച്ചു
[13]സ്തുതിരൂപമാം വാക്കിതെന്തിങ്ങനെ
ചിന്തിച്ചു മഹാ[14]വിചാരം പൂണ്ടുടൻ. 11

മാനസത്തിലേ ശങ്ക കാണുംവിധൗ
വന്ന ദൂതനുണർത്തിച്ചതു നേരം

---

1. ഭൃത്യത്തിന്നേറെ 2 യോഗ്യതയുള്ളോരു 3. നേരമായ്
4. ഉത്തമധ്യാന 5. ഉമ്മായുമായ് 6, മാലാഖ 7. ചെന്നു വന്ദിച്ചു
8. സ്വസ്തി 9. ദത്തമാം 10. വധുക്കളിൽ 11, പ്പെട്ടു
12. സംഭ്രമിച്ചു ശങ്കാകുല 13. സ്തുതി 14. സംശയം

www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

“ചിന്ത നീക്ക[1] മറിയം പേടിക്കേണ്ട
തമ്പുരാന്റെ പ്രസാദം നിനക്കുണ്ട്. 12

നിനക്കുദരേ ഗർഭമുണ്ടാസ്സുതം
സൂനവേ പ്രസവിക്കുമനന്തരം
അവനെ ‘ഈശോ’[2] നാമം വിളിക്കേണം
ഭുവനങ്ങളിൽ വലിയവനാകും. 13

[3]ഏകാര(ഏകര)പ്പെട്ടവന്ന [4]പുത്രനവൻ
സകലേശനനന്തദയാപരൻ
ജനക[5]നായ ദാവീദുരാജന്റെ
തനയ, നീയാം വാഴും സിംഹാസനേ. 14

യാക്കോ തന്നുടെ ജന്മത്തിൽ വാണിടും
[6]അക്കാലന്തമിതിന്നന്തവും [7]വരാ”
അന്നേരമരുളിച്ചെയ്തു കന്യക
എങ്ങനെ ഭവിച്ചീടുമിതൊക്കവേ. 15

പുരുഷസംഗമറിയുന്നില്ല ഞാൻ
നരസമ്മോഹവൃത്ത്യാശ[8]റിവില്ല
നിർമ്മലനായ സർവ്വേശസാക്ഷിണീ
നിർമ്മലകന്യാവ്രതവും നേർന്നു ഞാൻ. 16

---

1. നീക്കിൻ 2. പേർ നീ 3. ഏകനത്യുന്നതന്റ 4. പുത്രനിവൻ
5. ജനകനാകും 6. നീക്കമില്ലിതി 7. വന്നിടാ
8. പ്രത്യാശയില്ല മേ

www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

ഇത്തരമുണൎത്തിച്ചിതു മാലാക
തത്വമായ വചനങ്ങൾ പിന്നെയും
റൂഹാദക്കുദീശായിറങ്ങും നിന്നിൽ
സിംഹാസനമയാൾക്കു നീയാകുമേ. 17

പൂൎവ്വഭ്രുതമാം വിസ്മയവൃത്തിയെ
നിൻവയററിൽ ജനിച്ചീടും സുപ്രജാ
കന്യാത്വത്തിന്നു ക്ഷയമുണ്ടാകാതെ
കന്യകേ! ദേവമാതാവാകും നീയേ! 18

ആലാഹാപുത്രൻ നിന്മകനായ്വരും
അലസി നരക്കായാളൊഴിച്ചീടും
എന്നു തന്നെയുമല്ല വിശേഷിച്ചും
നിന്നുടെയിളയമ്മയാമേലിശ. 19

വൃദ്ധതപുക്കിരിപ്പതറിവല്ലോ
വാൎദ്ധക്യത്തിങ്കൽ ഗൎഭം ധരിച്ചിട്ടു്
മാസമാറായി മച്ചി പേരെങ്കിലും
അസാദ്ധ്യകാൎയ്യം സൎവ്വേശനില്ലല്ലോ. 20

മാലാഖായിതുണൎത്തിച്ചതു നേരം
കാലം വൈകാതെ കന്നിയരുൾചെയ്തു
ദേവന്നു ദാസിയാകുന്നു ഞാനിതു
ദേവനിഷ്ടംപോലെയെനിക്കാകട്ടെ. 21

അമ്പൊടിങ്ങനെ കന്യക ചൊന്നപ്പോൾ
തമ്പുരാൻ റൂഹാ കന്യാമണിയുടെ

www.TheCMSIndia.org

ഉദരത്തിലതിശുദ്ധശോഭാരയാൽ
സ്വദേഹം നിർമ്മിച്ചുണ്ടാക്കി സത്വരം. 22

സർവ്വജ്ഞബോധം നിറഞ്ഞോരാത്മാവിനെ
സർവ്വേശൻ നിർമ്മിച്ചാദേഹ പൂജിച്ചു
പുത്രൻ തമ്പുരാൻ കന്യാമണിയുടെ
പുത്രനായിങ്ങെടുത്തു മനോസുഖം. 23

പുത്രൻ തമ്പുരാൻ രണ്ടുമെടുത്തപ്പോൾ
പുത്രരായ നരാദിയെ രക്ഷിപ്പാൻ
ദേവമർത്ത്യസ്വഭാവമെടുത്തിങ്ങു
ദേവൻ മാനുഷനായിയാളിങ്ങനെ. 24

സ്വാദയവോടിളയുമ്മേക്കാണ്മാനായ്
സ്വാദേവമാതൃകന്യക യാത്രയായ്
ശ്ലീലാപവ്വതം കടന്നെഴുന്നെള്ളി
ശ്ലീലാചന്തയിൽ കേറി ഗൃഹം പുക്കു. 25

അമ്മ കന്നിയിളയമ്മേ കണ്ടുടൻ
ശ്ലോമ്മ ചൊല്ലിയണച്ചു തഴുകിയാൾ
സ്വത്വം ചൊന്നതു കേട്ടോരെലിശുബാ
സന്തതം പരിപൂർണ്ണത പ്രാപിച്ചു. 26

റൂഹാദക്കുദിശായുമന്നേരം
രഹസ്യവിധമെല്ലാമറിയിച്ചു
സത്യമെലീശാഗർഭത്തിലെ പ്രജാ
അന്ത്യന്തം തെളിഞ്ഞാടിച്ചാടിക്കൊണ്ടാ. 27

CHRISTIAN MUSICOLOGICAL SOCIETY OF INDIA

www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

കന്നിതന്നുദരത്തിലെ നാഥനെ
വന്ദിച്ചേലിശാ തൻ പ്രജേ കുമ്പിട്ട
ഈശോനാഥനാം കന്യുദരഫലം
ആശീവ്വാദം കൊടുത്തു യോഹന്നാന്. 28

ശുദ്ധമാക്കിയുദരത്തിൽ വച്ചു താൻ
സ്നിഗ്ധഭൃത്യനെ സവ്വദയാപരൻ
അന്നേരം കന്നിതന്നെയെലിശ്ശുവാ
വന്ദിച്ചാദരവോടവൾ ചൊല്ലിനാൾ. 29

നീ വസ്ത്രക്കളിലാശീവ്വാദപ്പെട്ട്
നിൻവയററിലെ പ്രജയ്ക്കാശീവ്വാദം
എൻെറ നാഥനെ മാതാവായുള്ളവൾ
എന്നെക്കാണ്മതിന്നായെഴുന്നെള്ളുവാൻ 30

എനിക്കു യോഗ്യമുണ്ടായതെങ്ങനെ
നിനക്കുള്ളൊരു പ്രിയമിതായതോ
നിന്നോടു നാഥൻ കല്പിച്ചവയെല്ലാം
നിന്നിലങ്ങു തികഞ്ഞീടും നിർണ്ണയം. 31

വിശ്വസിച്ച നിനക്കു ഭാഗ്യമഹോ
വിശ്വാസം നരജാതിക്കു പോക്കി നീ
നിൻ നാദമെൻെറ കണ്ണത്തിൽ കൊണ്ടുടൻ
എന്നുള്ളിൽ പ്രജ ചാടി സന്തോഷിച്ചു. 32

അന്നേരം ദേവമാതാവരുൾചെയ്തു
എന്നുടെ ജീവൻ ദേവാംസ്തുതിക്കുന്നു

www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA



എന്നുടെ ആത്മം സത്യം സർവ്വേശനിൽ
ആനന്ദം ധരിച്ചേററ സ്തുതിക്കുന്നു. 33

തന്നിക്കുള്ള ദാസിയുടെ കാഴ്ച്ചയെ
അനുഗ്രഹമായി തൃക്കൺപാർത്തമൂലം
എന്നതുകൊണ്ടു ഭാഗ്യമിനിക്കിന്നു
ജന്മംതോറും പറയുമെല്ലാവരും. 34

മുഷ്ക്കരനെന്നെ സല്കരിച്ചേററവും
ശ്രേഷ്ഠത്വമങ്ങേനാമമതുപോലെ
നിർമ്മലൻ തന്നെ പേടിയുള്ളോർകളെ
ജന്മംതോറുമങ്ങേയ്ക്കുണ്ടനുഗ്രഹം. 35

തൻതൃക്കൈബലമങ്ങൊന്നെടുത്തുടൻ
ചിതറിച്ചലങ്കാരമുള്ളോർകളെ
മുഷ്ക്കരന്മാരെ താഴ്ത്തി താണോർകളെ
സല്കരിച്ചങ്ങിരുത്തി സർവ്വേശ്വരൻ. 36

ദാഹമുള്ളോൎക്ക സമ്പൂർണ്ണം നല്കി. താൻ
മഹാദുഷ്ടൎക്ക ശൂന്യം വരുത്തിനാൻ.
മുമ്പറിവാളരോടരുളിച്ചെയ്തു പോൽ
തമ്പുരാൻ തന്റെ വിശ്വാസഭക്തനാം 37

ദാസനാമിസ്രായേലെ പാലിപ്പാൻ
അന്തമില്ലാത്ത തന്റെ ദയാവിനാൽ
സന്തതിയായി വന്നു ജനിച്ചു താൻ
ഇസ്തുതി ചൊല്ലിയേററം തെളിഞ്ഞുമ്മ. 38

www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

സത്വരമിദ്ദയമ്മയോടൊന്നിച്ചു
പല നാരം ക്രൂടെ പാർത്താളവിടത്തിൽ
ഫലമേററമതിനാലുണ്ടായതു
സൂര്യനാലിരുരം നീക്കിതെളിഞ്ഞുപോം. 39

തീയടുക്കയാൽ ശീതമകന്നുപോം
എന്നതുപോലെ ജന്മദോഷത്തിരുരം
നീക്കി സൂര്യനാലുമ്മായുദരത്തിൽ
യോഹന്നാനിൽ നിറച്ചിതു റൂഹായും.

സ്നേഹമാതാ സുതന്റെ ശക്തിയാൽ
* * * * * * * * * * * 41
ആവീട്ടിലുള്ള ശീതളം നീക്കീട്ടു
ദേവപ്രിയപ്രകാരമുദിപ്പിച്ചു. 41

സ്വന്നിധിയവിടത്തിലിരിക്കുമ്പോരം
എന്നാലാവീട്ടിൽ ദാരിദ്ര്യമുണ്ടാമോ?
മൂന്നു മാസമവിടെയിരുന്നിട്ടു
കന്യത്വാലയം പ്രതിയെഴുന്നെള്ളി. 42

അക്കൻ മേഘത്തിൽ പുക്കിരിക്കും വിധൗ
പ്രകാശമതിനുണ്ടാകുമെന്ന പോൽ.
സൂര്യൻ പോലെ മനോഹരശോഭയും
പരം ക്രൂടാതൊരുദരവൃത്തിയും. 43

ഉമ്മാതന്നിലേ ലക്ഷണം കാണായി
ക്രമത്താലെ പ്രജ വളന്നങ്ങനെ

www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

ഭാര്യതന്നുടെ ലക്ഷണം കണ്ടിട്ടു
ഭർത്താവിന്നുള്ളിലുണ്ടായി ചഞ്ചലം. 44

വൃത്തിദോഷം വിചാരിപ്പതിനൊന്നും
ഹേതു കണ്ടില്ല പുണ്യതേ കണ്ടൊള്ളു
എന്തവകാശമിങ്ങനെ കണ്ടതു
ചിന്തിച്ചാലതിനന്തവും കണ്ടില്ല. 45

നിർമ്മലവ്രതം ഞാനാമെൻ ഭാര്യയും
കർമ്മദോഷമോ എന്തിതു ദൈവമേ
ഗർഭമെന്നതു നിശ്ചയമെങ്കിലോ
കീർത്തിഹീനം വരുത്താതെകണ്ടിനി. 46

ഭാര്യതന്നെയുപേക്ഷിക്കേണമെന്നു
ധൈര്യമുള്ളിലുറച്ചിതു താപസൻ
പുണ്യവാന്റെ മനസ്സിലെ വേദന
തണുപ്പിപ്പാൻ ദയാപരൻ കല്പിച്ചു. 47

മാലാഖയുമന്നേരമയാളോടു
കാലം വൈകാതെ ചൊല്ലി സുവാർത്തകൾ
സംഗതിയില്ല പത്നിയെ ശങ്കിപ്പാൻ
മംഗലഭാര്യ പാലിക്ക സാദരം. 48

ഗർഭം സർവ്വേശകൃപയാലെന്നറി
നിർഭയം നീക്കി സന്തോഷിച്ചീടുക.
പുത്രനെ പെറും നിർമ്മലകന്യക
സുതനെയീശോ നാമം വിളിക്കണം. 49

www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

ദോഷത്താലുള്ള കേടുകൾ തീൎത്തീടും
രക്ഷിക്കുമയാൾ തനിക്കുള്ളോൎക്കളെ
ദിവ്യവാക്കുകൾ കേട്ടോരനന്തരം
ഉൾവ്യാധിയൊഴിഞ്ഞാനന്ദിച്ചാനയാൾ. 50

വന്ന ഭാൎയ്യയെ കുമ്പിട്ടു പുണ്യവാൻ
തനിക്കുണ്ടായ ശങ്കയും കേൾപ്പിച്ചു
ദൈവമാതാവോടുള്ളഴിവോടയാൾ
സേവിച്ചെന്റെ പിഴ നീ പൊറുക്കെന്നു. 51

ഉള്ളിലാധിയൊഴിഞ്ഞാറെ തന്നുടെ
ഉള്ളിലുള്ള സന്തോഷവും കേൾപ്പിച്ചു.
പുണ്യവാളൻ പറഞ്ഞതുകേട്ടപ്പോൾ
പുണ്യവാരിധി കന്ന്യയരുൾചെയ്തു. 52

ഭൎത്താവിന്നുള്ള ഭീതിയറിഞ്ഞു ഞാൻ
ചിന്തയും കണ്ടു ഭാവവികാരത്താൽ
ദേവനാലുള്ള ഗൎഭമിതെങ്കിലോ
ദേവൻതാൻ അറിയിച്ചീടും സത്വരം 53

എന്നുറച്ചു ഞാൻ പാൎത്തിരിക്കും വിധൗ
തീൎന്നു സംശയമങ്ങേക്കരുണയാൽ
എന്നമ്മാ ബഹുകാരുണ്ണ്യഭക്തിയാൽ
മാന്ന്യനാം പതിയോടരുളിച്ചെയ്തു. 54

അന്നുതൊട്ടിയാളെത്രയും ഭക്തിയാൽ
കന്ന്യകരത്നത്തെ പരിപാലിച്ചു

www.TheCMSIndia.org

സ്തുതിമാസമട്ടക്കൎന്താരുമ്മാ
ചിത്താപേക്ഷകളേറെ വൎദ്ധിപ്പിച്ചു. 55

ഒളിച്ചീടേണ്ട മൽപ്രിയദൈവമേ
വെളിച്ചത്തുടൻ വന്നരുളീടുക
എണ്ണും മാസം ദിനം പ്രതി നാഴിക
കണ്ണിൽ കാണാഞ്ഞുഴറുന്നു മാനസം. 56

തൽക്ഷണം മഹായുഗമെന്നു തോന്നും.
കാൽക്ഷണമിളവില്ലാതപേക്ഷയും
സുസാദ്ധ്യത്തോടുമ്മാ പാൎത്തിരിക്കുമ്പോൾ
പ്രസവത്തിന്നു കാലമടുത്തിതു. 57

(സൎവ്വേശ്വരായ നമഃ)

നാലാം പാദം കഴിഞ്ഞു

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

## അഞ്ചാം പാദം

വമ്പനാഷം[1] സോസ്റ്റർ മഹാരാജൻ
കല്പിച്ചു തന്റെ ലോകരെയെണ്ണുവാൻ
നൂതനം തലക്കാണവും വാങ്ങിച്ചു
സാധനത്തിലെഴുതേണം ലോകരെ.

ജന്മമായ നഗരിയിൽ കൂട്ടുവാൻ
തന്മഹീപതി[2] കല്പിച്ചറിയിച്ചു
ദാവീദുരാജപുത്രനവുസേപ്പും[3]
ദേവമാതാവും ദാവീദുഗോത്രികൾ.

താതൻ ദാവീദുരാജാവു വാണതു
ബേതലേംതന്നിലെന്നതുകാരണം[4]
പോകണമവർ ബേതലേം ചന്തയിൽ[5]
സ്കലേശവിധിയുമതുപോലെ.

ഉമ്മായുമവുസേപ്പുമെഴുന്നെള്ളി
ജന്മഭൂമിയവക്കെത്തീടത്താലും
ബേതലേം പുക്കു രാജവിധിപോലെ
ബേതലേം[6] ചന്തയാകെ നടന്നവർ.

ഇരിപ്പാനൊരു വീടു തിരഞ്ഞാറെ
ആരും കൈയ്യെക്കൊണ്ടില്ലാനരമുഖ്യരെ
മൂഷ്കരന്മാർക്കു നൽകി ഭവനങ്ങൾ
സല്ക്കരിച്ചു കൊടുക്കുന്നവരെല്ലാം

---

1 വമ്പനാഗസ്റ്റോസ് കേസർ 2 അമ്മഹീപതി
3 ദാവീദുരാജൻ 4. 5. 6. ബസ്ലഹം.

www.TheCMSIndia.org

ഇവരെത്രയും നിർദ്ധനരാകയാൽ
ആവാസത്തിന്നു സ്ഥലമില്ലാഞ്ഞാറെ
ശ്രേഷ്ഠനാഥയ്ക്കു[1] യോഗ്യവിയോഗത്താൽ
ഗോഷ്ഠാനത്തിലിറങ്ങിപ്പാർത്താരവർ.

വില്ലഞ്ചവിംശതി ഞായർ വാസരേ
സ്വപ്നം ഭൂമിയിൽ വ്യാപിച്ച കാലത്തിൽ
തിന്മയാലുള്ള താപങ്ങൾ നീക്കുവാൻ
ഭൂമിക്കാനന്ദത്തിന്നുടെ കാരണ്ണാൽ

ഉത്തമധ്യാനം പൂണ്ടൊരു കന്യക
പുത്രദർശനമേറെയിഷ്ടിച്ചപ്പോൾ
ഇപ്രകാരങ്ങൾ കണ്ടൊരു നേരത്തു
ക്ഷിപ്രമൗസേപ്പുതാനും പുറപ്പെട്ടു

തൽക്ഷണമൊരു നാരിയെ തേടുവാൻ
കാൽക്ഷണം കളയാതെ നടന്നുടൻ
വ്യഥനങ്ങളു നടന്നു ചെല്ലുന്നേരം
നിർദ്ധനയാമെബ്രായക്കാരത്തി

എന്നൊരു സ്ത്രീയവന്നുടെ മുന്നില്
വന്നു നിന്നുടൻ ചോദിച്ചിതാദരാൽ
എന്തുകൊണ്ടഹോ! മാർഗ്ഗമദ്ധ്യേയിപ്പോൾ
ചിന്തയോടു പുറപ്പെട്ടു സത്വരം

എന്നവൾ ചൊന്നനേരമൗസേപ്പും
ചെന്ന കാരണമെല്ലാം പറഞ്ഞവൻ

---

1 പ്രസൂതീകാലമായ്

CHRISTIAN MUSICOLOGICAL SOCIETY OF INDIA
www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

ശീഘ്രം കൂടെ പുറപ്പെട്ടു സ്ത്രീയവൾ
വ്യഗ്രം കൈവിട്ടു ചെല്ലുന്ന നേരത്തു;

രാത്രി പാതി കഴിഞ്ഞൊരനന്തരം
ചിത്രമെത്രയും നീങ്ങിയിരുട്ടുകൾ
മനോജ്ഞനൊരു സൂര്യോപമനായി
കന്യാപുത്രൻ ഭൂപാലൻ പിറന്നിതു.

ശങ്ക കൂടാതെ ഗോക്കളും വ്യാഘ്രവും
വൻകരടി(യും)സിംഹങ്ങളൊക്കവേ
വൈരമെല്ലാം വെടിഞ്ഞവർ തന്നുടെ
വരനെക്കണ്ടു വന്ദിച്ചു നില്ക്കുന്നു.

പക്ഷിജാലങ്ങളൊക്കെപ്പറന്നവ-
നാക്ഷണംതന്നെ കണ്ടു സ്തുതിക്കുന്നു.
ചൊൽപ്പെരിയോൻെറ രശ്മിയൊരിക്കലും
തല്പരന്നുടെ വിസ്മയം കണ്ടിട്ടു

കണ്ണിൽക്കാണാത്ത കാഴ്ച്ചകൾ കണ്ടുണ്ണി
തന്നെയങ്ങു വണങ്ങിയവർകളും
പിന്നെ സ്ത്രീയവളമ്മായെക്കണ്ടുടൻ
കന്യാതപത്തിന്നൊരന്തരമെന്നിയേ

പെററതെത്രയും വിസ്മയമെന്നവർ
ഉററു ചൊല്ലി വണങ്ങിയ നേരത്തു
കൊററവൻതാൻ ബോധിപ്പിച്ചു നിന്നെയും
തെററു വന്നീടാനന്നു നിൻബുദ്ധിയും

www.TheCMSIndia.org

എന്നമ്മായരുൾചെയ്തു യാത്രയാക്കി
അന്നവർ മാർഗ്ഗമദ്ധ്യ ഗമിക്കുമ്പോൾ
ചാലോമ്മാന്നൊരു നാരിയെക്കണ്ടവൾ
എന്നുടെ സഖിയെന്തു പറവതു.

ഇന്നു ഞാനൊന്നൊരു വിസ്മയം കണ്ടഹോ
കണ്ടിട്ടുള്ളൊരു കേളിയുമില്ലല്ലോ
കന്യാത്വക്ഷയം വാരാത കന്യക
ഊനം കൂടാതെ പെററു സവിസ്മയം.

കല്പിക്ക ഭേദം വാരാതെ ആദിത്യൻ
കല്പിതന്നിൽ കടക്കമതുപോലെ
ഉദരത്തിന്നു ഭംഗം വരുത്താതെ
മേദിനിയിലിറങ്ങി സർവ്വപ്രഭു.

സൂതിദുഃഖങ്ങളമ്മായറിയാതെ
പുത്രനെ പുരോഭാഗത്തിൽ കണ്ടുടൻ
ഇക്കഥ കേട്ട ചാലോമ്മ ചൊല്ലിനാൾ
ഭോഷ്കെന്നോട്ട പറയേണ്ട നീ വൃഥാ.

ഭദ്രമല്ല പറഞ്ഞതു നീയിപ്പോൾ
ആ സ്ത്രീതന്നുടെയന്തികെ പോക നാം
ഇങ്ങനെയവർ തമ്മിൽ പറഞ്ഞുടൻ
അങ്ങുചെന്നമ്മാ തന്നുടെ സന്നിധൌ

കണ്ടു ബോധിപ്പാൻ ബുദ്ധിക്കപാരായ്ക്കയാൽ
കണ്ടു ചഞ്ചലം നിന്നിലിതെങ്കിലോ

www.TheCMSIndia.org

ആണ്ടവൻ ദ്രോഹമെന്നു പറഞ്ഞുമ്മാ

... ... ... ... ... ...

നാരികളുടെ വ്രതം ഗ്രഹിപ്പതി-
നല്പരെങ്കിലുമുണ്ടല്ലൊപായവും
എന്നുടെ കരം കൊണ്ടിന്നു നിന്നുടെ
കന്യാസ്വവ്രതം സൂക്ഷിച്ചീടുകിൽ;

എന്നുടെ മതി തന്നിൽ മതിവരും
എന്നുമേയതിനില്ലൊരു സംശയം
എങ്കിൽ നിന്മനംപോലെ നീ ചെയ്തുകൊൾ
ശങ്ക നീക്കെടോ നിന്നുടെ ബുദ്ധിയിൽ.

കരം മെല്ലെയണച്ചൊരു നേരത്തു
കരം ശീഘ്രമെരിഞ്ഞു തുടങ്ങിനാൻ
കൈ കളഞ്ഞു കപടശീലത്തിനാൽ
മെയ്യും കൂടെ ദഹിക്കുമെന്നോർത്തിട്ടു;

സത്യം സത്യമസത്യം ഞാൻ ചൊന്നതും
സത്യമാതാവേയെന്നെ രക്ഷിച്ചുകൊൾ
അത്തൽ ദ്രോഹമതിനെനിക്കൊരുമേ
ഇസ്ഥലത്തിലുമെങ്ങുമേയില്ലല്ലോ.

ആത്തെരിയുന്നൊരെന്നുടെ ശുദ്ധിയും
ചിത്തതാപവും പോക്കേണം തായേ നീ
തീക്ക തീക്കെടോ തീക്കണം തീക്കാഞ്ഞാൽ
തീക്കുമെന്നുടെ ദേഹവും ദേഹിയും.

തൃക്കൺപാർത്തുമ്മാ തീക്കേണ്ടതൊക്കെയും
തൃക്കൈകൊണ്ടു തീർത്തീടുവാൻ കല്പിച്ചു

CHRISTIAN MUSICOLOGICAL SOCIETY OF INDIA

www.TheCMSIndia.org

തൃക്കാലും മുത്തി തൃക്കൈബലം ചെയ്തു
ആനന്ദമോടെ ധരിച്ചെടുത്തുണ്ണിയെ

ഉണ്ണിനായക! നിന്നുടെ മാതാവെ
കണ്ണുകാണായ്കകൊണ്ടു പരീക്ഷിച്ചേൻ
ചൊന്നതെല്ലാം ഗ്രഹിച്ചിതു സുപ്രജ
തന്നപാംഗിയുടെ സർവ്വമാം ആത്മാവും;

അശേഷം രക്ഷ നല്കി പരസ്പരം
നാശം നീക്കി വസിച്ചെല്ലാരുമായി
ഘോരരക്ഷകരും കണ്ടുടനമ്മായും
പാരം ഭക്തി സ്മരിച്ചെല്ലാരുമായി.

ഉള്ളകത്തു കൊള്ളാത്തുള്ള സന്തോഷാൽ
പിള്ളതന്നെയെടുത്തുമ്മാ ഭക്തിയാൽ
ആദരിച്ചു തൃക്കാൽ മുത്തി ബാലനെ
സ്നേഹസാധനം മാനസേ പൂജിച്ചു.

ദേവമർത്ത്യനായ്വന്നു പിറന്നൊരു
ദൈവബാലനെ മാത്തു കൊണ്ടാടിയാൾ
ആട്ടകൾക്കിടയരുടെ സഞ്ചയം
ആടുകൾ മേച്ചിരുന്ന സമയത്തിൽ:

ആ ജനം മഹാശോഭ കണ്ടക്ഷണം
രജനിയിലീവെളിവെന്തിങ്ങനെ
പകച്ചു മഹാപേടിയും പൂണ്ടവൻ
ആകാശത്തിലെ[1] വികാരകാരണം.

---

1 ആകാശത്തിൽ വികാരമുണ്ടാകയാൽ.

CHRISTIAN MUSICOLOGICAL SOCIETY OF INDIA

www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

മാലാഖാ[1]യുമിറങ്ങിയവരോടു
കാലം വൈകാതെ സംഭ്രമം നീക്കുവിൻ
ഭീതിക്കിപ്പോളവകാശമില്ലല്ലോ
സന്തോഷത്തിന്റെ കാലമിതായതു.

അത്യന്തോത്സവം പൂണ്ടു കൊണ്ടാടുവിൻ
സത്യവേധാവു വന്നു പിറന്നിതു
രക്ഷിതാവു നിങ്ങൾക്കു ഭവിച്ചയാൾ
അക്ഷിഗോചരനായീടുമപ്രള.

ദാവീദിന്നുടെ നഗരേ ചെല്ലുവിൻ
ഞാൻ പറഞ്ഞപോലുണ്ണിയെക്കണ്ടിടും
അസോറനെന്ന ചീലയും ചുററിച്ചു
അസാരമേതനെ ഗോഷ്ഠാനം തന്നിലേ.

തൃണത്തിന്മേൽ കിടത്തിയ ബാലനെ
കാണുവിൻ നിങ്ങൾ ത്രിലോകേശനയാൾ
ഈവണ്ണം ചൊല്ലിക്കൂടിയാർ തൽക്ഷണം
ദിവ്യന്മാർ വന്നുകൂടീ സംഖ്യാവിനു.

ഉന്നതത്തിലിരിക്കുന്ന ദേവനും
നിരന്തസ്തുതി സർവ്വലോകത്തിലും
സുമനസ്സുള്ള ഭൂമീജനത്തിന്നും
മമയാനുകൂല്യമുണ്ടായീടുക.

---

1 മാലാഖാവസൂവരോടു ചൊല്ലിനാൻ

www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

ഇത്ത്യാദി ബഹുസുന്ദരഭാഷയാൽ
സത്യദേവധാവിൻ മാതാവരുളിയാൾ
അന്തോനാദേവപാദവും വന്ദിച്ചു
സന്തോഷിച്ചു ഗമനം ചെയ്താരവർ.

ഇടയന്മാരും നേരം കളയാതെ
ഓടിച്ചെന്നവരുണ്ണിയെക്കണ്ടുടൻ
മുട്ടുകുത്തി വന്ദിച്ചു തിരുമേനി
സാഷ്ടാംഗം നമസ്കാരവും ചെയ്തവർ;

"ഇടയർ ഞങ്ങളെന്നു വരികിലും
ആട്ടുകൾ നിനക്കില്ലെലും ബാലക!
ആട്ടുകൾ ഞങ്ങൾ രക്ഷിക്കുമെന്നപോൽ
ഇടയോൻ നീയെങ്ങളെപ്പാലിക്ക.

കണ്ണിന്നിവിടെ ദുർബ്ബലനെങ്കിലും
ഉണ്ണി നീ തന്നെ സർവ്വേശനല്ലോ
ദീനനെന്നു തോന്നുകിലും നായക!
ആദേവനത്രേ നീയെന്നു വിശ്വാസം

നിൻമുമ്പിലൊന്നണത്തിച്ചു കൊള്ളുവാൻ
സാമർത്ഥ്യം ഞങ്ങൾക്കില്ലെന്നറിഞ്ഞാലും
ഉപേക്ഷിക്കാതെ കൈക്കൊണ്ടു ഞങ്ങളെ
നീ പാലിക്കേണം സർവ്വദയാനിധേ!"

ഇതു ചൊല്ലി സ്തുതിച്ചു തൃക്കാൽ മുത്ത്
സന്തോഷത്തോടു പോയാരവർകളും

www.TheCMSIndia.org

എട്ടു നാൾ കഴിഞ്ഞതന്നു വരുഗീസും
ഇട്ടു നാമവുമീശോ വിളിച്ചിത്തു.

അന്നു മുതൽ ഭൂമിയുടെ രക്ഷയ്ക്കു
തൻ തിരുമേനി ചിന്തി തിരുരക്തം.
ഈശോ നാമാൎത്ഥം രക്ഷകനെന്നതും
നിശ്ചയിച്ചു വരുത്തി പരമാൎത്ഥം.

ഈ നാമത്തിനാലന്നു മുതൽ ഭയം
മാനസേ പൂണ്ടു ദുൎഗ്ഗതി വാസികൾ
ഇതിനാൽ പരലോകപുണ്യജനം
അത്യന്തസുഖം പ്രാപിച്ചു നിശ്ചയം.

സൎവ്വനാഥനെ ഭൂമിയിൽ കാട്ടുവാൻ
പൂൎവ്വദൃഷ്ടശോഭാന്വിതനക്ഷത്രം
കിഴക്കിൽ നിന്നുദിച്ചു പുറപ്പെട്ടു
കീഴിൽ കാണാത്ത സാരകരശ്മിയാൽ.

മൂന്നുലോകേശരാജപ്രസൂതിയെ
മൂന്നു രാജാക്കൾ ബോധിച്ചാരന്നേരം
സൎവ്വബാലപ്രജയെന്നു ബുദ്ധിയാൽ
കീഴ്‌വഴങ്ങണമെന്നു ഞായവശാൽ.

ഗാഗയം കുന്തിരിക്കവും മൂരുളും
വേഗം കാഴ്ചയും കൊണ്ടു പുറപ്പെട്ടു
നക്ഷത്രം വഴി കാട്ടീതു ശോഭയിൽ
സൂക്ഷ്മത്തോടു നടന്നു രാജാക്കന്മാർ.

www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

പ്രാപിച്ചങ്ങവരെറുശലംപുരെ
അപ്പോഴന്തരനക്ഷത്രം മാഞ്ഞുപോയ്
പകച്ചു പ്രഭുവൃന്ദമത്തുനേരം
ലോകനാഥനെ ചോദിച്ചന്വേഷിച്ചു.

ഹേറോദേശത്തു കേട്ടതിസംഭ്രമാൽ
ഏറെക്കോപിച്ചു ശങ്കിച്ചു ദുർജ്ജനം
ഏറെ ശാസ്ത്രികളെ വരുത്തീടിനാൻ
... ... ... ... ... .. ... ... ...

ആ ജനത്തോടു ചോദിച്ചവനപ്പോൾ
രാജരാജനാമുണ്ണിസുവാർത്തകൾ
നമ്മുടെ നാടടക്കുവാൻ ജന്മിയായ്
ഇമ്മഹീശൻ പിറവിയെവിടത്തിൽ.

ശാസ്ത്രം സിദ്ധമറിഞ്ഞവർ ചൊല്ലുവിൻ
നേത്രഗോചരവന്ദനചെയ്യേണം
ശാസ്ത്രക്കാരതു കേട്ടു വിചാരിച്ചു
ശാസ്ത്രസാക്ഷിയിൽ കണ്ടതുണർത്തിച്ചു.

ഇക്ഷിതാവായ ദാവീദിൻ പുത്രനായ്
രക്ഷിപ്പാൻ വേദല മിശിഹാ വരും
നിർമ്മലകന്യാസ്ത്രീസുതനായിട്ടു
നിർമ്മലനാഥൻ താൻ പിറന്നീടുമേ.

ശാസ്ത്രക്കാരിതു ചൊന്നതു കേട്ടാറെ
മാത്രനേരം വിചാരിച്ചു ചൊന്നവൻ
ദുർജ്ജനത്തെ വന്ദിപ്പാൻ മനസ്സെങ്കിൽ
ഇജ്ജനത്തിന്നു വന്ദിച്ചു കൊള്ളുവാൻ

പോക നിങ്ങളന്വേഷിച്ചു കണ്ടിട്ടു
പോകുമ്പോൾ വന്നിങ്ങെന്നോടു ചൊല്ലേണം

www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

എട്ടു നാൾ കഴിഞ്ഞതന്നു വരുഗീസ്സും
ഇട്ടു നാമവുമീശോ വിളിച്ചിതു.

അന്നു മുതൽ ഭൂമിയുടെ രക്ഷയ്ക്കു
തൻ തിരുമേനി ചിന്തി തിരുരക്തം.
ഈശോ നാമാൎത്ഥം രക്ഷകനെന്നതും
നിശ്ചയിച്ചു വരുത്തി പരമാൎത്ഥം.

ഈ നാമത്തിനാലന്നു മുതൽ ഭയം
മാനസേ പൂണ്ടു ദുൎഗ്ഗതി വാസികൾ
ഇതിനാൽ പരലോകപുണ്യജനം
അത്യന്തസുഖം പ്രാപിച്ചു നിശ്ചയം.

സൎവ്വനാഥനെ ഭൂമിയിൽ കാട്ടുവാൻ
പൂർവ്വദൃഷ്ടശോഭാനചിതനക്ഷത്രം
കിഴക്കിൽ നിന്നുദിച്ചു പുറപ്പെട്ടു
കീഴിൽ കാണാത്ത സാരകരശ്മിയാൽ.

മൂന്നുലോകേശരാജപ്രസൂതിയെ
മൂന്നു രാജാക്കൾ ബോധിച്ചാരന്നേരം
സൎവ്വബാലപ്രജയെന്നു ബുദ്ധിയാൽ
കീഴ്വഴങ്ങണമെന്നു ന്യായവശാൽ.

ഗാഗയം കുന്തിരിക്കവും മൂരുളും
വേഗം കാഴ്ചയും കൊണ്ടു പുറപ്പെട്ടു
നക്ഷത്രം വഴി കാട്ടീതു ശോഭയിൽ
സൂക്ഷ്മത്തോടു നടന്നു രാജാക്കന്മാർ.

www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

പ്രാപിച്ചങ്ങവരെറുശലംപുരെ
അപ്പൊഴന്തരനക്ഷത്രം മാഞ്ഞുപോയ്
പകച്ചു പ്രഭുവൃന്ദമത്തുനേരം
ലോകനാഥനെ ചോദിച്ചന്വേഷിച്ചു.

ഹേറോദേശത്തു കേട്ടതിസംഭ്രമാൽ
ഏറെക്കോപിച്ചു ശങ്കിച്ചു ദുർജ്ജനം
ഏറെ ശാസ്ത്രികളെ വരുത്തീടിനാൻ
... ... ... ... ... .. ... ... ...

ആ ജനത്തോടു ചോദിച്ചവനപ്പോൾ
രാജരാജനാമുണ്ണിസുവാർത്തകൾ
നമ്മുടെ നാടടക്കുവാൻ ജന്മിയായ്
ഇമ്മഹീശൻ പിറവിയെവിടത്തിൽ.

ശാസ്ത്രം സിദ്ധമറിഞ്ഞവർ ചൊല്ലുവിൻ
നേത്രഗോചരവന്ദനചെയ്യേണം
ശാസ്ത്രക്കാരതു കേട്ടു വിചാരിച്ചു
ശാസ്ത്രസാക്ഷിയിൽ കണ്ടതുണർത്തിച്ചു.

ഇക്ഷിതാവായ ദാവീദിൻ പുത്രനായ്
രക്ഷിപ്പാൻ വേദല മിശിഹാ വരും
നിർമ്മലകന്യാസ്ത്രീസുതനായിട്ടു
നിർമ്മലനാഥൻ താൻ പിറന്നീടുമേ.

ശാസ്ത്രക്കാരിതു ചൊന്നതു കേട്ടാറെ
മാത്രനേരം വിചാരിച്ചു ചൊന്നവൻ
ദുർജ്ജനത്തെ വന്ദിപ്പാൻ മനസ്സെങ്കിൽ
ഇജ്ജനത്തിന്നു വന്ദിച്ചു കൊള്ളുവാൻ

പോക നിങ്ങളന്വേഷിച്ചു കണ്ടിട്ടു
പോകുമ്പോൾ വന്നിങ്ങെന്നോടു ചൊല്ലേണം

www.TheCMSIndia.org

ആയതുകേട്ട കുജസ്ത്രീരാജാക്കൾ
ആയവിടേന്നു വേഗം നടകൊണ്ടു.

പൂർവ്വനക്ഷത്രം പിന്നെയും കണ്ടുടൻ
ഉൾവ്യാധിയകററി സന്തോഷിച്ചിതു
ബേദല നഗരിയുടെയന്തികെ
ആധാരം തൊഴുത്തിൻമീതെ നിന്നുടൻ.

തൊഴുക്കൂട്ടിൽ പുകിന്നു രാജാക്കന്മാർ
തൊഴുതാദരവോടവർ നിന്നുടൻ
രാജരാജനായുള്ളൊരു ബാലനെ
രാജാക്കൾ ഭക്ത്യാ സൂക്ഷിച്ചു നോക്കിനാർ.

ആനനം നല്ല പ്രതാപദൃഷ്ടിയും
മേനി സൂര്യനെത്തോല്പിക്കും ശോഭയും
സർവ്വലക്ഷണമെല്ലാം തികഞ്ഞൊരു
സർവ്വബാലനെ ബാലകനുണ്ണിയെ

കണ്ടു കൊണ്ടാടി നിന്നാനന്ദിച്ചവർ
വീണ്ടും സാഷ്ടാംഗം വീണു സ്തുതിചെയ്തു
കാണിയ്ക്കയവർ വച്ചു തിരുമുമ്പിൽ
സ്വർണ്ണം നല്ല കുന്തിരിക്കമെന്നതും

മരത്തിൻപയമൂരുള്ളമെന്നിവ
പരൻമുമ്പിൽ സുവിശ്വാസസാക്ഷിയ്ക്കു
രാജസമ്മതം പൊന്നും കുന്തിരിക്കം
രാജരാജനാം ദേവനീയാളെന്നും

മാനുഷനെന്നും മരിക്കുമെന്നതും
തനുവിൽ ക്ഷയഹീനവും മൂന്നിവ

www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

ഉറച്ചെന്നതിനടയാളമവർ
മൂന്നുംകാഴ്ച കൊടുത്തു ഭക്തിയോടെ.

കന്തിരിക്കത്താൽ വിശ്വാസമെന്നതും
പിന്നെ മൂരുളാൽ സുപ്രതീക്ഷാഗുണം
പൊന്നിനാൽ സർവ്വനായകസ്നേഹവും
ചിഹ്നത്തിലിവ കാഴ്ചവച്ചാരവർ.

ഇക്കാലും മൂത്തി യാത്രയുണർത്തിച്ചു
അകക്കാമ്പു തെളിഞ്ഞു പിരിഞ്ഞവർ
പോകുന്നേരം ഹെറോദേശറിയാതെ
പോകണമെന്നു ദിവ്യനറിയിച്ചു.

തൽക്കാരണത്താലന്യമാർഗ്ഗമവർ
സ്വർല്ലോകംപ്രതി പോയവർ സാദരം
നാല്പതാം ദിനമട്ടത്ത കാലത്തു
സ്വപുത്രനെ യറുശലേം പള്ളിയിൽ

വാവാ തമ്പുരാൻമുമ്പിൽ കന്യാമണി
സ്വഭക്തിയോടു കാഴ്ചയായ് നല്കിനാൾ
അന്നേരം വയസ്സേറിയ ശേമയോൻ
വന്നജ്ഞാനദൃശം ബഹുദർശനം

പാർത്തു കണ്ടുതാൻ ബാലകമുഖ്യത
ചിത്തസമ്മതം വന്ദിച്ചു ചൊല്ലിനാൻ
"ഭൂനരന്മാർക്കിരുട്ടുകൾ നീക്കുവാൻ
ഭൂനരനായി വന്ന ദയാപരാ!

ഭേലകരിസറായേൽപ്പെരിമക്കും
എല്ലാം ഭൂമിക്ക പ്രത്യക്ഷമാക്കുവാൻ

www.TheCMSIndia.org

വെളിവായെന്റെ കണ്ണുകൾ കാങ്കയാൽ
വെളിവൊക്കെയും നീയല്ലോ ദൈവമേ.

വെളിവു നിന്റെ ലോകൎക്കു നൽകുവാൻ
വെളിവോടിങ്ങു വന്ന സൎവ്വപ്രഭു
ഇപ്പോൾ ദാസനെയാനുകൂല്യത്തോടു—
മെൻ പ്രഭോ യാത്രയാക്കിക്കൊള്ളുക നീ.

അമ്മയോടുടൻ ചൊല്ലി വയോധികൻ
നിന്മകനോ വിധോരതലക്ഷമാം
സൎവ്വൎക്കുമിയാളാലുണ്ടാം മംഗലം
പലൎക്കുമിയാളാൽ വരും നാശവും.

എന്നുടെ ചിത്തം ദുഃഖാദിലംഘനം
സങ്കടമേറെ ഭവിക്ക, നിൎണ്ണയം
പുണ്യസ്ത്രീയാമന്നായുമ്മായുമപ്പോൾ
ളുണ്ണത്തിന്നുടെ കാലമിതെന്നത്തും;

രക്ഷാനാഥനെഴുന്നള്ളിയെന്നത്തും
സാക്ഷിച്ചു റൂഘായായതറിയിച്ചു
കന്യകതാനുമുണ്ണിയേയും കൊണ്ടു
ധന്യനാമവുസേപ്പുമവിടേന്നു

... ... ... ... ... ... ... ... ...

കാലം വൈകാതെ പോയി നസാറായിൽ.

സർവ്വനായകനീവണ്ണം കല്പിച്ചു
സർവ്വേശ! വിധിപോലെ തികക്ക നീ
വൈരികൾ വരവിന്നു സമയമായ്
വരും മുമ്പേ നീ പോക മടിയാതെ.

www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

ഒളിക്ക പരദേശത്തിൽ ബാലനെ
വെളിച്ചത്തു വരുവാൻ സമയമാം
പിന്തിരിഞ്ഞിങ്ങു പോരുവാൻ കാലത്തിൽ
അരന്താന വിധി ഞാൻ വന്നറിയിക്കാം.

എന്നതിനാലെയൗസേപ്പുമമ്മായും
അന്നാവിടേന്നു വാങ്ങി റിസാറായിൽ
ഉണ്ണിയെപ്പരിപാലിച്ചവിടത്തിൽ
പുണ്യവൃത്തിയാൽ വാണു ചിരകാലം.

ഹെറോദേശപ്പോളുണ്ണിയെക്കാണാഞ്ഞു
ഏറെക്കോപിച്ചു ശങ്കിച്ചു ദുർജ്ജനം
മറെറാരു രാജനീഭൂമി വാഴുകിൽ
അററു രാജ്യം തന്ക്കെന്നു ബോധമായ്.

ശത്രുവാരെന്നറിയായ്ക്കകാരണം
ചിന്തിച്ചിട്ടുമുപായത്തെക്കണ്ടില്ല
എങ്കിലസ്സമയത്തിൽ പിറന്നോരെ-
യൊക്കെക്കൊല്ലണമെന്നു കല്പിച്ചവൻ.

ഒക്കെക്കൊന്നിട്ടും ത്രിലോകനാഥനു
സങ്കടം ഭവിച്ചില്ലിവയൊട്ടുമേ
ഹെറോദേശതിനത്തരം വീട്ടുവാൻ
അറപ്പാംവണ്ണം പുഴുത്തു ചത്തവൻ.

വർത്തമാനമതൊക്കെയും മാലാഖാ
യായൗസേപ്പിന്നു പ്രത്യക്ഷമാക്കിനാൻ
മെസറായിൽനിന്നമ്മയുമൗസേപ്പും
നസറായിൽ നാട്ടിൽ വന്നു പാർത്തുടൻ.

www.TheCMSIndia.org

പന്തീരാണ്ടു വയസ്സിൽ മിശിഹായും
അന്നെറോശലത്തുമ്മായും താനുമായ്
ചെന്നു പള്ളിയിൽ കുമ്പിട്ടനന്തരം
അന്നാഗലാകരിൽതാൻ മറഞ്ഞീടിനാർ.

കണ്ണുനീരാലെയൗസേപ്പുമുമ്മായും
ഉണ്ണിയെത്തിരഞ്ഞെങ്ങുമേ കണ്ടില്ല
കൂട്ടം തന്നിലും വീട്ടിലും നാട്ടിലും
കാട്ടിലും തിരഞ്ഞെങ്ങുമേ കാണാഞ്ഞു;

മൂന്നാം നാളുമ്മാതാനുമവുസേപ്പും
ചെന്നെറോശലം പള്ളിയിൽ താപത്താൽ
അന്നവിടത്തിൽ ശാസ്ത്രികളോടൊത്തു
ഉന്നതനായ ഉണ്ണി മിശിഹ താൻ;

ശാസ്ത്രയുക്തികൾ ചോദിച്ചും കേൾപ്പിച്ചും
ശാസ്ത്രികളൊക്കെ വിസ്മയമാകയും
അന്നേരമുമ്മാതാനുമവുസേപ്പും
ചെന്നു പുത്രനെക്കണ്ടു തെളിഞ്ഞുടൻ;

അന്നേരം മിശിഹായോടു ശാസ്ത്രികൾ
ചൊല്ലി നിന്റെ പിതാക്കളിതാരെന്നും
അന്നേരം സകലേശ്വരൻ കല്പിച്ചു
എന്നാലെന്റെ പിതാക്കളിതാരെന്നു;

ദേവനിഷ്ടരിനിക്കുടെയോരെന്നും
ദയവോടെന്റെ പിതാക്കളായെന്നും;
എന്നതു കേട്ടു വിസ്മയിച്ചെല്ലാരും
അന്നേരം സുതനോടുണർത്തിച്ചുമ്മാ

എന്തിതിങ്ങനെ പുത്ര നമ്മോടു നീ
എന്തിനിഷ്ടം നമ്മോടെന്നു ചൊല്ലുക

www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

നിന്നെയന്വേഷിച്ചേററം വലഞ്ഞു ഞാൻ
നിന്നെക്കണ്ടപ്പോളാശ്വാസം വന്നിതു.

എന്നമ്മാ ബഹുസന്തോഷഭക്തിയാൽ
ചൊന്നതു കേട്ടു പുത്രനരുൾചെയ്തു
സിദ്ധമായ ജനകൻെറ കാര്യങ്ങൾ
സാധിപ്പാൻ വിധിയെന്നറിഞ്ഞില്ലയോ.

സഞ്ജാതുവെന്നെയന്വേഷിക്കണമോ
ബുദ്ധിദ്ധ്യാനമുള്ളോർകൾക്ക കാണാകും
മിശിഹായിതരുൾചെയ്തനന്തരം
സംശയം പോക്കി കൂടെയെഴുന്നെള്ളി.

അവരൊ വഴക്കത്തോടു കൂടവേ
ആവാസം ചെയ്തു നസറാ സ്വപുരീ.

അഞ്ചാം പാദം കഴിഞ്ഞു.

## ആറാം പാദം

ത്രിംശതി തിരുവയസ്സു ചെന്നപ്പോൾ
മിശിഹാ സൗകർത്തുത്വമുദിപ്പാനും
സൂര്യൻതൻെറ വരവതറിയിപ്പാൻ
സൂര്യാഗ്രേ വരും നക്ഷത്രമെന്നപോൽ.

സ്വാമി തൻെറ വരവതറിയിപ്പാൻ
സ്വാമിഭക്തൻ മഹാമുനിശ്രേഷ്ഠനാം
യോഹന്നാൻ തപോമുഖ്യനെ കല്പിച്ചു
മഹാഭക്തനയാൾ വന്ന ദൂതനായ്.

www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

ദൈവരാജ്യം സാമീപ്യമാക്കുന്നതിൽ
ഭവ്യന്മാരെന്നൊരഹങ്കാരം നീക്കി
അനുതാപപ്രായശ്ചിത്തത്തോട്ടടൻ
മനസ്സാലെ ജ്ഞാനസ്നാനം കൈക്കൊൾവിൻ.

നലമായ് പ്രസംഗിച്ചയാളിങ്ങനെ
പലരും കേട്ടനുതാപപ്പെട്ടുടൻ
ആസ്ഥപ്പാടായ പ്രാച്ഛിത്തം മാമ്മോസ
ആസ്ഥയായ് മുക്കി പലരെയുമിയാൾ.

ഭക്തപ്രിയൻ മിശിഹായും മാമ്മോസ[1]
ഭക്തനാമിയാടെ കയ്യാൽ മുങ്ങിനാൻ
ഇഷ്ടമെല്ലാത്ത പുത്രനിയാളെന്നതും
ഉച്ചത്തിലൊരു നാദം പ്രത്യക്ഷമായ്.

ദേവൻ വാവായും ദ്യോവിങ്കൽ നിന്നുടൻ
ദേവപുത്രനിയാളെന്നു സൂക്ഷിച്ചു
സ്നേഹബാലനിയാളെന്നും[2] സാക്ഷിച്ചു
സ്നേഹരൂപായിറങ്ങീയിയാടെമേൽ.

അവിടുന്നു വനത്തിലെഴുന്നള്ളി
അവിടെപ്പാർത്തു നാല്പതു നാളുതാൻ
ശിക്ഷയാംവണ്ണം ദേവധ്യാനം ചെയ്തു
ഭക്ഷ്യമൊന്നും രസിക്കാതെ നിഷ്ഠയാൽ.

തൽക്കാലാന്തരേ പിശാചുവ്യാജത്താൽ
ദൃക്കിൻഗോശരമായ പരിഷകൾ

1. ഭക്തപ്രിയനീശോയും മാമോദീസാ 2. സ്നേഹാലയനിയാളെന്നറിയിപ്പാൻ

www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA



ക്ഷുത്താപത്തോടിരിക്കാതെ നീയിപ്പോൾ
ക്ഷുത്തിന്നിഷ്ടയാം ഭക്ഷണസാധനം

കല്പിക്ക ദേവനെങ്കിൽ നീയിക്കല്ല
അപ്പമാക്കി നീ തിന്നു ജീവിക്കെടോ.
ഇപ്രകാരം പിശാചു പറഞ്ഞപ്പോൾ
തമ്പുരാനുത്തരമരുളിച്ചെയ്തു.

അപ്പത്താൽ നരൻ ജീവിക്കുന്നില്ല കേൾ
തമ്പുരാന്റെ തിരുവിള്ളംകൊണ്ടത്രേ.
പിന്നെയുന്നതമായ ചൂമരുമ്മേൽ-
ത്തന്നെയങ്ങു നിറുത്തിയുരചെയ്തു.

ദേവൻ നീയെങ്കിൽ ചാടുക തൽക്ഷണം
സേവകരാം മാലാകമാർ താങ്ങിടും.
പരുഷവാക്കു ചൊന്ന പിശാചോടു
പരമദേവൻ താനരുളീടിനാൻ:

കോവണിയിരിക്കുന്നേരം ചാടുവാൻ
അവകാശവുമില്ലൊരു ദുഷ്ടതി
നിന്റെ വേല നിനക്കു ഭവിച്ചിതു
നിന്റെ നാഥനെ നീ പരീക്ഷിക്കേണ്ട.

എന്നു സത്യമെഴുത്തുപെടുന്നിതു
എന്നവനോടരുൾചെയ്തു തമ്പുരാൻ
മൂന്നാം വട്ടം പിശാചവൻ നാഥനെ
ഉന്നതാദ്രിമുകളിൽ നിറുത്തീട്ടു

---

* അപ്പത്താൽ മാത്രം മർത്ത്യൻ ജീവിക്കിലാ

www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

അവധിഹീന സമ്പത്സുഖങ്ങളെ
അവൻ മായാവ്യാജത്താൽ കാട്ടിക്കൊണ്ടു
നാണംകെട്ട പിശാചവൻ ചൊല്ലിനാൻ
കാണുന്ന വസ്തുവൊക്കെയിനിക്കൊള്ളൂ.

വീണു നീയെന്നെ കുമ്പിട്ടുന്നാകിലോ
വേണമെങ്കിലതെല്ലാം തരുവൻ ഞാൻ
സർവനിന്ദ പറഞ്ഞ പിശാചിനെ
സർവ്വേശനപ്പോളാട്ടിക്കളഞ്ഞിതു.

പോക നീചൻ നീയെൻെറ മുമ്പിൽനിന്നു
സകലേശ്വരൻ കല്പന കേട്ടപ്പോൾ
ഭീതി പൂണ്ടു പിശാചു വിറച്ചുടൻ
ഭീതലോകേ(?ത്തിൽ)പോയി മറഞ്ഞവൻ.

ചീത്ത നീതിയും വർജ്ജ്യങ്ങളെന്നതും
വൃത്തിയാൽ കാട്ടി നമ്മൾക്കറിവാനായ്
മർത്ത്യരക്ഷകനായ മിശിഹ താൻ
മർത്ത്യർക്കു ബോധമാക്കാൻ ശ്രമിച്ചിതു.

കർത്താവീശോയെ കണ്ടൊരുനാൾ പിന്നെ
കീർത്തിയുള്ള[1] യോഹന്നാനുരചെയ്തു
മർത്ത്യദോഷങ്ങൾ നീക്കുവാൻ തമ്പുരാൻ
യാത്രയാക്കിയയച്ച[2] കുഞ്ഞാടിതു.

തമ്പുരാൻെറ പുത്രനിയാളെന്നതു
തമ്പുരാനോടങ്ങണഞ്ഞിച്ചീടിനാൻ
ഇയാളീലോകരക്ഷയ്ക്കു വന്നവൻ,
ഇയാളാൽ ദേവദത്തസമ്പൂർണ്ണവും.

1. കീർത്തിമാനാം യോഹന്നാനനരുൾചെയ്തു.
2. യാത്രയാക്കിയൊരാട്ടിൻകുട്ടിയിതാ

www.TheCMSIndia.org

കിട്ടുവാൻ വഴിയുള്ളവനിങ്ങനെ.
പട്ടാങ്ങുസാക്ഷിമമ്ദാനാ ചൊല്ലിനാൻ.
യ്യൂദായിൽനിന്നു മിശിഹാ ഗ്ലീലായിൽ*
സന്തതാനന്ദം പോയ്യുകല്യാണത്തിന്നു
വിവാഹത്തിന്നു മുന്തിരിങ്ങാനീരു
സ്വവിസ്മയത്താൽ വെള്ളംകൊണ്ടാക്കിനാൻ.
പെൺകെട്ടിന്നു ശുഭം കൂടിയിങ്ങനെ
തൽകരുണയ്യുടയാളം കാട്ടിനാൻ
അക്കാലം യൂദന്മാരായ മൂഢന്മാർ
വീക്കം കൊള്ളുമൊറശലം പള്ളിയിൽ.
എന്നതുകൊണ്ടു കോപിച്ചു നാഥനാം
നിന്ദ ചെയ്യുന്ന നീശവൃന്ദത്തിനെ
തിന്മയായ പ്രവൃത്തികൾ ചെയ്കയാൽ
ചമ്മട്ടികൊണ്ടു ദുഷ്കൃതം ശിക്ഷിച്ചു.
പുണ്യവൃത്തിയാലാചാരയോഗ്യമാം
പുണ്യമായ സ്ഥലമൊന്നരുളിനാൻ
ആ ദിക്കിൽ മുമ്പിൽ മാർമ്മോദീസാ മുക്കി
യ്യൂദായിലാതിയാജ്ഞയറിയിച്ചു.
ശമ്രയാൽ പരസ്ത്രീയവൾക്കു ധർമ്മം
ദുർമ്മോദമൊഴിവാനരുളീടിനാൻ
നല്ല സാധുത്വമായ വചനത്താൽ
ചൊല്ലി ദേവദത്തവുമുദിപ്പിച്ചു.
അവളുമുടൻ മിശിഹാ വന്നതും
സ്വവൃത്തികളത്തെല്ലാമറിയിച്ചു

* ഗ്ലീല ഗലീല

www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

നീളെച്ചൊല്ലി നടത്തിയാലോകരും
ഉള്ളാൽ വിശ്വാസം കൊണ്ടൊരാ വാക്കിനാൽ.

പാപ്പിച്ചു രണ്ടു നാളവർ നാഥനെ
ഒാപ്പിച്ചു ദേവന്യായമവരെത്താൻ
ആശ്ചര്യമായ വാക്കുവശത്തിനാൽ
നിശ്ചയിച്ചു പഠിപ്പിച്ചു വേദാത്ഥം.

പണ്ടു കേളാത്ത വാക്കിന്റെ ശക്തിയാൽ
കൊണ്ടാടി സ്തുതി ചെയ്യവർ നാഥനെ
പിണക്കമെന്നിയേ മനോദാഢത്താൽ
ഗുണത്തിന്നായുറപ്പിച്ചു മാനസം.

ഗ്ലീലനാട്ടീന്നവിടെന്നെഴുന്നള്ളി
ഗ്ലീലക്കാരെരുമെറൊൾലം പുരേ
ചെയ്യ വിസ്മയംകണ്ടു വിശ്വാസത്താൽ
സന്തോഷത്തോട്ടു കൈക്കൊണ്ടു സ്വാമിയെ.

നാട്ടുവാഴിയൊരുത്തന്മകനുടെ
കേട്ടു പോക്കുവാൻ കൂടവേ പോരണം
എന്നപേക്ഷിച്ചു വൈഷമ്യം കേൾപ്പിച്ചു
അന്നേരം സകലേശനരുൾചെയ്യ.

എങ്കിൽ നിന്മകനിപ്പോൾ സുഖം വന്നു
സങ്കടമൊഴിഞ്ഞെന്നുറച്ചാ പ്രഭു
പൊറുത്തെന്നരുളിച്ചെയ്യ നേരത്തു
പൊറുതിയങ്ങു വന്നു പ്രഭുസുതൻ.

സങ്കടമെല്ലാം തീർന്നു സുഖം വന്നു
തങ്കൽ വിസ്മയം പൂണ്ടു തെളിഞ്ഞവർ

www.TheCMSIndia.org

ശ്ലീലായിലന്നു ദോഷമുപേക്ഷിച്ചു
നല്ല നേർവഴി സേവിക്കണമെന്നു;

തന്നെ വിശ്വസിച്ചീടണമെന്നതും
നന്നായുള്ളിലുറച്ചുരചെയ്തവർ
എന്നു ചൊല്ലിയാദിക്കിലേ രോഗങ്ങൾ
അന്നു തൻ തിരുവാക്കാലൊഴിച്ചുടൻ;

കേപ്പതന്നെയും മന്ത്രയോസിനേയും
ശിൽപ്പൂരുഷനാം യാക്കോബായോഹന്നാനെ
കൂട്ടരാക്കിയരുൾചെയ്തു വേദത്തിൽ.
കൂടി പന്തിരുശിഷ്യജനങ്ങളെ.

ചെയ്താൻ ക്ലേശം പൊറുപ്പിച്ചതിൽപ്പിന്നെ
ചെയ്തു വിസ്മയം പ്രത്യക്ഷം കേട്ടുടൻ
ശതവത്തിക്കധിപനായുള്ളവൻ
ചിത്തദാഹത്താൽ വന്നുടനെ പ്രഭു.

സന്നിപാതത്താൽ വലഞ്ഞ ഭൃത്യനാം
തന്നാരോഗ്യം കൊടുപ്പാനപേക്ഷിച്ചു
കൂടെപ്പോരാമെന്നപ്പോൾ മിശിഹായും
കേട്ടു ഭക്തനണത്തിച്ചു തൽക്ഷണം.

വീട്ടിൽ പോരന്നേ മതിയാവെന്നില്ലല്ലോ
കേട്ടു പോവാൻ കല്പിച്ചാൽ മതിയല്ലോ
ഭാഗ്യനാഥനാം നീയെഴുന്നെള്ളുവാൻ
യോഗ്യമില്ലെനിക്കുമെന്റെ വീട്ടിനും.

CHRISTIAN MUSICOLOGICAL SOCIETY OF INDIA
www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA



ചിന്തയുമവൻഭക്തിയും കണ്ടുടൻ
സന്തോഷിച്ചവന്റെ വിശ്വാസത്തിനാൽ
പോക നിന്റെ വിശ്വാസമതുപോലെ
ആകട്ടെന്നരുൾചെയ്തു കേടും തീർത്തു.

കപ്പൽ കേറി ശിഷ്യരുമായോടുവാൻ
കോപിച്ചു കടലോളവും വായുവാൽ
ശിഷ്യർ പേടിച്ചു രക്ഷയപേക്ഷിച്ചു
കാൽക്ഷണം കടൽകോപമടക്കിനാൻ.

രക്ഷാനാഥൻ മിശിഹാടെ വാക്കിനാൽ
അക്ഷോഭ്യംപോലടങ്ങി കടലപ്പോൾ
വിസ്മയം പൂണ്ടു വാഹനാലോകരും
വിശ്വനാഥൻ കരയ്ക്കിറങ്ങിയപ്പോൾ

പിശാചുക്കളാൽ പീഡിതനെക്കണ്ടു
പിശാചുക്കളും തന്നോടപേക്ഷിച്ചു
"തമ്പുരാന്റെ പുത്ര! മിശിഹായേ! നീ
വമ്പാ! ഞങ്ങളെ ശിക്ഷിക്കല്ലേ"യെന്നു.

ഇങ്ങനെ പിശാചുക്കൾ പറഞ്ഞപ്പോൾ
വാങ്ങുവിനെന്നവരോടരുൾചെയ്തു
കല്പനയതു കേട്ടു പിശാചുക്കൾ
തല്പരനോടപേക്ഷിച്ചണത്തിനാർ.

നിന്നുകൂടാ മനുഷ്യരിലെങ്കിലോ
പന്നിക്കൂട്ടത്തിൽ പോവാൻ കല്പിക്കണം

www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA



പോകയെന്നനുവാദം കൊടുത്തപ്പോൾ
പുക്ക പന്നിയശേഷവും കൊന്നവർ
പോക്കപാലകരോടിവന്നക്ഷണം
പോക്കശേഷം നശിച്ചെന്നു ചൊല്ലിനാർ.

എന്നാൽ നായകൻ മുമ്പേയറിഞ്ഞത്രേ
അന്നാപക്കനുവാദം കൊടുത്തതു
മാനുഷരോടും വസ്തു സവ്വത്തോടും
* * * * * * * * * * *.

പെശ്ശുന്യവേഷമുണ്ടെന്നറിയിപ്പാൻ
മിശിഹായനുവാദം കൊടുത്തതു
അപ്പുരിയതിൽ പാത്തിരിക്കും വിധൗ
ആൾപ്പെരുപ്പത്തിൽ കൂടിയ യോഗത്തു

സവ്വാംഗം വ്യാധിയുള്ള വ്യാധികനെ
പയ്യങ്കത്തിന്മേൽവച്ചു കൊണ്ടന്നപ്പോൾ
തൻതിരുമുമ്പിൽ കൊണ്ടുവന്നീടുവാൻ
ചിന്തിയാവതില്ലാൾപ്പെരുപ്പംകൊണ്ടു.

എന്നാൽ മേൽപ്പുര നീക്കി തിരുമുമ്പിൽ
അന്നാരോഗിയെ വച്ചപേക്ഷിച്ചവർ
ആത്മദോഷത്താൽ വന്ന രോഗമിതു
ആത്മനാഥൻ പൊറുത്തെന്നരുൾചെയ്തു.

രക്ഷിതാവിന്റെ കല്പന കേട്ടപ്പോൾ
രക്ഷ വന്നു നടന്നിതു രോഗിയും
ആരിയാളെന്നു ചിന്തിച്ചു ലോകരും
ദുരിതങ്ങളെ തനൂരാനെന്നിയേ.

www.TheCMSIndia.org

പൊറുപ്പാനാക്കും മുഷ്കരമില്ലല്ലോ
പൊറുത്തു രക്ഷ നൽകിയതത്ഭുതം
അപ്പോൾ സർവ്വേശനീയാളാകുന്നിതോ
ഇപ്പടി വിചാരിക്കുന്നു ലോകരും.

അപ്പോൾ വന്നുയിറോസെന്ന വമ്പനും
തൻപുത്രിയുടെ സങ്കടം പോക്കുവാൻ
കൂടെപ്പോന്നേ മതിയാവെന്നേററവും
ആടലോടപേക്ഷിച്ചപ്പോൾ നാഥനും

പോകുന്നേരമൊരു സ്ത്രീയടുത്തുടൻ
രക്തസ്രാവം നില്ക്കുമെന്ന തേററത്താൽ
തത്ര വീണുടൻ കുപ്പായം തൊട്ടവൾ
ത്രാതാവന്നേരം കല്പിച്ചു വിസ്മയം

ആരെന്നെ തൊട്ടതെന്നരുളിച്ചെയ്തു
അരുൾ കേട്ടപ്പോൾ ലോകരുണർത്തിച്ചു
എല്ലാരും ചുററി എഴുന്നള്ളും വിധൗ
പലരും തിരു(?മെയ്യിൻ)മേൽ തൊട്ടല്ലോ.

എന്നതു കേട്ടു നാഥനരുൾചെയ്തു
എന്നെ തൊട്ടതു ചോദിപ്പാൻ കാരണം
എന്നിൽനിന്നു ഗുണം പുറപ്പെട്ടിതു
എന്നതുകൊണ്ടു ചൊദിച്ചറിഞ്ഞാലും.

പിന്നെയുമരുളിച്ചെയ്തു രക്ഷകൻ
എന്നെ തൊട്ടവരാരെന്നു ചൊല്ലുവിൻ
പേടിച്ചു വീണു സ്ത്രീയവൾ കുമ്പിട്ടു
പേടി പോക്കി മിശിഹായരുൾചെയ്തു.

CHRISTIAN MUSICOLOGICAL SOCIETY OF INDIA

www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

നിന്റെ വിശ്വാസം നിന്നെ പൊറപ്പിച്ചു
നിന്റെ രോഗമൊഴിഞ്ഞു നീ പോയാലും
അപ്പോൾ വന്നെന്റെ പുത്രി മരിച്ചെന്നു
കേൾപ്പിച്ചാളുകളോടിവന്നക്ഷണം.

ഏറെ പീഡിതനോടരുളിച്ചെയ്തു
ധൃതറിക്കൊൾക നിൻപുത്രി ജീവിച്ചിട്ടും
എന്നരുൾചെയ്തു വീട്ടിലെഴുന്നെള്ളി–
ച്ചെന്നു താൻ കൈപിടിച്ചരുളിച്ചെയ്തു.

എഴുന്നേൽക്ക പെണ്ണേയപ്പോൾ ബാലയും
എഴുന്നേററു ജീവിച്ചു സുഖത്തോടെ
ഇപ്രകാരത്തിൽ ദൈവത്തിനെന്നിയേ
ഇപ്രവൃത്തികൾ ചെയ്തു സംഖ്യ വിനാ.

അന്ധന്മാൎക്കു വെളിവു കൊടുത്തതും
വ്യാധിശാന്തിയെ വാക്കിനാൽ ചെയ്തതും
ചെയ്ത്താന്മാരെത്താൻ കല്പന കേൾപ്പിച്ചു
ചത്തോരെയൊരുവാക്കാലുയിർപ്പിച്ചു.

അതിനാൽ സകലേശ്വരൻ താനെന്നും
മർത്ത്യർക്കു ബോധമാവാൻ ശ്രമിച്ചിതു
ബോധിപ്പാൻ താനാഗ്രഹിക്കുന്നിതു
ബുദ്ധിയിൽ കൊൾവാൻ വേല മഹാപണി.

മാനുഷരറിയേണ്ടുന്ന കാര്യത്തിൽ
മനസാശയുള്ളൊരു ചുരുക്കമേ
അതീന്ദ്രിയങ്ങൾ ബോധിച്ചുകൊള്ളുവാൻ
അത്യന്തം വിഷമനാദൃഷ്ടാവിനാൽ.

www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

നിർവ്വികല്പവക്ക്സാദ്ധ്യമുള്ളവൻ
സർവ്വജ്ഞാനനിധിഗുരുവെങ്കിലും
ദുഷ്ടമാനസസത്യജനങ്ങളിൽ
ശ്രേഷ്ഠശാസ്ത്രമുറപ്പിച്ചു ചേതസി.
അതുകൊണ്ടു താനാരെന്നതാദിയിൽ
പ്രത്യക്ഷമാക്കിയറുത്തു സംശയം.

ആറാം പാഠം തികഞ്ഞു

## ഏഴാം പാഠം

തൻവാക്കിലൂനമില്ലാത്ത തമ്പുരാൻ
സർവ്വത്തെ അറിയുന്ന സർവ്വേശ്വരൻ
പൂർവ്വം ദ്വാദശ ശ്ലീഹാജനങ്ങളെ
വരിച്ചു ദേവസാരമരുളിച്ചെയ്തു.

അർത്ഥദാഹമില്ലാത്തോർക്കു ഭാഗ്യമേ
സ്വർല്ലോകാർത്ഥമവർക്കാമനന്തരം
സാധുക്കൾക്കു ഭാഗ്യമവർകളുടെ
ബുദ്ധി സന്തോഷം പൂണ്ടിരിക്കും സദാ.

ദോഷംചെയ്തതുകൊണ്ടു ദുഃഖിച്ചോർക്കു
തുഷ്ടി വന്നീടും ഭാഗ്യമവർക്കഹോ
പുണ്യത്ത്വത്തിന്നു ദാഹമുള്ളോർകൾക്കു
പൂർണ്ണത വരും നിത്യസമ്മാനവും.

കാരുണ്യം കിട്ടും കരുണയുള്ളോർക്കു
അനഘമുള്ളോർ ദൈവത്തെക്കണ്ടീടും
നിരപ്പുശീലമുള്ളോർക്കു ഭാഗ്യമേ
സർവ്വേശൻ പുത്രനെന്നും വിളിച്ചിടും.

www.TheCMSIndia.org

ഞായത്തെ പ്രതി ക്ഷമിക്കുന്നോർക്കഹോ
ആയതിൻഫലം മോക്ഷരാജ്യലാഭം
സാമർത്ഥ്യമുള്ളോർക്കയ്യോ ദുർഭാഗ്യമേ
ഭൂമിതന്നിലനുകൂലമേയൊള്ളൂ.

ഇവിടെ പരിപൂർണ്ണമുള്ളോർക്കഹോ
അവർ മേലിൽ വിശക്കുമനന്തരം
ഭൂമിതന്നിൽ സന്തോഷമുള്ളോർകൾക്ക
പിന്നെ ഖേദവും കണ്ണുനീരും വരും.

ധാത്രിയിൽ സ്തുതിയുള്ളവർകൾക്കഹോ
ഉത്തരലോകേ നിന്ദിതരായിടും
സർവ്വനാഥനെ സർവ്വകാലത്തിലും
സർവ്വാത്മാവായും സേവിച്ചുകൊള്ളുക.

വാവായെന്നും തൻപുത്രൻ ഞാനെന്നതും
സർവ്വനാഥനാം റൂഹായെന്നിങ്ങനെ
*
സർവ്വകർത്താത്തിലീമൂവെരെന്നതും
നിർവ്വികല്പവിശ്വാസമായിടണം.

തന്നാമത്തിൽ മാമ്മോദീസാ മുങ്ങണം
അന്നേ മർത്ത്യന്ന മോക്ഷം കിട്ടിക്കൂട്ടു
കുർവാനയും ക്രൂദാശ ശേഷവും
കുററം വാരാതെ കൈക്കൊള്ളേണമഹോ.

ദൈവകർത്താമില്ലാതെ മററൊന്നിനെ
ദൈവഭക്തിയാൽ സേവിച്ചീടുകിലോ

* ദൈദൈവകത്താത്തിലീ മൂവരെന്നതും

www.TheCMSIndia.org

ചോദിപ്പൻ ഞാനവനോടനന്തരം
ആ ദോഷത്തിന്നു നരകമുത്തരം.

ഇനിക്കുള്ള സ്തുതി മറെറാരുത്തനു
ദാനം ചെയ്കിലിനിക്കതു വൈരമാം
രണ്ടീശന്മാക്കു വേല സാധ്യമല്ല
പ്രണയത്തിന്നതന്തരമാസ്പദം.

ഞാൻ വിളിച്ചാൽ തിരിഞ്ഞു[1] നോക്കുന്നവൻ
എന്റെ വേലയ്ക്കു യോഗ്യനവനല്ല
എന്നെ സ്നേഹിക്കുംപോൽ മറെറാരുത്തനെ
നിന്നെയെങ്കിലും സ്നേഹിക്കിൽ ദോഷമാം.

എല്ലാമെന്നെപ്രതിയുപേക്ഷിക്കിലേ
നല്ല ശിഷ്യനവനെന്നെതളിഞ്ഞു ഞാൻ
ഏകനാഥനേയുള്ളെന്നു ബുദ്ധിയാൽ
ആകവേയവൻ കല്പന കേൾക്കണം.

ആ നാഥന്റെ ശിക്ഷ പേടിക്കണം
അന്യരാൽ ദണ്ഡം നിസ്സാരമോക്കണം
മാനുഷർ തമ്മിൽ കൂടപ്പിറന്നോരെ-
യെന്നപോൽ പ്രിയം ചിത്തേ ധരിക്കണം.

നിനക്കു വേണമെന്നിച്ഛിക്കുന്നതു
മാനുഷർ ശേഷത്തോടതു ചെയ്യണം
ഞായമല്ലാത്ത ക്രിയ നിനയ്ക്കേണ്ട
രാജകല്പന സമ്മതിച്ചീടണം.

---

1. മടിയുള്ള ഭർജ്ജനം

CHRISTIAN MUSICOLOGICAL SOCIETY OF INDIA
www.TheCMSIndia.org

പിതാക്കന്മാരെ സ്നേഹമുണ്ടാകണം
ചേതസ്സാപമവൎക്കു വരുത്തല്ലേ.
കൊല്ലരുതതു കൊണ്ടുതന്നെ പോരാ
ചൊൽകൊണ്ടുമൊരുപദ്രവം ദോഷമാം.

ചിത്തത്തുങ്കലും വൈരമൊഴിക്കണം
ശത്രുഭാവമതൊക്കെയും ദോഷമാം
ഇഷ്ടന്മാരെ പ്രിയമുണ്ടായാൽ പോരാ
ദ്വേഷമുള്ളോരെ സ്നേഹമുണ്ടാകണം.

പൊറുക്ക പരാപകൃതം നിന്നുടെ
കൎമ്മപാപം പൊറുത്തീടുമവ്വണ്ണം
പൊറുക്കായ്കിലോ സത്യമറിഞ്ഞിനി
പൊറുതി നിനക്കെന്നുമുണ്ടായ്വരാ.

കവിളിലടികൊണ്ടിട്ടു പിന്നെയും
കവിൾ നീയടിച്ചീടുവാൻ കാട്ടുകിൽ
ആയതെത്രയും ഇമ്പമിനിക്കാകും
പ്രിയത്തോടു ഞാൻ സമ്മാനം നല്കുവൻ.

പകരം നീ ശ്രമിക്കേണ്ട ഭൂമിയിൽ
പകരത്തെ ഞാൻ കല്പിച്ചേൻ നീതിമാൻ
അന്യസ്ത്രീസംഗമരുതെന്നുണ്ടല്ലോ
മാനസത്താലും ആഗ്രഹം ദോഷമാം.

മോഹചിന്ത വിഷമെന്നറയ്ക നീ
ദേഹാനന്തനാശമതുകാരണം
കുറ്റം നിന്നിൽ നീ പോക്കുവാൻ നോക്കണം
മറ്റൊരുത്തൎക്കു കുറ്റം വിധിക്കല്ലേ.

www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

കുററം കാൺകിലോ സ്നേഹത്താൽ നീയതും
മാററുവാൻ വേല ചെയ്തുകൊണ്ടീടണം
ദേഷംപൂണ്ടു ശ്രമിക്കിലോ നിർണ്ണയം
ശേഷിക്കും കുററം നിനക്കു നാശവും.

അന്യരെ ബഹുമാനിച്ചു കൊള്ളണം
നിന്ദിച്ചീടുകിൽ പകരം വീട്ടുവൻ
അന്യദോഷത്തിന്നാരോപം ചെയ്യിലാ
നിനക്കു ദോഷമസംഖ്യമാമതു.

നിന്നോളം ദുഷ്ടനാരുമില്ലെന്നതു
മനസ്സിലോൎക്കിലീ ചിന്താസന്തതം
പരാൎത്ഥത്തെയും പരാൎത്ഥാപേക്ഷയും
ധരിച്ചീടൊല്ലേ ചിത്തസമത്തിനാൽ.

ഒന്നിനാൽ ക്ഷയമില്ലാത്ത സന്നിധി
സന്ന(?)ലാഭമിച്ഛിക്ക നീ സന്തതം
സ്വാമി സ്വാമിയെന്നു വിളിച്ചാൽ പോരാ
നന്മ ചെയ്കിലേ സമ്മതമാസ്വരു.

എന്നോടു കൂടെ വാഴേണമെങ്കിലോ
എൻപ്രമാണങ്ങൾ മാനിച്ചു കാക്കേണം
കേട്ടില്ലെങ്കിലോ വൃത്തിഫലം വരാ
അടിസ്ഥാനമില്ലാത്ത പണിയിതു.

എല്ലാ വസ്തുക്കൾക്കീശൻ ഞാനെന്നുടെ
കല്പനയ്ക്കൊരു വീഴ്ച വരുത്തിയാൽ
ഉത്തരമതിനുണ്ടെന്നറിയണം
അത്യല്പം മറന്നീടുകയില്ല ഞാൻ.

www.TheCMSIndia.org

ദേഹത്തിൽ പിഴയുള്ള ദോഷത്തിന്ന
ദേഹം കൂടവെ ദുഃഖിക്കും നിൎണ്ണയം
ചത്തുപോകുമെന്നോൎക്കേണ്ട നീ ബലാൽ
ചത്തവൎകളെ ജീവിപ്പിച്ചീടും ഞാൻ.

നല്ല ദേഹത്തിൽ സ്തുതിയുണ്ടാസ്സുഖം
അല്ലൽ വന്നീടും ദുഷ്ടജനങ്ങൾക്ക
ചോദിച്ചീടും ഞാൻ സൎവ്വജനത്തൊടും
ചോദിക്കുന്നാളിൽ ദയവുണ്ടാസ്സുരാ.

എന്നെ സമ്മതമില്ലാത്ത ദുൎജ്ജനം
ഞാനാരെന്നറിഞ്ഞീടുമെല്ലാവരും
ഇന്നു നിന്ദിച്ചാൽ ഞാൻ വരും മേഘത്തിൽ
എന്നുടെ മുമ്പിലാകെ വരുത്തും ഞാൻ.

അന്ധർ സേവിച്ച ദേവന്മാരാരെന്നും
ഞാനുമാരെന്നു കാണുന്ന നേരത്തു
ഞങ്ങളെ മലകളടക്കീടുവിൻ
ഞങ്ങളെ ധര വിഴുങ്ങിക്കൊള്ളുക.

എന്നപേക്ഷിച്ചു പീഡിക്കും ദുൎജ്ജനം
അന്നന്നേയുള്ള ഘോരഭയത്തിനാൽ
ദേവസന്നിധി ഭീതിക്കൊപ്പമില്ല
വിവേകങ്ങളിൽ സംഭ്രമമെത്തു.

ദുൎഗ്ഗത്യാഗ്നിയതിലതി സഹ്യമാം
ഭാഗ്യഹീനരല്ലോ ഞങ്ങളെന്നവർ
സുകൃതത്തോടു നിന്നവർ സാദരം
നാകക്കാമ്പു തെളിഞ്ഞു സന്തോഷിക്കും.

www.TheCMSIndia.org

സൂര്യൻപോലെ ശോഭിക്കും മനോഹരം
ഭയവും നാശമില്ലവക്കെന്നുമേ
ആനന്ദസ്നേഹത്തിലതിരഞ്ജനം
ആനന്ദിച്ചീടും കർമ്മത്തിലേററവും.

ആമോദത്തിന്നൊടുക്കമില്ലെന്നുമേ
സ്വാമിയോടൊരുമിച്ചവർ തോഷിക്കും
വമ്പരാകിലും ദീനരായീടിലും
തമ്പുരാൻമുമ്പിലൊക്കുമെല്ലാവരും.

നല്ല വൃത്തിയാൽ ഭാഗ്യലാഭം വരും
അല്ലാതൊന്നിനാലും പകരം വരാ
ദാരിദ്ര്യന്മാക്കെന്നെ പ്രതി വഞ്ചിക്കിൽ
അത്ഥം ഞാനപ്പോൾ സ്വർല്ലാഭം നല്കുവൻ.

ജീവിതകാലേയെന്നെപ്പേടിക്കേണം
പാപി കാലത്തിലെന്നേ സുഖം വരൂ
സൽക്ഷയവസ്തു ബഹുമാന്യമല്ല
അക്ഷയാനന്ദമേകം മാന്യമല്ലോ.

അത്ഥം കൂട്ടുവാനെന്തു ശ്രമിക്കുന്നു
മൃത്യു വരുമ്പോൾതാൻ ഫലമെന്തുപോൽ
നിന്റെ ദേഹം നീയേറെ സ്നേഹിക്കിലോ
നിന്റെ ദേഹത്താൽ നാശം നിനക്കതു.

ഇന്ദ്രിയത്തിന്നു സുഖം വരുത്തുകിൽ
പിന്നെ ഖേദിപ്പാനാകുമിതശ്രമം
ദേഹമാഗ്രഹിച്ചീടണം നീ ബലാൽ
ദേഹി സൗഖ്യത്താൽ കൂടെയുണ്ടാമതു.

www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

ഇഷ്ടർയ്യോടൊക്കയും സമ്മതിച്ചീടല്ലെ
നിശ്ചയമാശാനാശം വരുത്തല്ലെ
ദേഹം ശത്രുവെന്നോർത്തു നടക്ക നീ
ദേഹി രക്ഷ യതിഗുണവൃത്തിയും.

അനന്തതാപം ദുഷ്ടകർമ്മത്തിന്നും
... ... ... ... ... ... ...
സുകാര്യം പ്രതി ക്ലേശിക്ക വേഗം നീ
അക്കാര്യശേഷം അസാരമോർത്തു നീ.

ദുർമ്മോഹംകൊണ്ടു ദോഷത്തിൽ വീണു നീ
ദുർബോധംകൊണ്ടു മേലിൽ പിഴയ്ക്കല്ലേ
ചെയ്തദോഷമറച്ചെന്നെ സേവിക്ക
പുത്ര! താതൻ ഞാൻ നിന്നെക്കളയുമോ.

ഭാരം നീങ്ങുവാനെൻപക്കൽ വന്നാലും
ആർത്തി തീർത്തു ഞാൻ തണുപ്പു നല്കുവൻ
പാരം കല്പിച്ചതോർത്തു പേടിക്കേണ്ട
കാരുണ്യത്തോടു ഞാൻ തുണ സന്തതം

ഇത്തരമുപദേശമരുൾചെയ്തു
തത്വജ്ഞാനമുദിപ്പിച്ചു ഭൂമിയിൽ.

ഏഴാം പാദം തികഞ്ഞു

www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

ഒരുത്തൻ പണം അയ്യൊരു കൊണ്ടവൻ,
മററവൻ പണം അൻപത്തു കൊണ്ടവൻ,
വീട്ടുവാനിരുവൎക്കും വകയില്ല
കേട്ടിളച്ചുടയോനിരുവരോടും.

ആൎക്കതിലേറെ സ്നേഹമുടയോനെ-
ന്നോൎക്ക ചിന്തിച്ചു ചൊല്ലു നീയുത്തരം.
ആരോടു മുതലേറെയിളച്ചവൻ
നേരൊഴടറെ സ്നേഹിപ്പാനവകാശം.

എന്നതു കേട്ടു നാഥനരുൾചെയ്തു
നന്നു നീ ചൊന്നപോലെയിവളെന്നെ
ഏറെ സ്നേഹിച്ചപേക്ഷിച്ചു കാരണം
ഏറെ ദോഷം പൊറുത്തിവളോടു ഞാൻ.

പിന്നെ നാഥനവളോടരുൾചെയ്തു
നിന്നുടെ ദോഷമെല്ലാം പൊറുത്തു ഞാൻ
തൃക്കാൽ തൊട്ടവൾ നൽവഴി ബോധിച്ചു
സുകൃതത്തോടു നടന്നു സന്തതം.

മറിയം മഗ്ദലെത്തായിവളിൽ തൻ–
തിരുവുള്ളം കുറയാതെ വൎദ്ധിച്ചു.
ലോകാത്ഥം ലോകനായകനാം ഗുരു
ലോകരെ പഠിപ്പിച്ചൊരു കാലത്തിൽ,

ആരണ്യം തന്നിൽ കൂടിയെല്ലാവരും
നാരിബാലരും കൂടാതയ്യായിരം

www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

## എട്ടാം പാദം

അങ്ങനെ ദയവോടു സൎവ്വേശ്വരൻ ·
ഞങ്ങളെ പ്രതി ക്ലേശിച്ചിട്ടും വിധൗ
പ്രിയന്മാരിലൊരുത്തൻ[1] വന്നക്കാലം
മിശിഹായെ വിളിച്ചു വിരുന്നിന്നു.

ഭക്ഷണം കഴിച്ചീടുന്ന ശാലയിൽ
തത്ക്ഷണമൊരു സ്ത്രീ വന്നു കുമ്പിട്ടു
വീണു തൃക്കാലും മുത്തി ഭക്തിയോടെ
കണ്ണുനീർകൊണ്ടു കഴുകി കാലിണ.

കണ്ടവരുടൻ തത്കൃതം നിന്ദിച്ചു,
തൊട്ടുപോയതു മറച്ചു മാനസേ;
സൎവ്വജ്ഞനിവനെന്നു വരികിലോ
ഇവളാരെന്നറിഞ്ഞീടും നിൎണ്ണയം.

ദുഷ്ടസ്ത്രീയിവൾ മഹാലോകത്തിനും
ദോഷകാരണമെന്നു വരുമ്പോഴെ[2]
ഇവളെയധികമറപ്പാൻ വിധി
ഈവണ്ണമടുപ്പിക്കുന്നതെന്തിവൻ.

ഇപ്പടിയുള്ളിൽ ചിന്തിച്ചതൊക്കെയും
തമ്പുരാൻ കണ്ടവരോടരുൾചെയ്തു:
ഒരുവൻ മുതലാളിയുടെ പണം
ഇരുവൎക്കു കടമകപ്പെട്ടാറെ

---

1. പ്രീശന്മാരിൽ 2. എന്നതു പറയുമ്പോൾ

www.TheCMSIndia.org

ഒരുത്തൻ പണം അഞ്ഞൂറു കൊണ്ടവൻ,
മററവൻ പണം അൻപതു കൊണ്ടവൻ,
വീട്ടുവാനിരുവൎക്കും വകയില്ല
കേട്ടിളച്ചുടയോനിരുവരോടും.

ആൎക്കതിലേറെ സ്നേഹമുടയോനെ-
ന്നോൎക്ക ചിന്തിച്ചു ചൊല്ലു നീയുത്തരം.
ആരോടു മുതലേറെയിളച്ചവൻ
നേരോടേറെ സ്നേഹിപ്പാനവകാശം.

എന്നതു കേട്ടു നാഥനരുൾചെയ്തു
നന്നു നീ ചൊന്നപോലെയിവളെന്നെ
ഏറെ സ്നേഹിച്ചപേക്ഷിച്ച കാരണം
ഏറെ ദോഷം പൊറുത്തിവളോടു ഞാൻ.

പിന്നെ നാഥനവളോടരുൾചെയ്തു
നിന്നുടെ ദോഷമെല്ലാം പൊറുത്തു ഞാൻ
തൃക്കാൽ തൊട്ടവൾ നൽവഴി ബോധിച്ചു
സുകൃതത്തോടു നടന്നു സന്തതം.

മറിയം മഗ്ദലെത്തായിവളിൽ തൻ–
തിരുവുള്ളം കുറയാതെ വൎദ്ധിച്ചു.
ലോകാൎത്ഥം ലോകനായകനാം ഗുരു
ലോകരെ പഠിപ്പിച്ചൊരു കാലത്തിൽ,

ആരണ്യം തന്നിൽ കൂടിയെല്ലാവരും
നാരിബാലരും കൂടാതയ്യായിരം

www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

വൈകി നേരവും ഭക്ഷിച്ചില്ലാരുമേ
ഏകനാഥൻ മിശിഹാ ദയവോടെ

അരുളിച്ചെയ്തു ലോകരെല്ലാരെയും
ഇരുത്തി മേശയ്ക്കാവനദേശത്തിൽ
അപ്പം അഞ്ചും വരുത്ത മീൻ രണ്ടിനാൽ
അപ്പോഴാലോകർക്കൊക്കെ നിറച്ചു താൻ

പരിപൂർണ്ണം വരുത്തിയെല്ലാവർക്കും
പരൻ നാഥൻ മിശിഹാടെ വിസ്മയം
ശേഷിച്ചീരാറു കൊട്ട നുറുക്കുകൾ
ശേഷം ചിന്തിച്ചു കൂടിയ ലോകരും.

ഈശോനാഥനെ രാജാവാക്കീടുവാൻ
ആശ ലോകർക്കറിഞ്ഞു മിശിഹായും
രക്ഷകനെന്ന ഭക്തികൊണ്ടല്ലതു്
ഭക്ഷണരുചി ലാഭമോർത്തിട്ടത്രേ.

വിശ്വാസഹീനന്മാരെയകററുവാൻ
വിശ്വനായകൻ കല്പിച്ചുപായമായ്
കടൽക്കക്കരെയയച്ചു ശിഷ്യരെ
അടവിതന്നിൽ താനമൊഴിഞ്ഞുപോയ്.

ശിഷ്യർ തോണിയിലോടുന്ന നേരത്തു
അക്ഷണം കടൽ കോപിച്ചനേകവും
ഓളമേറിയലറുന്ന വായുവാൽ
തള്ളിത്തോണിയെ മുക്കിത്തുടങ്ങിനാൻ.

www.TheCMSIndia.org

അനന്തരം കടലോളത്തിൽ വന്നുടൻ
വന്നൊരു മർത്ത്യദേഹം പ്രത്യക്ഷമായ്
പേടി പൂണ്ടു കരഞ്ഞിതു ശിഷ്യരും
പേടി പോക്കി മിശിഹായരുൾചെയ്തു:

ദുഃഖം നീക്കുവിൻ, വന്നതു ഞാൻ തന്നെ
ഉൾക്കനിവോടു കല്പന കേട്ടപ്പോൾ
ഉടനെ കെപ്പാതാനണഞ്ഞീടിനാൻ
ഉടയോൻ നീയീ വന്നവനെങ്കിലോ.

കടൽമീതെന്നെ വരുത്തിക്കൊള്ളുക
കടൽ ഭൂസകലേശനവനോടു
വന്നുകൊൾകെന്നു തൻതിരുവാക്കിനാൽ
ചെന്നു കെപ്പാ കല്ലിന്മീതെയെന്നപോൽ.

അക്കാലം കടൽ കോപിച്ചു കെപ്പായും
ശങ്കിച്ചു രക്ഷയപേക്ഷിച്ചീടിനാൻ
മിശിഹാ തൃക്കൈ നീട്ടിപ്പിടിച്ചുടൻ
വിശ്വാക്കെല്ലാ (?പ്പാ) നീയെന്തു പകച്ചതു.

എന്നു കററമരുൾചെയ്തു തോണിയിൽ
താനും കൂടെയെഴുന്നള്ളിയക്കരെ
പുക്കവിടെ വസിച്ചോരനന്തരം
ആകലത്തോടു മാർഗ്ഗമറിയിച്ചു.

അവിടെപ്പല വൻപരും ശിഷ്യർക്കു
തീൻ വിശുദ്ധിയില്ലെന്നു പറഞ്ഞുടൻ

CHRISTIAN MUSICOLOGICAL SOCIETY OF INDIA

www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

കുളിയാതെയും കൈ കഴുകാതെയും
ഉള്ള ഭക്ഷണദോഷമറിയിച്ചു.

ഉത്തരമപ്പോൾ നാഥനരുൾചെയ്തു
ഏതു കല്പനകൊണ്ടതു ദോഷമായ്
പുറത്തുള്ളതുകൊണ്ടൊരു ദോഷമോ
കറ ദേഹിക്കു വരുവതല്ലഹോ.

ഉള്ളിൽനിന്നുള്ള ദോഷഫലത്തിനാൽ
ക്ഷാളനംകൊണ്ടു ശുദ്ധിവന്നീടുമോ?
നാട്ടാചാരത്തെയേററവും വർദ്ധിച്ച
കാട്ടുള്ളിൽ വച്ചു തെറി കാട്ടും നിങ്ങൾ.

ദേവകല്പന ശങ്കിക്കാതെ കറ
ഭവിക്കുമെന്നു ശങ്കിക്കേണ്ടാ ബലാൽ
ഇതു കേട്ടവർ കോപം മുഴുത്തുടൻ
അതിൻശേഷമരുൾചെയ്തു തമ്പുരാൻ.

കണ്ണില്ലാതുള്ള കുരുടക്കൂട്ടത്തെ
ഗുണമാംവണ്ണം നടത്തിക്കൂടുമോ
വഴിക്കു പുറപ്പെട്ടവർ പോകിലോ
കുഴിയിലവർ പോകുമൊരുപോലെ.

തന്നുടെ സാരവാക്യരസത്തിനാൽ
പിന്നെയും കൂടി നാലായിരം ജനം
മൂന്നു നാൾ കൂടെ പാർത്തവരൊക്കയും
അനുഗ്രഹിച്ചു തമ്പുരാൻ അന്നേരം.

www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

ഏഴപ്പംകൊണ്ടും കുറഞ്ഞ മീൻകൊണ്ടും
അഴകാംവണ്ണം വിരുന്നു നല്കിനാൻ
എല്ലാരും തിന്നു പരിപൂർണ്ണം വന്നു
നല്ല തീൻതരം ശേഷിച്ചു പിന്നെയും.

ഈരേഴു കൊട്ട മിച്ചൽ നിറച്ചുടൻ
നേരോടീശോമിശിഹാടെ വിസ്മയം
രക്ഷാനാഥൻ മിശിഹായതിൻശേഷം
ശിഷ്യരെ വിളിച്ചീവണ്ണം കല്പിച്ചു.

ഞാനീക്കാട്ടിയ പ്രത്യക്ഷം കണ്ടവർ
ഞാനാരെന്നു പറയുന്ന ലോകരും
എന്നരുൾചെയ്ത നേരത്തു ശിഷ്യരും
അന്നാ ലോകരിൽ കേട്ടതുണർത്തിച്ചു.

ദിവ്യന്മാരിലൊരുത്തനെന്നു ചിലർ
ഭ്രഭത്താ ചിലർ മറ്റാനായെന്നതും
അന്നേരം ശിഷ്യരോടരുളിച്ചെയ്തു
എന്നാൽ നിങ്ങൾക്കു നേരെന്തുറച്ചതു്.

ഞാനാരെന്നു ശിഷ്യർ നിങ്ങൾ ചൊല്ലുവിൻ
എന്നവനിതു കല്പിച്ച നേരത്തു
തമ്പുരാനോടു കെപ്പായുണർത്തിച്ചു
തമ്പുരാൻപുത്രൻ നീയെന്നു നിശ്ചയം.

കെപ്പാ ഭാഗ്യവാൻ നീയിതു മാനുഷൻ
കേൾപ്പിച്ചില്ല സർവ്വേശപരൻ തമ്പുരാൻ

www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

എൻപിതാവത്രെ നിന്നെ ചൊല്ലിച്ചതു
കെപ്പാ നിന്റെ നാമാൎത്ഥവും കല്ലത്രേ.

എന്റെ ലോകസഭയ്ക്കടിസ്ഥാനം നീ!
നിന്റെ മേലെന്റെ പള്ളി പണിചെയ്യും
ചെല്ലും നിന്മനം ദോഷത്തിലെങ്കിലും
വെല്ലുവാൻ നരകം മതിയാസ്സരാം.

സ്വർല്ലോകത്തിന്റെ താക്കോൽ തരുവൻ ഞാൻ
ഈ ലോകത്തിൽ നീ കെട്ടിയഴിച്ചപോൽ
മോക്ഷലോകത്തു ഞാൻ തികച്ചീടുവൻ
മുഷ്കരമതിനൊക്കെത്തരുവൻ ഞാൻ.

ഇക്കാര്യം താരഭ്രമ്യന്തവും വരാ
കൃപയോടിതു കല്പിച്ചതിൻശേഷം
പിന്നെത്താൻ മരിക്കുന്ന പ്രകാരങ്ങൾ
തന്നുടെ ശിഷ്യരോടരുളിച്ചെയ്തു.

ആദമാദിനരകുലരക്ഷയ്ക്കു
ആദരാലെ ഞാനെറോജലം പുരേ
യൂദർ കയ്യാലെ പാടുകളേറ്റു ഞാൻ
ഖേദപഥ്യം ക്ഷമിച്ചു മരിച്ചീടും.

ഇമ്പമോടു ഞാൻ ത്രിദിനം ജീവിക്കും
മുമ്പു വ്യക്തമരുൾചെയ്തു സൎവ്വതും
ഈവണ്ണമരുളിച്ചെയ്തു കേട്ടപ്പോൾ
ദേവശിഷ്യൻ മനോതാപമുൾക്കൊണ്ടു.

www.TheCMSIndia.org

കേവലമുണത്തിച്ചിളു കെപ്പാ താൻ
ദേവ! മൽഗ്ഗുരുവേ! കൃപാ വാരിധേ!
നീയിവ ദുഃഖം കൈക്കൊള്ളരുതയ്യോ
ആയതു നിനക്കൊട്ടുമഴകല്ല.

ഇവ കെപ്പായുണത്തിച്ച നേരത്തു
അവനോടു തിരുവുള്ളക്കേടുമായ്
ഇവ ചൊല്ലാതെ പോകയെന്നാട്ടിനാൻ
നീ വപുസ്സിൽ സുഖമറിയുന്നവൻ

നീ വി....ലന്മേൽ കാൎയ്യമറിവില്ല
ദേവനിഷ്ടമതുകാര്യമെന്നറി
ദേവകാര്യംപ്രതി മരിച്ചീടുവാൻ
ഭുവനിയിൽ പിറന്നു ഞാൻ മൎത്ത്യനായ്.

സൎവ്വേശൻ ചിങ്ങമാസമാറാം ദിനം
പൎവ്വതമേറി താബോറാഗ്രേനാഥൻ
കെപ്പാ യാക്കോ യോഹന്നാനേയുംകൊണ്ടു്
അപ്പൎവ്വതത്തിൻമുകളിൽ ചെന്നപ്പോൾ

മൂശയേലലീശയെന്ന ദിവ്യന്മാർ
ഈരശോ മുന്നിൽ പ്രത്യക്ഷമായത്ഭുതം
ആത്മനാഥന്റെ ശതത്മാവിലേ മോക്ഷം
ആത്മാവിൽനിന്നു ദേഹത്തിൽ ചിന്തിച്ചു.

ചിന്തിച്ചതല്ല മോക്ഷനിഴലത്രേ
തൻതിരുമേനി സൂൎയ്യനെ തോല്പിക്കും

CHRISTIAN MUSICOLOGICAL SOCIETY OF INDIA
www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

കുപ്പായത്തിന്റെ നിർമ്മലവെണ്മയിൽ
കൺപിറക്കുന്ന പ്രകാശയുക്തമാം

വാ (ദ്ഭാ) വിഭാവപ്രഭാവപ്രഭയെന്നും
അവർ കണ്ടപ്പോൾ ബുദ്ധി പകച്ചിതു
മൂശയോട്ടമേലിശയോട്ടമപ്പോൾ
ഈശോനാഥനരുളിച്ചെയ്തീടിനാൻ

ശത്രുവാൽ പല പാട് പെടുമെന്നും
ശത്രു കൈയാലെ ഞാൻ മരിക്കുമെന്നും
ലോകം ദോഷത്തരം ചെയ്യുമെന്നതും
ലോകരക്ഷ വരുത്തും പ്രകാരവും

ശക്തനായ ദയാപരൻ തമ്പുരാൻ
വ്യക്തമായരുളിച്ചെയ്തു സർവ്വതും
അപ്പോഴസ്ഥലശോഭകൾ കണ്ടിട്ട്
കെപ്പാ സന്തോഷം പൂണ്ടുണർത്തിച്ചിതു.

എത്ര നല്ലൊരിടമിവിടത്തിൽ നാം
ചിത്രമായ്ക്കൂടിൽ മൂന്ന് ചമയ്ക്കേണം
ഒന്നു സ്വാമിക്കൊന്നേലിശായിക്കിതു
ഒന്നു മൂശനിവിയായിക്കെന്നതും

നല്ല വിസ്മയമെന്തെന്നറിയാതെ
ചൊല്ലി ശിഷ്യരിലുത്തമനിങ്ങനെ
അന്നേരം മേഘം മൂടിയെല്ലാരെയും
അന്നു ദ്യോവിലെ നാദവും കേൾക്കായി.

www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

ഇയാം പുത്രനെനിക്കു മഹാപ്രിയൻ
ഇയാം ചൊല്ലുന്നതെല്ലാരും കേൾക്കണം
വിസ്മയമെല്ലാം മാഞ്ഞുപോയന്നേരം
വിസ്മയനാഥൻ താനും ശിഷ്യരുമായ്.

ആമലയിൽ നിന്നപ്പോളെഴുന്നെള്ളി
നിൎമ്മലനാഥൻ താഴ്വരെ വന്നപ്പോൾ
പിറന്നപ്പോഴെ കാഴ്ചയില്ലാത്തവൻ
പുറത്തെ വഴി തന്നിലിരുന്നുടൻ.

നാദം കേട്ടപ്പോൾ നാഥനെക്കുമ്പിട്ടു
ഖേദംപൂണ്ടുണൎത്തിച്ചോരനന്തരം
മണ്ണിൽ തുപ്പിക്കുഴച്ച കുഴമ്പതു
കണ്ണിൽ തേച്ചു വെളിവു കൊടുത്തു താൻ.

യൂദന്മാരുടെ പ്രധാനദുൎജ്ജനം
വേദാവു ചെയ്ത പ്രത്യക്ഷം മൂടുവാൻ
നാഥൻ കാഴ്ച കൊടുത്ത പുരുഷനെ-
യഥ മുമ്പിൽ വരുത്തീട്ടു ചെന്നവർ.

ദുഷ്ടനാദോഷത്താളനിവൻ നിന്റെ
ദൃഷ്ടി നൽകുവാൻ യോഗ്യനല്ലാത്തവൻ
മുമ്പിലങ്ങു കുരുടൻ നീയെങ്കിലോ
ഇപ്പോൾ പുത്തനായ് കണ്ടു നീയിങ്ങനെ

ചിന്തിച്ചുത്തരം ചൊന്നവനോടവൻ
എന്തു വേണ്ടു രഹസ്യമിതല്ലല്ലോ

www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

ഈശോയെന്നയാൾ ചെയ്ത ദയവിനാൽ
ദൎശനമിനിക്കുണ്ടായി നിശ്ചയം

ദോഷമുള്ളവനെന്നറിഞ്ഞില്ല ഞാൻ
ദുഷ്ടൎക്കു ദൈവ്വസഹായമില്ലല്ലോ
ജനിച്ചപ്പോഴേ കാഴ്ചയില്ലാഞ്ഞതു
കനിവോടയാൾ തന്നിനിക്കിങ്ങനെ.

നേരവനിതു ചൊന്നതു കാരണം
വൈരത്താലവനെ പുറത്താക്കിനാൻ
അന്നേരമവൻ ചെന്നു തിരുമുമ്പിൽ
അന്നവർ ചൊന്ന വാൎത്തയറിയിച്ചു.

നിന്മൂലം സഭയിൽ നിന്നു നീങ്ങി ഞാൻ
ഇമ്മനോതാപം ചൊന്നവനോടു താൻ
തമ്പുരാനരുളിച്ചെയ്തു തൽക്ഷണം
തമ്പുരാന്റെ സുതനെ വിശ്വാസമോ?

നിൻമനക്കാമ്പിലെന്നതു കേട്ടപ്പോൾ
നിൎമ്മലനാഥനോടുണൎത്തിച്ചിതു.
തമ്പുരാന്റെ പുത്രനെ നീ കാട്ടുകിൽ
അമ്പിനോടു ഞാൻ വിശ്വസിച്ചീടുവൻ

തമ്പുരാൻ ചൊല്ലി നിന്നോടു ചൊന്ന ഞാൻ
തമ്പുരാന്റെ പുത്രനെന്നറിഞ്ഞാലും
ഇതു കേട്ടപ്പോൾ കുമ്പിട്ടു വീണവൻ
കൎത്താവെത്തേറി വിശ്വസിച്ചേനഹം

www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA



ആത്മസമ്മതം ചെയ്ത പുരുഷനെ
സുജ്ഞാനസ്നേഹം നല്കീ ദയാപരൻ
മാനുഷനായി വന്ന സർവ്വേശ്വരൻ
ശനിയാഴ്ച പൊറുപ്പിച്ചു രോഗങ്ങൾ.

എന്നതു കേട്ടു യൂദന്മാരെത്രയും
അന്നു കോപിച്ചു വിസ്മയിച്ചേററവും
വ്യാധിയുള്ളോരു നാരിയെ പിന്നെയും
ആധി പോക്കി മിശിഹാ പൊറുപ്പിച്ചു.

അന്നാളിലതു ചെയ്തോരു കാരണം
ആനഗർവികരത്തിന്നുടെ വമ്പൻ
കുററം നാഥനെ നീചൻ പറയുമ്പോൾ
അററമററ ദയാപരൻ കല്പിച്ചു.

കേൾക്ക നീ ശനിയാഴ്ച ദിവസത്തിൽ
നാല്ക്കാലിയൊന്നു പോയി കുഴിയതിൽ
പാൎക്കുമോ ശനിയാഴ്ച കരേറുമോ
ഓൎക്ക മൎത്ത്യരതിൽ വലുതല്ലയോ.

ന്യായമുള്ളവരെന്നു പറകയും
ന്യായക്കേടനേകം നിങ്ങൾ ചെയ്കയും
ഇപ്രകാരങ്ങൾ കേട്ടു പ്രധാനിയും
കോപപൈശുന്യം വൎദ്ധിച്ചു മാനസേ.

അവർകളുടെ ധൃഷ്ടതവ്യക്തത
അവരോടരുളിച്ചെയ്തു ഹേതുനാൽ

www.TheCMSIndia.org

പല നാളിൽ മിശിഹായെക്കൊല്ലുവാൻ
ഫലമെന്നിയേ വേല ചെയ്താരവർ.

നാശമേല്പ്പാനുറച്ചു ഞാനെങ്കിലും
മിശിഹാ മനസ്സാകുന്ന കാലത്തു
സങ്കല്പിച്ചോരു കാലമടുക്കുമ്പോൾ
താൻ കല്പിക്കാതെയാവതില്ലാർക്കുമേ.

രോഗക്കാരെപ്പൊറുപ്പിച്ചുകൊള്ളുവാൻ
വേഗം വൈദ്യനവനെയന്വേഷിക്കും
കണ്ടാലേറ്റമവരെ പ്രിയപ്പെടും
പണ്ടൊരു രോഗം കണ്ടിട്ടില്ലെങ്കിലും.

ആത്മനാഥൻ മിശിഹായുമവ്വണ്ണം
ആത്മരോഗികളെ രക്ഷിച്ചീടുവാൻ
വാവാ ദുഷ്ടരെ രക്ഷിച്ചുകൊള്ളുവാൻ
പാപികളോടണയും കരുണയാൽ.

സ്നേഹമോടവരെബ്ബഹുമാനിക്കും
മഹാകഷ്ടമിതെന്നു ചിലർ ചൊല്ലും
ലോകനായകൻ സർവ്വമറിഞ്ഞവൻ
താൻ കൃതത്തിന്നു സാമ്യമരുൾചെയ്തു:

നൂറാടുള്ളവനൊരാടു കാണാഞ്ഞാൽ
നൂറതിലൊന്നൊഴിഞ്ഞജസഞ്ചയം
അക്കൂട്ടത്തെയവിടെ വിട്ടേച്ചവൻ
പൊയ്ക്കളഞ്ഞോരജത്തിനെത്തേടീടും

www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

ഇന്നു ഞാനതുപോലെ ശ്രമിക്കുന്നു
വന്നു ഞാൻ പാപിക്കൂട്ടത്തെ രക്ഷിപ്പാൻ
എൻപ്രയത്നമതിനെന്നറിയേണം
എൻപ്രമാണംവഴിക്കു സർവ്വാനന്ദം.

എട്ടാം പാഠം കഴിഞ്ഞു.

## ഒമ്പതാം പാഠം

പാപം തീർത്ത മഗ്ദലെത്തായും സദാ
തൽപ്രിയമൊക്കെ ഈശോമേലാക്കിയാൾ
അവൾക്കുള്ളോരു ഭ്രാതാവിന്നാമയം
സ്വവൈഷമ്യമായേററവും വർദ്ധിച്ചു.

അവസ്ഥയതു ചൊല്ലി വിട്ടാളുടൻ
ജീവരക്ഷാനാഥനോടുണർത്തിച്ചു
[1] നിന്നുടെ പ്രിയലാസറിന്നാമയം
[2] എന്ന വാചകം ദൂതരുണർത്തിച്ചു.

കർത്താവീ മൊഴി കേട്ടിട്ടു രണ്ടു നാൾ
പാർത്തു പിന്നെയും പോയില്ല രക്ഷകൻ
ഇഷ്ടനാഥൻ ശിഷ്യരോടു കല്പിച്ചു
ഇഷ്ടനാമെൻറ ലാസർ മരിച്ചെന്നു.

ഒടുക്കമെഴുന്നെള്ളി സർവ്വപ്രഭു
ഓടി വന്നപ്പോൾ മാർത്തയുണർത്തിച്ചു
ഉടയോൻ നീയിവിടെയുണ്ടെങ്കിലോ
ഉടപ്പിറന്നവൻ മരണം വരാ.

---

1. തൻപ്രിയനായ ലാസറിന്നാമയം 2. തമ്പുരാനോടു ദൂതരറിയിച്ചു.

www.TheCMSIndia.org

ഇപ്പോഴും നീ പിതാവോടപേക്ഷിച്ചാൽ
തൻപിതാവതു കേൾക്കുമറിഞ്ഞാലും[1]
വിശ്വനാഥൻ മിശിഹായരുൾചെയ്തു:
"വിശ്വസിക്ക നിൻഭ്രാതാവു ജീവിക്കും."

മറിയം മഗ്ദലൈത്തായതുനേരം
അറിഞ്ഞപ്പോളവളോടി വന്നുടൻ
ചേതസി പ്രിയമുള്ളവർകളുടെ
ചേതസ്താപത്തെക്കണ്ടു ദയാപരൻ.

അല്പംകൊണ്ടു പുറപ്പെട്ടു കണ്ണുനീർ
തല്പരൻ തൻപ്രിയത്തെക്കാട്ടിടിനാൻ
മുഖ്യന്മാരവരാകുന്ന കാരണം
ദുഃഖം പോക്കുവാൻ കൂടി മഹാജനം.

ഭൂമിരന്ധ്രത്തിൽ വച്ചു ശവം മുമ്പേ,
ഭൂമിനാഥനവിടേയ്ക്കെഴുന്നെള്ളി
കല്ലടപ്പതു നീക്കുവാൻ കല്പിച്ചു
നാലു വാസരം ചെന്നവൻ ചത്തിട്ട്.

കർത്താവേ! പാരം നാറിടുമിശ്ശവം
മാർത്തായിങ്ങനെ വാർത്തയുണർത്തിച്ചു
വിശ്വനായകൻ പിന്നെയും കല്പിച്ചു
വിശ്വസിച്ചാൽ ജീവിച്ചീടും ചത്തവൻ.[2]

ത്രാതാവു മർത്ത്യക്കുററിലപേക്ഷിച്ചു[3]
പിതാവേ! എന്റെയപേക്ഷ കേട്ടു നീ

1. ഞ്ഞു ഞാൻ 2. മരിച്ചവൻ ജീവിക്കും 3. തൻപിതാവോടപേക്ഷിച്ചു

CHRISTIAN MUSICOLOGICAL SOCIETY OF INDIA
www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

അതുകാരണം നിന്നെ സ്തുതിക്കുന്നു
ഇതുക്കായിപ്പോൾ ഞാനപേക്ഷിക്കുന്നു.

ഞാനപേക്ഷിക്കും കാര്യമതൊക്കെയും
അനുകൂലമറിഞ്ഞിരിക്കുന്നു ഞാൻ
ഈ മഹാജനം കണ്ടു വിശ്വസിപ്പാൻ
അമേയനിതു പറഞ്ഞു കേൾപ്പിച്ചു.

അതിൻശേഷമനന്തദയാപരൻ
പുത്രൻ തനുരാനുന്നതനാദത്താൽ
"ലാസർ നീ പുറപ്പെട്ടുവാ"യിങ്ങനെ
ലാസറുമപ്പോൾ ജീവിച്ചു വിസ്മയം.[1]

ഇടിശബ്ദസ്വരശബ്ദമെന്നപോൽ[2]
ഉടനെ മൃതനയത്തു[3] വന്നിതേ
പലരുമീയാൾ രക്ഷിതാവെന്നതും
കലുഷം നീക്കി വിശ്വസിച്ചാരുടൻ.[4]

ചിലരിക്കഥ പട്ടക്കാരരോടും
വലിയ ജനത്തോടുമറിയിച്ചു
പൈശുന്യമവർ വ്യാപിച്ചു മാനസേ
അഗ്നിവേഗം കെട്ടുക്കേണം നിശ്ചയം.

---

1. വന്നുടൻ 2. പോലൊരുനാദം കേൾക്കായപ്പോൾ
3. ഉടൻ ചത്തവൻ ജീവിച്ചെഴുന്നേറ്റു 4. വിശ്വസിച്ചീടിനാൻ

മിശിഹാടെ സ്തുതിയറുച്ചുറ്റവും
യോഗം കൂടി വിചാരിച്ചു യൂദരും
വേഗമീശോയെക്കൊല്ലണമെന്നതും

www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

ശക്തിപ്പെട്ടാൽ തീ കെടുപ്പാൻ കൂട്ടമോ
ശക്തിപ്പെട്ടു വരുമതുപോലിവൻ
ഇവൻ ചെയ്യുന്ന വിസ്മയം കാൺകയാൽ
ദേവനെന്നതു ലോകരുറച്ചുപോം.

അവൻെറ ചൊല്ലിൽ നില്ക്കുമെല്ലാവരും
അവസ്ഥകൊണ്ടു കാണ്മാമിതപ്പൊഴേ
റോമാരാജാവും പരിഭവിച്ചീടും
നമ്മുടെ നാട്ടിന്നന്തരവും വരും.

എന്തു വേണ്ടുവതെല്ലാരും നോക്കുവിൻ
അന്തരമോയെല്ലാരും ഗ്രഹിച്ചല്ലോ
കൈയ്യെപ്പായെന്ന മേപ്പട്ടമുള്ളവൻ
ന്യായത്തെയവൻതന്നെ വിധിച്ചുടൻ.

ലോകമൊക്കെയും രക്ഷിപ്പതിന്നായി
ലോകരിലൊരുത്തൻ മരിക്ക നല്ലൂ
മരണംകൊണ്ടു രക്ഷ ലോകത്തിനു
വരുമെന്നറിയാതെ പറഞ്ഞവൻ.

ഹിംസിപ്പാനുള്ള മനസ്സു കൊണ്ടത്രേ
സത്യമെന്നുടൻ പറഞ്ഞു കൈയ്യെപ്പാ
അന്നുതൊട്ടു മിശിഹായെ കൊല്ലുവാൻ
വന്നവർക്കു മനസ്സിലെ നിശ്ചയം.

പെസഹാ പെരുനാളടുക്കുന്നതിൽ
വാസരമാറു മുമ്പിൽ മിശിഹാതാൻ

www.TheCMSIndia.org

ലാസർതൻെറ വിരുന്നിലിരുന്നല്ലോ
ഭരസ്ഥലത്തിൽ മഗ്ദലെത്താ ചെന്നുടൻ.

മാണിക്കമായ സുഗന്ധമിലിസം
പുണ്യകാൽകളിൽ പൂജി ഭക്തിയോടെ
സ്കറിയൊത്ത ദുരാത്മാവത്തുനേരം
പറഞ്ഞു മഹാച്ഛേദമിതെന്നവൻ.

ഇതിൻെറ വില മുന്നൂറു കാശുണ്ടാം
അതിനാലെത്ര ദാനധർമ്മം ചെയ്യാം
കള്ളൻ മോഷ്ടിപ്പാനാഗ്രഹം പൂണ്ടവൻ
ഉള്ളിൽ ദീനദയവു കൊണ്ടല്ലിതു.

അന്നേരമരുളിച്ചെയ്തു നായകൻ
എന്നുടെ ദേഹം പൂജിയിതു കാലം
അവർ ചൊന്നതിന്നർത്ഥമുണ്ടെന്നറി
ശവത്തെയടക്കുമ്പോളിതു ക്രിയ.

കാലവുമതിനടുത്തിരിക്കുന്നു
എല്ലാരും ക്രൂതം നന്നെന്നു ചൊല്ലീടും
മർത്ത്യപൗരുഷം നാണിപ്പിച്ചീടുവാൻ
പ്രതാപം കാണുംവണ്ണമെറൊശേലം

പൂകുവാൻ തിരുമനസ്സിൽ കല്പിച്ചു
അക്കോപ്പെത്രയും ചിത്രം ചിത്രമഹോ
തേരിലാനക്കഴുത്തിലുമല്ലല്ലോ
വീര്യശോഭിതാശ്വത്തിന്മേലുമല്ല.

www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

കഴുതയേറി മഹാഘോഷത്തോടെ
എഴുന്നെള്ളി മിശിഹാ പുറപ്പെട്ടു
സ്വൎണ്ണം സുവൎണ്ണം പങ്കത്തിലെങ്കിലും
വൎജ്യം പങ്കവും പൊന്നിലിരിക്കിലും.

അസംഖ്യലോകർ കൂടിയെതിരേററു
പ്രസാദം മഹാസ്തുതിഘോഷത്തോടും
ഓശാന ദാവീദിന്നുടെ പുത്രനും
ആശീൎവാദം സൎവേശൻെറ നാമത്താൽ.

സാധുവാംവണ്ണം വരുന്ന നാഥനും
സാധുലോകജനത്തിന്നു സ്വത്വവും
ഉന്നതത്തിലും തമ്പുരാനെ സ്തുതി
എന്നെല്ലാവരും സ്തുതിച്ചു ഘോഷിച്ചു.

അന്നു കോപാഗ്നി ജ്വലിപ്പിച്ചു ദുഷ്ടം
രാജധാനിക്കടുത്തു മിശിഹായും
യശസ്സുമതിമുഖ്യവുമോൎത്തു താൻ
.... .... .... .... .... .... .... ....

വാൎത്തു കണ്ണുനീററിന്നുടെ ധാരകൾ
പേൎത്തേറോശലമേയെന്നരുൾചെയ്തു:
മുന്നം നീ നീവിയന്മാരെക്കൊന്നവൻ
വന്നുകൂട്ടും നിനക്കതിൻെറ ഫലം.

ചിന്തിച്ചില്ല നിനക്കുള്ള ഭാഗ്യം നീ
അന്ധത്വംകൊണ്ടു കാണാതെ നിന്ദിച്ചു

www.TheCMSIndia.org

കൂട്ടംകുഞ്ഞിനെ കുക്കുടപ്പേടപോൽ
കൂട്ടുവാൻ നിന്നെയാസ്ഥയായെത്രയും.

കൂടിയില്ല നീയന്നതിന്റെ കടം
വീട്ടുവാനല്ല കാലം വരുന്നഹോ
ശത്രുക്കൂട്ടം വളയും ഞെരുക്കീടും
മിത്രരന്നു നിനക്കാരുമില്ലാതെ.

ചിന്തവെന്തതിസംഭ്രമഭീതിയാൽ
അന്തവും നിനക്കാവഹിക്കും പുനർ–
കല്ലിന്മേലൊരു കല്ലു ശേഷിക്കാതെ
എല്ലാം നിന്നിലൊടുങ്ങുമസംശയം.

വർത്തനത്തിൽ ചൊല്ലി മഹായോഗത്തിൽ
പിതാവേയിപ്പോൾ കാട്ടുക പുത്രനെ.
ഇടിപോലൊരു നാദം കേൾക്കായുടൻ
കാട്ടി നിന്നെ ഞാൻ കാട്ടുവനിന്നിയും.

ശിഷ്യരോടു താൻ പിന്നെയരുൾചെയ്തു:
.... .... .... .... .... .... .... ....
"ദ്വേഷികളുടെ പക്കൽ കയ്യാളിച്ചു
കുരിശിലെന്നെ തൂക്കുവാൻ കല്പിക്കും
ധരിക്കയിപ്പോൾ കാലമടുക്കുന്നു."

നത്തിന്നു പ്രഭ പോലെ മിശിഹാടെ
സ്തുതി മുഖ്യജനത്തിന്നസഹ്യമാം
ഇതുകാരണം മേല്പട്ടക്കാരനും
ശത്രുശേഷവും കൂടിയൊരുമ്പെട്ടു.

www.TheCMSIndia.org

ഇവൻ ചെയ്യുന്ന ക്രിയകൾ കണ്ടിട്ടു
സ്വർലോകരനവാദം ചെയ്യുന്നു
ചതിയാലവനെ വധിപ്പിക്കേണം
അതല്ലാതൊരുപായവും കണ്ടില്ല.

പെരുനാളിലതു കൂടുവാൻ പണി
വിരോധിച്ചീടും ലോകരൊരുപോലെ
സ്കറിയൊത്ത ദ്രവ്യത്തിന്നു മോഹിതൻ
നെറിവു കെട്ട ദുഷ്ടൻ നരകിതൻ.

എന്തെനിക്കു തരും നിങ്ങൾ ചൊല്ലുവിൻ
ചിന്തിച്ചപോലെ സാധിപ്പിച്ചീടുവൻ
നിങ്ങൾക്കുള്ള പ്രത്യർത്ഥിജനങ്ങൾക്കും
നിങ്ങൾക്കും ഞാനവകാശമാകുവൻ.

മുപ്പതു വെള്ളിക്കാശു വിലയതും
അപ്പോഴെല്ലാരുമൊത്തു ബോധിപ്പിച്ചു
തൻഗുരുവായ സർവ്വേശനെയവൻ
നിർഗ്ഗുണനിധി മൂഢനീ നീശകൻ.

വിററവൻ വില വാങ്ങി മടിയാതെ
ഒററുവാൻ തരം നോക്കി നടന്നവൻ
സ്വാമി തൻെറ മരണമടുത്തപ്പോൾ
സ്വമാതാവിനെക്കണ്ടു മിശിഹാ താൻ

യാത്ര ചൊല്ലി വരുന്ന ദുഃഖങ്ങളും
പിതാവിന്നുടെയാജ്ഞയും കേൾപ്പിച്ചു

CHRISTIAN MUSICOLOGICAL SOCIETY OF INDIA
www.TheCMSIndia.org

സർവ്വസൃഷ്ടിയിൽ മൽപ്രിയേ കന്യകേ
ഭാവിയാകുന്ന വസ്തുക്കൾ ചൊല്ലുവാൻ

മടിയെങ്കിലും പീഡയെന്നാകിലും
മുട്ടുവാൻ യോഗ്യമല്ലെന്നുറച്ചു ഞാൻ
ഞാൻ പിതാവിന്റെ രാജ്യത്തു പോകുവാൻ
ഇപ്പോൾ കാലം വരുന്ന സമയമായ്

പോകും മുമ്പേ ഞാൻ നിന്നോടവസ്ഥകൾ
ആകെയും അറിയിപ്പാനായ് വന്നതു.
ഇഷ്ടമാതാവേ! കേട്ടാലുമെങ്കിലോ
ദുഷ്ടന്മാരുടെ കൈകളിൽ ഞാനിനി

നിഷ്ഠുരഭ്രഷ്ടകർമ്മങ്ങളനേകവും
ഇഷ്ടപാലനത്തിന്നു ക്ഷമിക്കും ഞാൻ
എന്നെ വിറ്റുകളഞ്ഞതറിഞ്ഞു ഞാൻ
പിന്നെ ശത്രുക്കളെന്നെപ്പിടിച്ചീടും

കെട്ടും തല്ലുമിഴയ്ക്കും നിഷ്ഠുരമായ്
അടിക്കും ദേഹം പൊളിക്കും തല്ലിനാൽ
മുൾവടി വയ്ക്കും, കുരിശിൽ തൂക്കീടും,
തുറക്കും ഹൃദയത്തിന്നെ കുന്തത്താൽ.

ഇതെല്ലാം ക്ഷമിപ്പാനുറച്ചു ഞാൻ
പിതാവുമിതു കല്പിച്ചു നിശ്ചയം.
ലോകദോഷത്തിന്നുത്തരണം ചെയ്യേണം(?)
എങ്കിലന്യത്താൽ സമ്മതമായ്വരും.

www.TheCMSIndia.org

ഭ്രമിദണ്ഡവും തമ്പുരാനെ പ്രതി
ശങ്കിപ്പാൻ യോഗ്യമില്ലെന്നു കാട്ടുവാൻ
പരലോകസുഖമേകമാന്യമാം
ഉർവ്വിലോകരിതിനാലറിയണം.

എന്നുടെ ദുഃഖംകൊണ്ടു വലയും നീ
ഞാനതുകൊണ്ടു സഹിക്കമേററവും
മനസ്സിൽ സ്ഥിരം കൊള്ളുക നാമിനി
നമുക്കുള്ളവർ കല്പന കേട്ടിടാം.

ദിവ്യന്മാരിതു മുമ്പിലറിയിച്ചു
സർവ്വതും തികഞ്ഞീട്ടുമിതുകാലം
ഇടികൊണ്ടപോൽ സ്തംഭിച്ചു[1] കന്യക
വാടി കണ്ണുകൾ പെയ്തു പെരുമഴ.

ഒട്ടുനേരമഭാഷയായ് നിന്നിട്ടു
ഇടിമുട്ടിപ്പറഞ്ഞു മധൂത്തമാം
ഇത്ര ദുഃഖമിനിക്ക മറെറാന്നിനാൽ
വസ്തുവൊക്കെയും മുടിഞ്ഞാലും വരാ.

ദേവകല്പന കേട്ടേ മതിയാവൂ
തദ്വിരോധമോ യോഗ്യമല്ലൊട്ടുമേ
ദുഷ്ക്രമം കൂടെക്കൊണ്ടു ഞാൻ നിന്നുടെ
സങ്കടം കുറപ്പാൻ മമ വാഞ്ഛിതം.

അതുകൊണ്ടൊരു തളർപ്പുണ്ടാം മമ
ചേതസിയിതു കൂടാതെന്തു ഗതി.

1. സ്ഥാപിച്ചു

CHRISTIAN MUSICOLOGICAL SOCIETY OF INDIA
www.TheCMSIndia.org

ഇതു കേട്ടപ്പോൾ കല്പിച്ചു തമ്പുരാൻ
മാതാവേ! മമ കല്പന കേൾക്ക നീ.

ഇരുവരുടെ ദുഃഖം പൊറുക്ക നീ
ഇരുവരുടെ ദുഃഖവും ഞാൻ സദാ
ക്ഷമിപ്പാനിന്നുറച്ചു ഞാൻ നിശ്ചയം
ക്ഷമാഭാജനമാക മാതാവേ നീ.

ഇതു നമ്മുടെ വാവാടെ കല്പന
അതിനെ ധികച്ചീടുക നാമിനി.
ഇപ്പടി പുത്രൻ കല്പിച്ചു നേരത്തു
കല്പകമാതാവുത്തരം ചൊല്ലിനാൾ.

നിന്നുടെ ദുഃഖത്തിന്നു പ്രതിശ്രുതി
എന്നാരമാവിച്ചതേൽക്കമുദഗ്ര യഥാ
പോക പുത്ര! വിരോധമെന്നാകിലും
ലോകരക്ഷയിതിനാലുണ്ടായ്വരും.

എങ്കിലുമെന്നെക്കാളെനിക്കിഷ്ടനാം
നിന്നിലും പിതൃകല്പന സമ്മതം.
അന്നേരം സുതൻ മൂന്നാം നാൾ രാവിലെ
നിന്നെ കാണ്മതിന്നായ് [illegible] ഞാൻ.

പിന്നെയെന്നും മരണമുണ്ടായ്വരാ
എന്നതുകൊണ്ടധികം തെളിയും നീ.
ഈവണ്ണം പ്രശ്ന യാത്ര വഴങ്ങീട്ടു
പോയ് വിധിപോലെ പെസഹാ കല്പിച്ചു.

ഒമ്പതാം പാദം തികഞ്ഞു.

www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA



## പത്താം പാഠം

പുളിയാത്തപ്പം തിന്നോണ്ടും മുമ്പിലെ
നാളിൽ ശിഷ്യരടുത്തു ചോദിച്ചിതു:-
ഇവിസാഹാടെ[1] ഭക്ഷണമെവിടെ-
ക്കൊപ്പുക്രുട്ടേണമെന്നരുളീടുക.

അരുളിച്ചെയ്തു ശിഷ്യരോടന്നേരം
കരുണാകരൻ മിശിഹാ[2] തമ്പുരാൻ
പുരത്തിൽ നിങ്ങൾ ചെല്ലുമ്പോൾ നീക്കടം
ഒരുത്തൻ കൊണ്ടുപോകുമവനുടെ

സ്ഥലത്തിൽ നിങ്ങൾ ക്രുടവേ ചെല്ലുവിൻ
ഛാല[3] കാട്ടുമാവീട്ടിലെ നായകൻ
അതിൽ വിസാഹാ[4]വിരുന്നു ക്രുട്ടുവിൻ[5]
ഇതു കല്പനപോലെ ചെയ്താരവർ.

അക്രൂരമായൊരാടുപോൽ തമ്പുരാൻ
അക്കാലം മരിക്കുമെന്ന കാരണം
നിമ്മലസവ്വജ്ഞാനിയാം ദേവനും[6]
നിമ്മലമായോരാടു ഭുജിക്കണം[7]

ഞാട[8] ചുട്ടതും[9] പാത്തിറായും ദ്രുതം
വീടുതോറും ഭക്ഷിക്കേണമെല്ലാരും

---

1. ഇപ്പെസാഹെടെ ഭക്ഷണമെങ്ങു നാം
2. പരമപരൻ മിശിഹാതമ്പുരാൻ അരുളിച്ചെയ്തു ശിഷ്യജനത്തോടു:-
3. ശാല 4. പെസഹാ 5. ക്രുടുവിൻ 6. ദേവനു 7. നിമ്മലമുള്ളോരാടു ഭുജിക്കണം. 8. ആടതു 9. ചുട്ടു

www.TheCMSIndia.org

എന്ന പണ്ടൊരു പ്രമാണം കല്പിച്ച
തന്റെ ലോകക്കിതെത്രയുമാം[1] ദ്ദഢം.

അക്കല്പനാ[2]വിശേഷവും[3] സാമ്യവും
തികപ്പാനീശോ വിസാഫാ[4] തിന്നാത്ത്[5]
അത്താഴം[6] കഴിയുന്ന കാലമുടൻ
വസ്തുവൊക്കെയുമീശപരമുള്ളവൻ

ചിത്രമത്രെ[7] താൻ ചെയ്തൊരു വിസ്മയം
തത്ര ലോകേശനായ ദയാപരൻ[8]
ഷീല[9] പുററിത്തൻ[10]ശിഷ്യജനത്തിന്റെ[11]
കാൽ കഴുകി വിശുദ്ധി വരുത്തി[12] താൻ.

അതിൻ ശേഷമരുൾചെയ്തു നായകൻ[13]
കർത്താവെന്നതും ഗുരു ഞാനെന്നതും
എല്ലാരുമെന്നെ നിങ്ങൾ[14] വിളിച്ചീടും
ഉള്ളപോലതു ചൊല്ലീടുമെന്നുടെ

എളിമയുള്ള വൃത്തിയിൽ കണ്ടപോൽ
തെളിവോടിതു ചെയ്യേണം നിങ്ങളും
എളിമയുള്ളവൻ വല്ല്യവനാകും
... ... ... ... ... ... ... ...

---

1. ആദരം 2. ഈകല്പന 3. വിഷയവും 4. പെസഹാ 5. തിന്നിത്
6. നേരം 7. മെത്ര 8. ചിത്തഭക്തി എളിമ വിനയത്താൽ 9. ശീല
10. താൻ 11. ജനങ്ങടെ 12. വരുത്തിനാൻ 13. തമ്പുരാൻ 14. നിങ്ങളെന്നെ വിളിക്കുന്നു

CHRISTIAN MUSICOLOGICAL SOCIETY OF INDIA
www.TheCMSIndia.org

ഇവ ചൊല്ലീട്ടവൻ വികാരത്തോടും
ഭാവിദർശനം കൊണ്ടരുളിച്ചെയ്തു:–
"സത്യം നിങ്ങളിലൊരുത്തനൊററനായ്
ശത്രുക്കൾക്കെന്നെ കൈയ്യാളിക്കുമിതു[1]".

ആരെന്നെല്ലാരും ചോദിച്ചീടും വിധൌ
തിരിച്ചു സ്കറിയോത്തായെക്കാട്ടി താൻ
അതിന്റെ ശേഷം വാക്കിന്നഗോചരം
ഇതു തുല്യപ്രിയത്തിന്നു[2] ലക്ഷണം.

ആച്ഛകമാത്മാവിന്നുടെ രക്ഷയ്ക്കും
ആച്ഛ്യാശിഷ്ട[3] കുറുവാന നല്കിനാൻ
തൻ[4]ശരീരവും ചോരയും സത്തയും
രണ്ടും മാനുഷമംഗലദത്തമായ്

ഉള്ളിൽ ചേർന്നിരിപ്പാൻ പ്രിയത്താലത്രം
കൊള്ളുക നല്ലു[5] മിശിഹാ കല്പിച്ചു
റെപ്പോഴുമൊള്ള ഭക്ഷണസാധനം
അപ്പംകൊണ്ടു ശരീരം വിലം[6] വരും.

മുന്തിരിങ്ങാ ഫലരസപാനത്താൽ
സന്തോഷമുണ്ടാം നശിക്കും ദാഹവും[7]
ഇതു രണ്ടിനാൽ ഗുണമത്മാവിന്നു[8]
വരുമെന്നതിനർത്ഥമറിയിപ്പാൻ

---

1. കൈയ്യാളിച്ചീടുമേ 2. അതുല്യപ്രിയത്തിന്നുടെ 3. അച്ഛ്യ 4. വിശുദ്ധ–ശരീരവും ചോരയും 5. എന്നു 6. ശരീരബലം 7. ദാഹവും തീർന്നിടു
8. രണ്ടിൽ ഗുണം കൊള്ളുമാത്മാവിന്നും

www.TheCMSIndia.org

തദ്രൂപങ്ങളിൽ രഹസ്യമാക്കിനാൻ[1]
തദ്രൂപങ്ങളിൽ തന്നെ മറച്ചു താൻ
എന്നതേയകന്നീടാതിരിപ്പാനും[2]
ഇസ്നേഹോപായം കല്പിച്ചു തന്നതു.

അന്നു ശിഷ്യർക്കു പട്ടം കൊടുത്തു താൻ
പിന്നെ ചാരെയൊരുളരുളിച്ചെയ്തു താൻ
കേട്ടുകൊള്ളുവിനെന്റെയുണ്ണികളേ
ഒട്ടും വൈകാതെ പോകുന്നു ഞാനിതാ.

പുത്തനായുള്ള പ്രമാണം നല്കും ഞാൻ
അതാകുന്നെന്റെ ശിഷ്യർക്കു ലക്ഷണം
നിങ്ങളെ ഞാൻ സ്നേഹിച്ചന്നതു പോലെ
തങ്ങൾതങ്ങളിൽ സ്നേഹമുണ്ടാകണം.

ഞാൻ പോകുന്നസ്ഥലത്തിങ്കലെത്തുവാൻ
ഉപായം നിങ്ങൾക്കിപ്പോളുണ്ടാസ്തരാ
ഇപ്പോൾ കൂടാത്തതെന്തുകൊണ്ടെന്നതു
കെപ്പാ കൂടെ മരിപ്പൻ ഞാനെന്നവൻ

നീ മരിക്കുമോയെന്നരുളിച്ചെയ്തു
ശീമോൻ കെപ്പായെ കേട്ടുകൊൾകെങ്കിൽ നീ
ഈ നിശ കോഴി കൂകുന്നതിൻമുമ്പിൽ
മൂന്നു വട്ടം നീയെന്നെയുപേക്ഷിക്കും.

ഞാൻ പോകും സ്ഥലം നിങ്ങൾക്കുണ്ടാകുവാൻ
ഞാൻ പറയുന്ന വാക്കുകൾ കേട്ടാലും

---

1. മായതു 2 പ്പാനായ്

www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA



എന്നോട്ടുകൂടെ വാഴേണമെങ്കിലോ
എന്നെ സ്നേഹമുണ്ടെങ്കിലും കല്പന

ഉപേക്ഷിക്കാതനുസരിച്ചീടേണം;
ഞാൻ പോയിട്ടു നിങ്ങൾക്കുള്ള പീഡകൾ
പോക്കുവാൻ നിങ്ങൾക്കുള്ളിലെ മാന്ദ്യസം
പോക്കുവാൻ പിന്നെ റൂഹായെയയപ്പൻ.

മുന്തിരിങ്ങാ വള്ളിയുടെ കൊമ്പതിൽ
നിന്നു വേർപെട്ടാൽ കായോടു കൂടുമോ
എന്റെ സ്നേഹത്തിൽനിന്നു വേർപെട്ടവൻ
അഗ്നിക്കു മാത്രം കൊള്ളാമക്കൊമ്പുപോൽ.

എന്നിൽനിന്നുള്ള സഹായം നീങ്ങിയാൽ
പിന്നെ വാടിയുണങ്ങുമക്കൊമ്പുപോൽ
എന്നെ നിശ്ചലം സ്നേഹമുണ്ടാകിലോ
നന്നാകും പാലിച്ചീട്ടുമക്കൊമ്പു പോൽ.

ഞാൻ സഹായമില്ലാതൊരു കാര്യവും
നിങ്ങൾക്കു സാദ്ധ്യമായ്വരാ നിർണ്ണയം
എന്നിൽ നിന്നകലാതെ നിന്നീടുകിൽ
എന്നാൽ നിങ്ങൾക്കു ഞാൻ തുണ സന്തതം.

ഞാൻ പോകുന്നതിനാൽ വരും മുട്ടുകൾ
അപായമതുകൊണ്ടുള്ള സംഭ്രമം
നീക്കുവിൻ ശുഭം നിങ്ങൾക്കു കൂട്ടുവാൻ
... ... ... ... ... ... ... ... ...

www.TheCMSIndia.org

എൻ നാമത്താലപേക്ഷിച്ചതൊക്കെയും
ഞാൻ നിങ്ങൾക്കുളവരുത്തിത്തരുവൻ
ഇതരുൾ ചെയ്തശേഷവും തന്നുടെ
പിതാവിൻസ്തുതി ചൊന്നതിൻശേഷവും.

ചിത്തേ തെളിവും ഭൂമിക്ക തെളിവും
അസ്തമിച്ചിട്ടെഴുന്നെള്ളി തമ്പുരാൻ
തൻപുരത്തിലെ സൗഖ്യമായപ്പോഴേ
അപ്പോൾ കൂടെ പുറപ്പെട്ടു നിശ്ചയം.

ഈശോനായകൻ ചൊന്നൊരു തോപ്പിങ്കൽ
തൻ ശിഷ്യരെ ദൂരത്തിങ്കൽ പാർപ്പിച്ചു
തൻപ്രതാപസാക്ഷികളിൽ മൂവരെ
താൻ തിരിച്ചു കൊണ്ടുപോയരുൾചെയ്തു.

മരണാധികമോസത പ്രാപിച്ചു
പരീക്ഷതന്നിൽ വീഴാതിരിപ്പാനായ്
ഉണന്നു നിങ്ങൾക്കിപ്പോൾ ദയാബലം
ഉണ്ടാവനായി പ്രാത്ഥിച്ചുകൊള്ളണം.

എൻപ്രാണാവധിയടുത്തിരിക്കുന്നു
അല്പം പിന്നെയും നീങ്ങീട്ടു കുമ്പിട്ടു
സ്വപിതാവോടപേക്ഷിച്ചു ചൊല്ലീതു
എൻപിതാവുടെ സമ്മതമെങ്കിലോ.

ദുസ്സഹ്യമീ ദുഃഖമൊഴിക്ക നീയേ
മനക്കാമ്പതിൽ തികയ്ക്കു കേവലം
തികപ്പാൻ തെളിഞ്ഞില്ലെങ്കിൽ നിന്നുടെ
ഉൾക്കാമ്പിലതിൽ ശ്രദ്ധ വജ്ജിക്ക നീ.

CHRISTIAN MUSICOLOGICAL SOCIETY OF INDIA

www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

പിന്നെ ശിഷ്യരെക്കൊണ്ടൊന്നെഴുന്നെള്ളി
സ്വപ്നത്തിലകപ്പെട്ടതു കണ്ടു ഞാൻ
എന്നോടു കൂടെയുണൎന്നിരിപ്പാനായ്
നിങ്ങൾക്കിപ്പോളസാധ്യമെന്നായിതോ.

മനസ്സാകിലും ദുർബലപാത്രങ്ങൾ
എന്നറിഞ്ഞു ഞാനെന്നു പ്രഭുത്തമൻ
പിന്നെയും നമസ്കരിച്ചു രക്ഷകൻ
മുമ്പേപ്പോലെയുറങ്ങി ശിഷ്യ(ന്മാ)രും.

മൂന്നാംവട്ടം വരുന്ന ദുഷ്കർമ്മവും
തൽക്ഷമഫലമെന്നു ധരിപ്പോരും
പുരുക്കളെന്നും ആളുകളേറെയും
നരകത്തിങ്കൽ വീഴുവോരെന്നതും

ചിന്തിച്ചിട്ടുള്ള താപമഹത്ത്വത്താൽ
തൻതിരുമേനി ചോരവിയൎത്തുതാൻ
ചിന്തി കണ്ണിലും ക്ഷതമൊഴുകിനാൻ
രക്തസ്വേദത്താൽ നനച്ചു ഭൂതലം.

അന്നേരമൊരു മാലാക വന്നുടൻ
തന്നെ വന്ദിച്ചുണൎത്തിനാനിങ്ങനെ
അജയപ്രഭു നീയല്ലോ നിന്നുടെ
തേജസ്സിന്നു സമമോ ജഗത്ത്രയം.

അനന്തനിൎദ്ദോഷമഹത്ത്വത്തിന്നും
ഹീനാന്തധൎമ്മമഹത്ത്വംകൊണ്ടു നീ

www.TheCMSIndia.org

ദേവാനീതിക്കു പകരം വീട്ടുവാൻ
ഭൂമീങ്കൽ നരനായ സർവ്വപ്രഭോ.

നിന്തിരുനാമാർത്ഥമറിഞ്ഞതല്ലോ നീ
നിൻപിതാവിനുമിഷ്ടമറിവതു
സാമ്യമില്ലാത്ത ദയവു കണ്ടവർ
ഞങ്ങളെല്ലാരും ഘോഷിക്കും നിൻജയം.

ചെയ്ത്താന്മാരുടെ തോൽവി കണ്ടെങ്കിലോ
ചെയ്ത്താൻ താനുമിതിനു ശത്രു വരാ
പുണ്യജന്മാരാം ജനങ്ങളൊക്കവേ
ത്രാണം നിന്നോടു പ്രാർത്ഥിച്ചിരിക്കുന്നു.

എന്തിതൊക്കെ കേൾപ്പിക്കുന്നു ഞാൻ വൃഥാ
നിൻതേജസ്സു പരയായ് ഭവിച്ചിതാ
സർവ്വജ്ഞനെല്ലാമറിഞ്ഞിരിക്കുന്നു
സർവ്വസാരനിധി മഹാവീര്യവാൻ.

ഇതു മാലാകാസപന്നായകാന്തരാ–
ഭൂതം ചൊന്നു ശിഷ്യരോടരുൾചെയ്തു;
എന്നെയൊററിയവനടുത്തീടുന്നു
അങ്ങോട്ടു പോക നാം മടിച്ചീടാതെ.

പന്തം കുന്തം വാൾ വിൽ മുത്തടി വടി
സന്നാഹമോടന്നൊററരും കൂട്ടരും
വന്നു കൂടി മിശിഹായും ചോദിച്ചു;
... ... ... ... ... ... ...

CHRISTIAN MUSICOLOGICAL SOCIETY OF INDIA
www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

നിങ്ങളാരെയന്വേഷിച്ചു വന്നതു?
ഞങ്ങളീശോനസറായെന്നവനെ.

'ഈശോ ഞാൻതന്നെ'യെന്നു മിശിഹായും
നീചവൃന്ദമതു കേട്ടു വീണുടൻ
ചത്തപോലവർ വീണു കിടക്കിലും
ശത്രുതത്തിന്നിളക്കമില്ലാതാനം.

പിന്നെയുമെഴുന്നേററു സ്കറിയോത്താ
മുന്നമൊത്തപോൽ മുത്തി മിശിഹായെ
അടയാളമറിഞ്ഞു ശേഷിച്ചവർ
അടുത്തു പിടിപ്പാനല്ല വൈരത്താൽ.

ശീമോൻ കെപ്പാ വാളൂരിയൊരുത്തനെ
തിന്മയ്ക്കധീനമാം ചെവി ഛേദിച്ചു
മിശിഹായതു വിലക്കിയച്ചെവി
ആശ്ചര്യം വച്ചു താൻ കേടു തീർത്തുടൻ.

അന്നേരം വിശപ്പേറിയ വ്യാഘ്രം ദപോൽ
ചെന്നു കെട്ടി വലിച്ചു മിശിഹായെ
ഉന്തി താഡിച്ചു ചവുട്ടിക്കൊണ്ടുദപായ്
അന്നടേ മുമ്പിൽകൊണ്ടു നിറുത്തിനാൻ.

താൻ ശാസ്ത്രും പട്ടക്കാരനന്വേഷിച്ചു
മിശിഹായുമവനോടതുരചെയ്തു:
എന്തിനെന്നോടു ചോദിച്ചീടുന്നു നീ
അന്നേരം കേട്ടവരോടന്വേഷിക്ക.

www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

ആരുമേയറിയാതല്ലിരിക്കുന്നു
നേരെല്ലാമറിഞ്ഞീടാം നീ ചോദിക്ക
പട്ടക്കാരനോടിതോയെന്നൊരുത്തൻ
അടിച്ചു മിശിഹാടെ കവിളിന്മേൽ.

അന്നേരം നാഥൻ കല്പിച്ചവനോട്
ചൊന്നതിൽ കുററമുണ്ടെങ്കിൽ ചൊല്ലു നീ
നല്ല ന്യായം പറഞ്ഞു ഞാനെങ്കിലോ
ചൊല്ലു നീയടിപ്പാനെന്തവകാശം.

അവിടേന്നു കൈയ്യെപ്പാടെ വാസത്തിൽ
തൻവിധി കേൾപ്പാൻ നാഥനെക്കൊണ്ടുപോയ്
മേൽപട്ടക്കാരനിരിക്കും മന്ദിരേ
കെപ്പാ പിന്നാലെ ചെന്നു ഗുരുപ്രിയൻ.

ഒരുത്തിയവനോട് ചോദിച്ചപ്പോൾ
ഗുരുവിനെയുപേക്ഷിച്ചു പിടിയാൽ
മൂന്നു വട്ടവും തൻഗുരുവിന്നുടെ
ശിഷ്യനല്ലെന്നു ചൊല്ലിയ നേരത്തു.

കോഴി കൂകി മിശിഹായെ നോക്കിനാൻ
അഴൽ പൂണ്ടവനറിഞ്ഞു ദുഷ്കൃതം
കോഴി കൂകുന്നതയാൾ കേട്ടാൽ മനം
അഴിവോട് കരഞ്ഞു പിന്നെസ്സദാ.

മുമ്പേ കൂടെ മരിപ്പാനിരുന്ന താൻ
വമ്പുകാരരെക്കണ്ടു ഭയപ്പെട്ടു

www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

മിശിഹാടെ സഭയ്ക്കു കൽത്തൂണിതു
ഭ്രംശിക്കുമ്പോഴെ ആയുടനെ സ്ഥിരം

കൈയ്യപ്പായുമാ ലോകരിൽ മുഖ്യരും
ഭയം വിട്ടു മിശിഹായെക്കൊല്ലിപ്പാൻ
ന്യായകാരണം വേണമെന്നുണ്ടല്ലോ
ആയതിനവർ സാക്ഷി നിറുത്തിനാർ.

സാക്ഷി പോരാഞ്ഞു വൈരികരം (?)
സാക്ഷിച്ചു താൻ സർവ്വേശൻെറ നാമത്താൽ
തമ്പുരാൻെറ നാമത്താലെ ചൊല്ലു നീ
തമ്പുരാൻെറ പുത്രൻ നീയാകുന്നിതോ?

എന്നു കൈയ്യപ്പ ചോദിച്ച നേരത്തു
ഉന്നതനായ നാഥനരുളചെയ്തു
തമ്പുരാൻെറ പുത്രൻ ഞാനറിക നീ
തമ്പുരാൻെറ പ്രഭാവത്തൊടും കൂടെ.

എൻെറ വരവും മേഘത്തിൽക്കണ്ടിടും
എൻെറ ലോകരന്നെന്നെയറിഞ്ഞീടും
എന്നരുളചെയ്ത നേരത്തു കൈയ്യപ്പാ
ചൊന്നിതു മററുസാക്ഷികളെന്തിന്നു.

തമ്പുരാനിവനെന്നു പറഞ്ഞപ്പോൾ
തമ്പുരാനെ നിന്ദിച്ചവൻ നിശ്ചയം
മരണത്തിന്നു യോഗ്യനിവൻ ന്യൂനം
കാരുണ്യം വേണ്ട ചത്തേ മതിയാവൂ.

www.TheCMSIndia.org

കാര്യക്കാരനിവനെക്കൊട്ടുക്കണം
ദുരിതം ചെയ്തു കൊല്ലേണം നിശ്ചയം
ഈവണ്ണമിവ കല്പിച്ചു ലോകരും
ഔവ്വണ്ണം തന്നെ ചിന്തിച്ചുറപ്പിച്ചു.

തല്ലി ത്തള്ളിയടിച്ചിടിച്ചാരവർ
തലയിൽ മുടി പറിച്ചു ദോഷിച്ചു
തൻതിരുമുഖത്തൊക്കെയും തുപ്പിനാർ
ജന്തുവോടിതു കാട്ടുമോയിങ്ങനെ.

ഭൂമഹാപാപം പൊറുപ്പാനായതും
ക്ഷമിച്ചൊക്കെ മഹാദുഃഖവാരിധി
മാനുഷരുടെ രക്ഷാദാഹത്താലും
തീൻ വൈരം വൈരസ്യഫലമിതു.

ക്രിശ്ശു (ക്രൂശ്ശു)ത്തിന്നുടെ സമുദ്രേ മുങ്ങുന്നോൻ
ക്രിശ്ശാ (ക്രൂശ്ശാ)ദി മഹാസങ്കടം പുക്കിതു
മിശിഹായുടെയാഴത്തിലെ പ്രഭാ-
നാശംകൊണ്ടു വലഞ്ഞു ഭയങ്കരം.

പത്താം പാദം തികഞ്ഞു

## പതിനൊന്നാം പാദം

ആകാശത്തിൽ നിന്നൊഴിഞ്ഞു താമസി
ദുഷ്കൃതി മനോവാസം ഗമിച്ചുടൻ[1]

1. ദുഷ്കൃതജനമാനസേ, പ്രാപിച്ചു; അഘാന്ധകാരം മുഴുത്ത മാനസേ

CHRISTIAN MUSICOLOGICAL SOCIETY OF INDIA

www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA



പ്രകാശം നീളെ വ്യാപിച്ചിരിക്കിലും
അകക്കാമ്പിൽ പുലച്ച്യേ[1]ട്ടത്തില്ല.

*

പുലർകാലേ മഹായോഗവും കൂടി
കൊലയ്ക്കു വട്ടംകൂട്ടി പുറപ്പെട്ടു
വീര്യവാനായ സർവ്വേശൻ പുത്രനെ
കാര്യക്കാരൻെറ പക്കൽ കൈയ്യാളിച്ചു.

സ്കറിയോത്ത മിശിഹായെക്കൊല്ലുവാൻ
ഉറച്ചെന്നതറിഞ്ഞവനന്നേരം
ഖേദിച്ചു പട്ടക്കാരരെ(നെ)ക്കണ്ടവൻ
ദ്രവ്യം[2] വീണ്ടും കൊടുത്തുടൻ[3] പീഡിതൻ.

ദോഷമില്ലാത്ത ഈശോനെ വിററതു
ദോഷമത്രേ കഷ്ടമെനിക്കെന്നവൻ
വാങ്ങിയ കാശെറിഞ്ഞു കൊടുത്തവൻ[4]
തന്നെത്താൻ തൂങ്ങി ദുർജ്ജനം ചത്തതു.[5]

ആ ദിക്കിൽ ശവമടക്കവാൻ നിലം
ആ ദ്രവ്യം കൊടുത്തുകൊണ്ടു യൂദരും
ദിവ്യന്മാർ മുമ്പേയെഴുതി വച്ചതു[6]
ഒവ്വണ്ണമതിൻെറ തികവായതു.

പീലാത്തോസിൻെറ ന്യായത്തിൽ നാഥനെ
ഏല്പിച്ച നേരം കുററം ചോദിച്ചിതു(ച്ചവൻ)

---

1. പുലച്ച്യടുത്തില്ല. *അതുകാരണം ദുഃഖാപസ്ധമഗനരായ് മതിഹീനജനങ്ങളാം യൂദന്മാർ, എന്നു കൂടുതൽ 2. തദ്രവ്യം 3. കൊടുത്തു 4. കാശെറിഞ്ഞവിടെയവൻ 5. തൂങ്ങി തന്നെത്താൻ ദുർജ്ജനം ചത്തിതു 6. ദിവ്യന്മാരിതു മുമ്പെഴുതിവച്ചു.

www.TheCMSIndia.org

ദുഷ്ടനല്ലെങ്കിൽ അവനെയിവിടെ[1]
കൊണ്ടുപോരുവാൻ[2] സംഗതിയാകുമോ?

* ഇങ്ങനെ യൂദർ പിലാത്തോസുത്തരം
ആ ലോകരവനോടറിയിച്ചിതു
സാക്ഷാൽ നിങ്ങൾക്ക[3] ചിന്തിച്ചാൽ മുഷ്കരം
ശിക്ഷിപ്പാനില്ലെന്നിങ്ങനെ യൂദരും.

രാജദൂതനീശോനോടു ചോദിച്ചു
രാജാവാകുന്നോ നീ നേരു ചൊല്ലുക.
അന്നേരം നാഥൻ രാജാവു ഞാൻ തന്നെ
എന്നുടെ രാജ്യം ഭൂമിയ്ക്കടുത്തല്ല.

ഞാൻ രാജാവായ് പിറന്നു പട്ടാങ്ങയ്ക്കു
സാക്ഷിപ്പാനായി ഭൂമിയിൽ വന്നതു
ആലോകരോട[4]ധികാരി ചൊന്നപ്പോൾ
കൊലയ്ക്കു യോഗ്യം കണ്ടില്ലിയാൾക്ക ഞാൻ.

ശ്ലീലക്കാരനീശോനെന്നറിഞ്ഞപ്പോൾ
പിലാത്തോസയച്ചെറോദേശം പക്കൽ
ഹെറോദേശു പല പല ചോദ്യങ്ങൾ
അറപ്പു[5] ചോദ്യം നീചകൻ ചോദിച്ചു.

---

1. ഇവനെ 2. വന്നീടാൻ 3. ഞങ്ങൾക്ക 4. ഭൂലോകർ 5. നാണമില്ലാതെ

* "നിങ്ങടെ ന്യായത്താടെത്തിട്ടും യഥാ
ശിക്ഷിപ്പാനെന്നാൽ നിങ്ങൾക്ക തോന്നുംപോൽ
ശിക്ഷിപ്പാൻ കുറ്റം കണ്ടില്ലവനു ഞാൻ"
പിലാത്തോസിതു ചൊന്നതിനുത്തരം
മാലോകരവനോടറിയിച്ചിതു (എന്നു കൂടുതൽ)

CHRISTIAN MUSICOLOGICAL SOCIETY OF INDIA
www.TheCMSIndia.org

മിശിഹായും മിണ്ടാതെ നിന്നു തദാ
ഈറൊദനെയവൻ നിന്ദിച്ചു കശ്മലൻ
വെളുത്തൊരു കുപ്പായമിടിയിച്ചു
എളുപ്പത്തോടയച്ചവൻ നാഥനെ.

വീണ്ടും പിലാത്തോസിൻ പക്കൽ നാഥനെ
കൊണ്ടുവന്നു നരസമസഞ്ചയം[1]
പൈശൂന്യത്താലെയീശോനെക്കൊല്ലുവാൻ[2]
ആശ[3] ലോകർക്കറിഞ്ഞധികാരിയും.

അയാളെ രക്ഷിപ്പാനമയപ്പാനും
ആയതിന്നു പിലാത്തോസ്സു വേലയായ്
ഭാര്യയന്നു ചൊല്ലിവിട്ടു തൽക്ഷണം
നീയതിക്രമിപ്പാൻ തുടങ്ങുന്നവൻ.

ന്യായസമ്മതമുള്ളവൻ പുണ്യവാൻ
നീയവനോടു നിഷ്കൃപ ചെയ്യല്ലേ
അവൻമൂലമീരാത്രി വലഞ്ഞു ഞാൻ
അവനോടുപദ്രവിപ്പാൻ പോകല്ലേ.

എന്നവൾ ചൊല്ലിവിട്ടതു കേട്ടപ്പോൾ
എന്നതു കൊണ്ടു ശങ്കിച്ചധികാരി
എന്നാലെന്തൊരുപായമിതിന്നെന്നു
തന്നുള്ളിലവൻ ചിന്തിച്ചനേകവും.

മൂന്നാമേ പെരുനാൾ സമ്മതത്തിന്നു
അന്നൊരു പിഴയാളിയെ വിടുവാൻ

1. നരാധമ 2. ഈശോയെ 3. സ്ഥദക്ക

CHRISTIAN MUSICOLOGICAL SOCIETY OF INDIA
www.TheCMSIndia.org

ന്യായമുണ്ടല്ലോ യൂദക്കുത്തുകൊണ്ടു
ആയതിനെന്നാലീശനെ രക്ഷിപ്പാൻ.

ഇന്നതിനൊഴിവുണ്ടാകുമെന്നിട്ടു
നന്നായുള്ളിലുറച്ചു തെളിഞ്ഞവൻ
അതുകൊണ്ടു പിഴയാത്ത നാഥനെ
ഘാതകനായ മററു പാപിയേയും.

വരുത്തി ലോകരോടവൻ ചോദിച്ചു
ആരെയിപ്പോളയയ്ക്കേണം ചൊല്ലുവിൻ
ശിഷ്ടനെ വേണ്ട ദയവില്ലൊട്ടുമേ
ദുഷ്ടനാം മഹാപാപിയെ വീണ്ടവൻ.

സർവ്വമംഗളനീതിയെക്കാളവർ
സർവ്വദുഷ്ടനെ സ്നേഹിച്ചു രക്ഷിച്ചു
അന്നേരം യൂദന്മാരോടധികാരി
എന്നാലീശനെക്കൊണ്ടെന്തു വേണ്ടതു.

ചൊല്ലിക്കൊള്ളുവിനെന്നു പിലാത്തോസ്സും
ചൊല്ലിയൂദരധികാരിയോടുടൻ
കരിശിലവനെ നിർത്തി ത്തൂക്കുക
അരിശത്താലവരിതു ചൊന്നപ്പോൾ.

കല്ലുപോലെയുറച്ച മനസ്സിനെ
അല്ലൽ തോന്നിച്ചഴിവു വരുത്തുവാൻ
ചൊല്ലി പിലാത്തോസ്സതിന്നുപായമായ്
തല്ലു കല്പിച്ചു കെട്ടിച്ചു നാഥനെ.

CHRISTIAN MUSICOLOGICAL SOCIETY OF INDIA
www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

വൈരിപക്ഷത്തിലാകുന്ന സേവകർ
ശരീരമുള്ളോനീയാളെന്നോക്കാതെ
ചമ്മട്ടി വടി കോർമുൾത്തുടരുകൾ
മാംസം ചിന്തുവാനാണിക്കെട്ടുകളും.

കോപ്പുകൾ കൂട്ടി കെട്ടി മുറുക്കിയാർ
കുപ്പായത്തോടു ദയവൊഴിച്ചവർ
തല്ലീട്ടാലാസ്യമുള്ളവർ നീങ്ങീട്ടു
തല്ലി വൈരികൾ പിന്നെയും പിന്നെയും.

ആളുകൾ പലവട്ടം പകന്നിട്ടു
ധൂളിച്ചു തല്ലി മാംസവും ചോരയും
അന്തമററ ദയാനിധി സ്വദേഹം
ചിന്തി വീഴുന്നതെന്തു പറയാവൂ.

തലതൊട്ടടിയോളവും നോക്കിയാൽ
തൊലിയില്ലാതെ സവ്വം മുറിവല്ലോ
ഒഴുകുന്ന പുഴയെന്നതുപോലെ
ഒഴുകിച്ചോര മാംസഖണ്ഡങ്ങളും.

പുലിപോലെ തെളിഞ്ഞവരന്നേരം
പല പാടുകളേല്പിച്ചകാരണം
മരിക്കത്തക്ക ശിക്ഷ പലവട്ടം
ധീരതയോടു ചെയ്തവരെങ്കിലും.

മരണസ്ഥലമവിടെയല്ലാഞ്ഞു
മരിച്ചില്ല താനെന്നേ പറയാവൂ

www.TheCMSIndia.org

മുള്ളാലെ മുടി വച്ചു തലയതിൽ
കൊള്ളുവാൻ വച്ചു തല്ലിയിറക്കിനാർ.

ഭാഷിച്ചു പിന്നെ രാജാവിനെപ്പോലെ
തൊഴുതു വന്ദിച്ചേററം പറഞ്ഞവർ
ഈശോതാനൊരക്ഷരം മിണ്ടാതെ
കുറ്റമെല്ലാം ക്ഷമിച്ചു ലോകം പ്രതി

മാനുഷരിതു കണ്ടാൽ മനം പൊട്ടും
ദീനരായ മഹാദുഷ്ടരെങ്കിലും
ഇങ്ങനെ പലപാടുകൾ ചെയ്തിട്ടു
അങ്ങു യൂദരെക്കാട്ടി മിശിഹായെ.

അതുകൊണ്ടവർ വൈരമൊഴിപ്പാനായ്
ഇതു കാപുരുഷനെന്നു ചൊല്ലിനാർ
നീശസംശയം പോകുവിനെന്നപ്പോൾ
ആൾ പൂണ്ട പിലാത്തോസു ചൊന്നപ്പോൾ.

നേശാനുഗ്രഹമില്ലാതെ പിന്നെയും
നീചഘാതകയൂദരും ചൊല്ലിനാർ
'കുരിശിൽ തൂക്കുകെ'ന്നവർ ചൊന്നപ്പോൾ
കാരണം കണ്ടില്ലെന്നു പിലാത്തോസും.

എന്നതു കേട്ടു യൂദരുരചെയ്തു
അന്നേരം നാഥനു കുററമായിട്ടു
തമ്പുരാൻ പുത്രനാകുന്നിവൻ പോലും
തമ്പുരാനെ നിന്ദിച്ചു പറഞ്ഞവൻ.

ഇമ്മഹാനിന്ദ വാക്കു പറകയാൽ
തന്മൂലം മരണത്തിനു യോഗ്യനായ്

CHRISTIAN MUSICOLOGICAL SOCIETY OF INDIA
www.TheCMSIndia.org

ഇങ്ങനെ യൂദർ ചൊന്നതു കേട്ടപ്പോൾ
അന്നു പിലാത്തോസ്സേറെ ശങ്കിച്ചവൻ.

ഉത്തമൻ മിശിഹായോടു ചോദിച്ചു
ഉത്തരമൊന്നും കേട്ടില്ല തത്ക്ഷണം
എന്നോടെന്തിപ്പോൾ നീ പറയാത്തതു
നിന്നെക്കൊല്ലിപ്പാൻ മുഷ്കരൻ ഞാനല്ലോ.

വീണ്ടും നിന്നെയയപ്പാനും ശക്തൻ ഞാൻ
രണ്ടിനും മുഷ്കരമെനിക്കുണ്ടല്ലോ
എന്നറിഞ്ഞു നീയെന്നോടു നേരുകൾ
ചൊന്നു കൊള്ളുകയെന്നു പിലാത്തോസും.

അന്നേരം മിശിഹായരുളിച്ചെയ്തു:-
തന്നു മേൽനിന്നു നിനക്കു മുഷ്കരം
അല്ലെങ്കിൽ നിനക്കില്ലൊരു മുഷ്കരം
എല്ലാം മുമ്പേയറിഞ്ഞിരിക്കുന്നു ഞാൻ.

അതുകൊണ്ടെന്നെയേല്പിച്ചവനുടെ
വൃത്തിദോഷമതേറുമെന്നീശോ താൻ
കാര്യക്കാരനയപ്പാൻ മനസ്സതും
വൈരികൾ കണ്ടു നിലവിളിച്ചിതു.

കേസർ തന്റെ തിരുവുള്ളക്കേടതും
ഈ സംശയം (? അസംശയം) നിനക്കു വരുത്തുവാൻ
ആയതല്ലാതെ രാജൻ ഞങ്ങൾക്കില്ല
ആയങ്കമിവൻ വിരോധിച്ചു പിന്നെ.

www.TheCMSIndia.org

താൻ രാജാവെന്നു നടത്തി ലോകരെ
നേരെ ചൊല്ലി കീഴാക്കിയവനിവൻ
കുരിശിന്മേൽ പതിക്ക മടിയാതെ
കാര്യക്കാരനതു കേട്ടു ശങ്കിച്ചു.

കുററമില്ലാത്തവനുടെ ചോരയാൽ
കുററമില്ലെനിക്കെന്നുരചെയ്തവൻ
കഴുകി കയ്യും യൂദരതുകൊണ്ടു
പിഴയെല്ലാം ഞങ്ങൾക്കായിരിക്കട്ടെ.

എന്നു യൂദന്മാർ ചൊന്നതു കേട്ടപ്പോൾ
അന്നേരം പിലാത്തോസു കാര്യക്കാരൻ
കുരിശിലിപ്പോളീശോനെ തൂക്കുവാൻ
വൈരികൾക്കനുവാദം കൊടുത്തവൻ.

വലിയ തടിയായ കുരിശതും
ബലഹീനനീശോനെയെടുപ്പിച്ചു
ഉന്തിത്തള്ളി വീഴിച്ചു മിശിഹായെ
കുത്തി പുണ്ണിലും പുണ്ണു വരുത്തിനാർ.

ചത്തുപോയ മൃഗത്തിനെ ശ്വാക്കൾ പോൽ
എത്തി വൈരത്താൽ മാന്തുന്നു നുള്ളുന്നു
പാപികൾ ബഹുമത്സരക്കൂട്ടങ്ങൾ
കൃപയററവർ ചെയ്യുന്നനവധി.

ഇതു കണ്ടിട്ടു സ്ത്രീകൾ മുറയിട്ടു
സന്താപമീശോ കണ്ടരുളിച്ചെയ്തു;
എന്തേ നിങ്ങൾ കരയുന്നു സ്ത്രീകളേ
സന്തതീനാശമോർത്തു കരഞ്ഞാലും.

www.TheCMSIndia.org

എന്റെ സങ്കടം കൊണ്ടു കരയണം
തന്റെ തന്റെ ദോഷങ്ങളെദയാത്തിട്ടും
നിങ്ങൾക്കേറിയ പീഡയ്ക്കൂവകാശം
... ... ... ... ... ... ... ...

ഒരു സ്ത്രീയപ്പോൾ ശീലയെടുത്തുടൻ
തിരുമുഖത്തിൽ ശുദ്ധി വരുത്തിയാൾ
ശീല പിന്നെ വിരിച്ചുടൻ കണ്ടപ്പോൾ
ശീലയിൽ തിരുമുഖരൂപമുണ്ടു.

അതു കണ്ടവർ വിസ്മയം പൂണ്ടുടൻ
അതിന്റെ ശേഷം സർവ്വദയാപരൻ
വലഞ്ഞും വീണും കാകുൽഥമലയിൽ
ആവസ്യത്തോടു ചെന്നു മിശിഹാ താൻ.

കുപ്പായമുടൻ പറിച്ചു യൂദന്മാർ
അപ്പോഴേ കുരിശിന്മേൽ മിശിഹായെ
ചരിച്ചങ്ങു കിടത്തി നിഷ്ഠുരമായ്
കരം രണ്ടിലും കാലുകൾ രണ്ടിലും

ആണി തറച്ചുടൻ തൂക്കി മിശിഹായെ
നാണക്കേടു പറഞ്ഞു പലതരം
കുരിശിന്മേൽ കുററത്തിന്റെ വാചകം
കാര്യക്കാരനെഴുതിത്തറച്ചിതു.

സാംതീത്ഥമീശോ നസ്രായിലുള്ളവൻ
യൂദന്മാരുടെ രാജാവിയാളെന്നും
ലത്തീനിലാവൂറായിൽ യൗനായിലും
ഇത്തരം മൂന്നു ഭാഷയെഴുത്തിതു.

www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA



കുരിശു പൊക്കി നിറുത്തി പാറയിൽ
ഞരമ്പിൻവലി ദുഃഖമൊപ്പിക്കാമോ
സൂര്യനന്നേരം മയങ്ങീ ഭൂതലേ
ഇരുട്ടു മൂടി കറുത്തു രാത്രിപോൽ.

ഉച്ചനേരത്തെന്തിങ്ങനെ കണ്ടതു
ആശ്ചര്യമിതു നിശ്ചര്യകർമ്മത്താൽ
കുലുങ്ങീ ഭൂമി കഷ്ടമറച്ചിട്ടു
കല്ലുകൾ പൊട്ടി മഹാദുഃഖം യഥാ.

ആത്മാവു പല ശവങ്ങളിൽ പുക്കു
ഭൂമിയിൽ നിന്നു പുറപ്പെട്ടു ചിലർ
പ്രാണനില്ലാത്തവർ കൂടെ ദുഃഖിച്ചു
പ്രാണനുള്ളവർക്കില്ലയനുഗ്രഹം.

ശത്രുമാനസേ കഠിനമേയുള്ളു
അത്താപത്താലുമാനന്ദിച്ചാരവർ
നിന്ദവാക്കു പല പരിഹാസവും
സന്തോഷത്തോടു പ്രയോഗിച്ചാരവർ.

മിശിഹാ താനും കാരുണ്യചിത്തനായ്
തൻ ശത്രുക്കളെ പ്രതിയപേക്ഷിച്ചു
ചെയ്യുതെന്തന്നവരറിയാത്തവർ
പിതാവേയതു പൊറുക്കയെന്നവൻ.

കൂടെ തൂങ്ങിയ കള്ളരിലൊരുത്തൻ
ദുഷ്ടൻ ദൂഷിച്ചു മിശിഹായെയവൻ

www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

കരിഞ്ചു പൊക്കി നിറുത്തി പാറയിൽ
ഞരമ്പിൻവലി ദുഃഖമൊപ്പിക്കാമോ
സൂര്യനപ്പന്നാരം മയങ്ങീ ഭൂതലേ
ഇരുട്ടു മൂടി കറുത്തു രാത്രിപോൽ.

ഉച്ചനേരത്തെന്തിങ്ങനെ കണ്ടതു
ആശ്ചര്യമിതു നിശ്ചര്യകമ്മത്താൽ
കുലുങ്ങീ ഭൂമി കഷ്ടമറച്ചിട്ടു
കല്ലുകളും പൊട്ടി മഹാദുഃഖം യഥാ.

ആത്മാവു പല ശവങ്ങളിൽ പൂക്ക
ഭൂമിയിൽ നിന്നു പുറപ്പെട്ടു ചിലർ
പ്രാണനില്ലാത്തവർ കൂടെ ദുഃഖിച്ചു
പ്രാണനുള്ളവക്കില്ലയനുഗ്രഹം.

ശത്രുമാനസേ കഠിനമേയുള്ളു
അത്താപത്താലുമാനന്ദിച്ചാരവർ
നിന്ദവാക്കു പല പരിഹാസവും
സന്തോഷത്തോടു പ്രയോഗിച്ചാരവർ.

മിശിഹാ താനും കാരുണ്യചിത്തനായ്
തൻ ശത്രുക്കളെ പ്രതിയപേക്ഷിച്ചു
ചെയ്യുതെന്തെന്നവരറിയാത്തവർ
പിതാവേയതു പൊറുക്കയെന്നവൻ.

കൂടെ തൂങ്ങിയ കള്ളരിലൊരുത്തൻ
ദുഷ്ടൻ ദൂഷിച്ചു മിശിഹായെയവൻ

www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA



മററവനപ്പോൾ എങ്ങു നീയിങ്ങനെ
കുററം ചെയ്തവർ ഞങ്ങൾ ക്ഷമിക്കുന്നു.

ഇയാൾക്കെന്തൊരു കുററം സർവ്വേശ്വരാ!
ഭയമില്ലയോ മരണകാലത്തു
പിന്നെ മിശിഹായോടുണർത്തിച്ചവൻ
എന്നെ നീ മറന്നീടൊല്ല നായക!

നിൻെറ രാജ്യത്തിങ്കൽ നീയെത്തീടുമ്പോൾ
എന്നോടു നീയനുഗ്രഹിച്ചീടേണം
എന്നപേക്ഷിച്ചതു കേട്ട നേരത്തു
അന്നേരം തന്നെയനുഗ്രഹിച്ചു താൻ.

ഇന്നു തന്നെ നീ പറുദീസയതിൽ
എന്നോടു കൂടെയെന്നു മിശിഹ താൻ
അമ്മ കന്യക പുത്രദുഃഖമെല്ലാം
ആത്മാവിൽക്കൊണ്ടു സമീപേ നില്ക്കുന്നു.

അവരെ തൃക്കൺ പാർത്തരുളിച്ചെയ്തു
അവരമ്മ യോഹന്നാനെന്നിങ്ങനെ
യോഹന്നാനവൾക്കു പുത്രനെന്നതും
മഹാദുഃഖത്തിൽ തണുപ്പതാകുമോ.

തമ്പുരാനും യോഹന്നാനുമൊക്കുമോ
താപത്തിൽ മഹാതാപമതായതു
പിന്നെ രക്ഷകൻ മഹാസാരത്തോടും
തന്നുടെ മനോശ്രദ്ധയറിയിച്ചു.

www.TheCMSIndia.org

എൻ തമ്പുരാനെ എന്റെ തമ്പുരാനെ
എന്തിനെന്നെ നീയിട്ടേച്ചിതിങ്ങനെ
അതിൻദോഷം ദാഹത്താൽ വലഞ്ഞു ഞാൻ
ശത്രുക്കൾ ചെറുക്കാ കുടിപ്പിച്ചിടർ.

അപ്പോഴെല്ലാം തികഞ്ഞെന്നു കല്പിച്ചു
തമ്പുരാൻ അരുൾചെയ്തപോൽ സർവ്വത്തും
ഉച്ചയ്ക്കു പിന്നെയൊര നാഴിക
മിശിഹാ യാത്രകാലമറിഞ്ഞു താൻ.

എൻപിതാവേ നിൻകൈയ്യിലാത്മാവിനെ
ഞാൻ കൈയ്യാളിച്ചേനെന്നരുളിച്ചെയ്തു;
തലയും ചാച്ചു മരണം പ്രാപിച്ചു
ഉന്നതത്തോടുള്ളാമരണമത്രു

കണ്ട നേരത്തിയാൾ തമ്പുരാൻ പുത്രൻ
പട്ടാക്കരയത്തു ചൊന്നവൻ തോറിനാൻ
തത്പ്രാണധാ ഭൂമിഗതനമായി
ആത്മാവും ദേഹം വിട്ടുവെന്നാകിലും.

ആത്മാവിൽ നിന്നും ശരീരത്തിൽ നിന്നും
ദേവസ്വഭാവം വേർപെട്ടില്ലതാനും
അവരോട്ട രഞ്ജിച്ചിരുന്നു സദാ
സൈനികേശനധികൃതനായവൻ.

ചത്തുവെന്നതു കണ്ടൊരു ചേകവർ
കുത്തി കുന്തംകൊണ്ടു താൻ വിലാവതിൽ

www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

ചോരയും നീരും ചിന്തിയവനുടെ
ഒരു കണ്ണിന്നു കാഴ്ച കൊടുത്തു താൻ.

മാനസത്തിലും വെളിവു കണ്ടവൻ
ലോങ്കിനോതവൻ തേറിയതിനാലേ

ഈശോനാഥൻ മരിച്ചതിന്റെറ ശേഷം
തൻ ശിഷ്യരിലൊരുത്തനവുസേപ്പും.

കാര്യക്കാരരെക്കണ്ടു മിശിഹാടെ
ശരീരം തരുവാൻ അപേക്ഷിച്ചവൻ
പിലാത്തോസനുവാദം കൊടുത്തുടൻ
കാലം വൈകാതെ ശിഷ്യരും ചെന്നുടൻ

കുരിശിൽ നിന്നു ദേഹമിറക്കീട്ടു
ശരീരം പൂജിച്ചടക്കി സാദരം
ദോഷികളന്നു പിലാത്തോസ്സോടുടൻ
വൈഷമ്യം ചെന്നു കേൾപ്പിച്ചു ചൊല്ലിനാൻ.

മരിച്ചിട്ടു മൂന്നാം ദിവസമുടൻ
നിർണ്ണയം ജീവിച്ചുയിർക്കുന്നൊണ്ടു ഞാൻ
എന്നക്കള്ളൻ പറഞ്ഞതു കേട്ടു നാം
ഇന്നതിന്നൊരുപായം നീ ചെയ്യേണം.

കല്ലുഴിയിങ്കൽ കാവൽ കല്പിക്കണം
അല്ലെങ്കിൽ ശിഷ്യർ കട്ടീടുമസ്സുവം
ഉയിർത്തുവെന്നു നീചർ നടത്തീടും
ആയതു കൊണ്ടു ശീഘ്രം വളൻ പോം.

www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA



മുമ്പിലുള്ളതിൽ വൈഷമ്യമാസ്സരും
നിൻ മനസ്സിപ്പോൾ ഞങ്ങൾക്കുണ്ടാകണം
അപ്പോൾ പിലാത്തോസ്സീശോന്റെ കല്ലുഴീ
കാപ്പതിന്നാളയച്ചു മടിയാതെ.

കല്ലടപ്പും മേലൊപ്പും കുത്തിച്ചവൻ
നല്ല കാവലും ചുററിയുറപ്പിച്ചു
കല്പിച്ചപോലെ സാധിച്ച കാരണം
മേൽപട്ടക്കാരതിനാൽ തെളിഞ്ഞു പോയ്.

പതിനൊന്നാം പാഠം കഴിഞ്ഞു

www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA



## പന്ത്രണ്ടാം പാദം

അമ്മകന്യാമണിതൻെറ നിർമ്മലദുഃഖങ്ങളെല്ലാം
നന്മയാലെ മനസ്സററു കേട്ടുകൊണ്ടാലും
ദുഃഖമൊക്കെപ്പറവാനോ വാക്കു പോരാ മാനുഷർക്ക്
ഉൾക്കനേ ചിന്തിച്ചുകൊൾവാൻ[1] ബുദ്ധിയും പോരാ
എന്മനോവാക്കിൻവശം പോൽ പറഞ്ഞാലൊക്കയുമില്ല
അമ്മകന്യ തുണയെങ്കിൽ പറയാമല്പം.

സർവ്വമാനുഷർക്ക് വന്ന സർവ്വദോഷ[2]ത്തരത്തിന്നായ്
സർവ്വനാഥൻ മിശിഹായും മരിച്ച ശേഷം
സർവ്വനന്മക്കടലോൻെറ സർവ്വഭംഗ[3]പ്പാടു കണ്ടു
സർവ്വദുഃഖം നിറഞ്ഞുമ്മ പുത്രനെ നോക്കി

കുന്തമമ്പും[4] വെടി ചങ്കിൽ കൊണ്ടപോലെ മനം വാടി
തൻതിരുക്കാൽകരങ്ങളും തളർന്നു പാരം
ചിന്ത വെന്തു കണ്ണിൽനിന്നു ചിന്തി വീഴും കണ്ണുനീരാൽ
എന്തു ചൊല്ലാവതു ദുഃഖം പറഞ്ഞാലൊവ്വാ[5].
അന്തമററ സർവ്വനാഥൻതൻതിരുകല്പനയോർത്തു
ചിന്തയൊട്ടങ്ങുറപ്പിച്ചു തുടങ്ങി ദുഃഖം.

"എന്മകനേ! നിർമ്മലനേ! നന്മയെങ്ങും നിറഞ്ഞോനേ!
ജന്മദോഷത്തിൻെറ ഭാരമൊഴിച്ചോ പുത്ര!
പണ്ടു മുന്നോർ കടംകൊണ്ടു കൂട്ടിയതു വീട്ടുവാനായ്
ആണ്ടവൻ നീ മകനായി പിറന്നോ പുത്ര!

ആദമാദിനരവർഗ്ഗം ഭീതി കൂടാതെ പിഴച്ചു
ഹേതുവതിനുത്തരം നീ ചെയ്തിതോ പുത്ര!
നന്നു നന്നു നരരക്ഷ നന്ദിയത്രേ ചെയ്തതു[6] നീ
ഇന്നിവ ഞാൻ കാണുമാറു വിധിച്ചോ പുത്ര!

---

1. കേളീഃപ്പാം. 2. ദോഷോ. 3. സർവപങ്ക. 4. അമ്പു.
5. ഒക്കാ. 6. ചെയ്തതും.

www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA



വാർത്ത മുമ്പേയറിയിച്ചു യാത്ര നീയെന്നോടു ചൊല്ലി
ഗാത്രസത്താൽ[1] മാനുഷർക്കു കൊടുത്തോ പുത്ര!
മാനുഷർക്കു നിൻപിതാവു മനോഗുണം നല്കുവാനായ്
മനോസാധ്യമപേക്ഷിച്ചു[2] കേണിതോ പുത്ര!

*എത്ര നാളെ നീയവനെ വളർത്തുപാലിച്ചനീശൻ
ശത്രുകയ്യിൽ വിററു നിന്നെ കൊടുത്തോ പുത്ര!
നീശനിത്ര കാശിനാശയറിഞ്ഞെങ്കിലിരന്നിട്ടും
കാശു നല്കായിരുന്നയ്യോ! ചതിച്ചോ പുത്ര!

ചോരനെപ്പോലെ പിടിച്ചു ക്രൂരമോടെ[3] കരം കെട്ടി
ധീരതയോടവർ നിന്നെയടിച്ചോ പുത്ര!
പിന്നെ ഹന്നാൻതന്റെ മുന്നേൽ[4]വച്ചു നിന്റെ കവിളുമേൽ
മന്നിലേക നീശപാപി അടിച്ചോ പുത്ര!

പിന്നെ ന്യായം വിധിപ്പിപ്പാൻ ചെന്നു കൈയ്യപ്പാടെ മുന്നൽ
നിന്ദ ചെയ്തു നിന്നെ നീശർ പിടിച്ചോ[5] പുത്ര!
സർവ്വരേയും വിധിക്കുന്ന സർവ്വസൃഷ്ടിസ്ഥിതിനാഥാ!
സർവ്വനീശനവൻ നിന്നെ വിധിച്ചോ പുത്ര!

കാരണം കൂടാതെ നിന്നെക്കൊല ചെയ്യാൻ വൈരിവൃന്ദം
കാരിയക്കാരുടെ പക്കൽ കൊടുത്തോ പുത്ര!
ചിന്തയുററങ്ങ[6]പേക്ഷിച്ചു ചിന്ത വെന്തു സംഭ്രമത്താൽ
ചിന്തി ചോര വിയർത്തു നീ കുളിച്ചോ പുത്ര!

വിണ്ണിലോട്ടു നോക്കി നിന്റെ കണ്ണിലും നീ ചോര ചിന്തി
മണ്ണുകൂടെച്ചോരയാലെ നനച്ചോ പുത്ര!

---

1. ത്തം. 2. മനസ്സാധ്യം, 3. കരമോടെ. 4. മുമ്പിൽ. 5. വധിച്ചോ.
6. ചിന്തയുറങ്ങ

*ഈ അടയാളം കാണുന്ന ഭാഗം മുതൽ 14 വരി 129-ാം പേജിൽ *ഈ അടയാളമിട്ടിരിക്കുന്ന ഭാഗം മുതലാണ് പുസ്തകത്തിൽ കാണുന്നത്.

www.TheCMSIndia.org

ഭൂമി ദോഷാൽ വലഞ്ഞാറെ സ്വാമി നിൻെറ—
ചോരയാലെ
ഭൂമിതൻെറ ശാപവും നീയൊഴിച്ചോ പുത്രാ!

ഇങ്ങനെ നീ മാനുഷർക്ക് മംഗലം വരുത്തുവാനായ്
തിങ്ങിന സന്താപമോട്ടം ശ്രമിച്ചോ പുത്രാ!
വേല നീയിങ്ങനെ ചെയ്തു കൂലി സമ്മാനിപ്പതിന്നായ്
കാലമേ പാപികൾ നിന്നെ വളഞ്ഞോ പുത്രാ!

ഒത്തപോലെ ഒററി കള്ളൻ മുത്തി നിന്നെ കാട്ടിയപ്പോൾ
* ഉത്തമനാം നിന്നെ നീശർ പിടിച്ചോ പുത്രാ!
പിന്നെ ഹെറോദേശ്ശുപക്കൽ നിന്നെയവൻ കൊണ്ടുചെന്നു
നിന്ദ ചെയ്തു പരിഹസിച്ചയച്ചോ പുത്രാ!

പിന്നെയധികാരിപക്കൽ നിന്നെയവർ കൊണ്ടുചെന്നു
നിന്നെയാക്ഷേപിച്ചു കററം പറഞ്ഞോ പുത്രാ!
എങ്കിലും നീയൊരുത്തൎക്കും സങ്കടം ചെയ്തില്ല ന്യൂനം
തങ്കലിത്ര വൈരമവൎക്കെന്തിതു പുത്രാ!

പ്രാണനാഥുള്ളാനെന്നു ചിത്തേ സ്മരിക്കാതെ വൈരമോടെ
തൂണതന്മേൽ കെട്ടി നിന്നെ അടിച്ചോ പുത്രാ!
ആളുമാറിയടിച്ചയ്യോ! ധൂളി നിൻെറ ദേഹമെല്ലാം
ചീളു[1] കെട്ടു മുറിഞ്ഞു നീ വലഞ്ഞോ പുത്രാ!

ഉള്ളിലുള്ള വൈരമോടേ യൂദർ നിൻെറ തലതന്മേൽ[2]
മുള്ളുകൊണ്ടു മുടി വച്ചു തറച്ചോ പുത്രാ!
തലയെല്ലാം മുറിഞ്ഞയ്യോ ഒലിക്കുന്ന ചോര കണ്ടാൽ
അലസിയെന്നുള്ളിലെന്തു പറവൂ പുത്രാ!

തല തൊട്ടിങ്ങടിയോളം തൊലിയില്ല മുറിവയ്യോ!
പുലി പോലെ നിൻെറ ദേഹം പറിച്ചോ പുത്രാ!

---

1. ചെട്ടു. 2. തലയിന്മേൽ

CHRISTIAN MUSICOLOGICAL SOCIETY OF INDIA
www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

നിന്തിരുമേനിമേൽ ചോര കുടിപ്പാനായ് വൈരികൾക്കു
എന്തുകൊണ്ടു ദാഹമിത്ര വളൎന്നു പുത്ര!

നിന്തിരുമുഖത്തു തുപ്പി നിന്ദ ചെയ്തു തൊഴുതല്ലോ!
ജന്തുവോടിങ്ങനെ കഷ്ടം ചെയ്യുമോ പുത്ര!
നിന്ദവാക്കു പരിഹാസം പല പല ദൂഷികളും[1]
നിന്നെ[2]യാക്ഷേപിച്ചു ഭാഷിച്ചെന്തിതു പുത്ര!

ബലഹീനനായ നിന്നെ വലിയൊരു കുരിശതും
വെലം ചെയ്തിട്ടെടുപ്പിച്ചു നടത്തി പുത്ര!
തല്ലി നുള്ളി അടിച്ചുന്തി തൊഴിച്ചു വീഴിച്ചിഴച്ചു
അല്ലലേററം വരുത്തി നീ വലഞ്ഞോ പുത്ര!

ചത്തുപോയ മൃഗം ശ്വാക്കളെത്തിയങ്ങു പറിക്കും പോൽ
കുത്തി നിന്റെ പുണ്ണിലും പുണ്ണാക്കിയോ പുത്ര!
ദുഷ്ടരെന്നാകിലും കണ്ടാൽ മനം പൊട്ടും മാനുഷൎക്കു
ഒട്ടുമേയില്ലനുഗ്രഹമവൎക്കോ[3] പുത്ര!

ഈ അതിക്രമങ്ങൾ ചെയ്വാൻ നീയവരോടെന്തു ചെയ്തു
നീയനന്തദയ[4]വല്ലോ ചെയ്തതു പുത്ര!
ഇമ്മഹാ[5]പാപികൾ ചെയ്ത[6]യീമഹാനിഷ്ഠുരകൃതമെററം[7]
നീ മഹാകാരുണ്യമോടു രസിച്ചോ[8] പുത്ര!

ഭൂമിമാനുഷൎക്കു വന്നാധി[9]മഹാദോഷം പൊറുപ്പാൻ
ഭൂമിയേക്കാൾ ക്ഷമിച്ചു നീ[10] സഹിച്ചോ പുത്ര!
ക്രൂരമോടേ ശിക്ഷ ചെയ്തു പരിഹസിച്ചവർ നിന്നെ
ചാരുചാലനഗർ നീളെ നടത്തി പുത്ര!

വലഞ്ഞും വീണെഴുന്നേററും കുലമരം ചുമന്നല്ലോ!
കുലമലമുകളിൽ നീ അണഞ്ഞോ പുത്ര!

---

1. ദോഷികളും. 2. പിന്നെ. 3. ഇവൎക്കു. 4. ദയയല്ലോ. 5. ഈ മഹാ പാപികൾ. 6. ചെയ്തോരി. 7. കൃത്യം 8. ക്ഷമിച്ചോ. 9. ഭീ 10. നീ ക്ഷമിച്ചു

www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

ചോരയാൽ നിൻ ശരീരത്തിൽ പററിയ കുപ്പായമപ്പോൾ
ക്രൂരമോടെ വലിച്ചയ്യോ[1] പറിച്ചോ പുത്ര!

കാണിനേരം സഹിക്കാമോ വേദന നിൻകാൽകരവും
ആണികൊണ്ടു തുളച്ചയ്യോ തറച്ചോ പുത്ര!
ആദമെന്ന പിതാവിന്റെ തലയിൽ വന്മല[2]തന്നിൽ
ആദിനാഥ! കുരിശതിൽ തൂങ്ങിയോ പുത്ര!

ആണിതന്മേൽ തൂങ്ങി നിന്റെ ഞരമ്പൊക്കെ വലിയുന്ന
പ്രാണവേദന സകലം സഹിച്ചോ പുത്ര!
ആണികൊണ്ടു നിന്റെ ദേഹം തറച്ചതിൽ[3] കഷ്ടമയ്യോ
നാണക്കേടു പറഞ്ഞതി[4]നളവോ പുത്ര!

വൈരികൾക്കു മാനസത്തിലെന്മകനെക്കുറിച്ചയ്യോ!
ഒരു ദയവൊരിക്കലുമില്ലയോ പുത്ര!
അരിയ കേസരികളെ നിങ്ങളാ[5]റാം നാളിലെന്റെ[6]
തിരുമകൻമുമ്പിൽ വന്നാചരിച്ചോ[7] പുത്ര!

അരികത്തു നിന്നു നിങ്ങൾ സ്തുതിച്ചാചാനയും ചൊല്ലി[8]
പരിചിൽ കൊണ്ടാടിയ[9]തിരസിച്ചോ പുത്ര!
അതിൽ പിന്നെയെന്തു കററം ചെയ്തതെന്റെ പുത്രനയ്യോ!
അതിക്രമം ചെയ്തുകൊൾവാൻ എന്തിതു പുത്ര!

ഉണ്ണി[*] നിന്റെ തിരുമേനി തിരുമുഖഭംഗി കണ്ടാൽ
കണ്ണിനാനന്ദവും ഭാഗ്യം സുഖമോ പുത്ര!
കണ്ണിനാനന്ദ(സ്ക?ക)രനാം ഉണ്ണി നിന്റെ തിരുമേനി
മണ്ണുവെട്ടികളിളയ്ക്കുമ്പോൾ മുറിച്ചോ പുത്ര!

---

1. വലിച്ചവർ 2. വന്മരം. 3. തുളച്ചതിൽ. 4. നിളവേ–
5. പോയ. 6. ഞായറിലെൻ. 7. ആചരിച്ചും
8. സ്തുതിച്ചോശാനയും ചൊല്ലിക്കൊണ്ടു 9. ആരാധിച്ചമേ.
* (കാമനയേവന്ന നിന്റെ തിരുമുഖഭംഗി കണ്ടാൽ
ഈ മഹാപാപികൾക്കിതു തോന്നമോ പുത്ര!) എന്നു കൂടുതൽ·

www.TheCMSIndia.org

കണ്ണു പൊട്ടിപ്പോയ കൂട്ടം ദണ്ഡമേററം ചെയ്തു ചെയ്തു
പുണ്ണുപോലെ നിന്റെ ദേഹം ചമച്ചോ പുത്രാ!
അടിയോടുമുടി ദേഹം കടുകിടാതി[1]ടയെല്ലാം
കഠിനമായ് മുറിച്ചയ്യോ വലച്ചോ[2] പുത്രാ!

നിന്റെ ദേഹം മുറിഞ്ഞപ്പോൾ മുറിഞ്ഞവർണ്ണങ്ങൾക്കും
നിന്റെ ശക്തിക്ഷയശക്തി കുറച്ചോ പുത്രാ!
നിന്റെ ചങ്കിൽ കൊണ്ട കുന്താം കുത്തുടൻ ചെന്നു പിലാ–
സൂന്റെ ചങ്കിൽ കൊണ്ടു ചങ്കു പിളർന്നോ[3] പുത്രാ!

മാനുഷന്റെ മരണത്തെ കൊന്നു നിന്റെ മരണത്താൽ
മാനുഷർക്കു മാനഹാനിയൊഴിച്ചോ പുത്രാ!
സൂര്യനും പോയ് മറഞ്ഞയ്യോ! ഇരുട്ടായി ഉച്ചനേരം
വീര്യവാനേ നീ മരിച്ചു ഭീതിയോ പുത്രാ!

ഭൂമിയിൽ നിന്നേറിയൊരു ശവങ്ങളും പുറപ്പെട്ടു
ഭൂമി കൂടെ[4] ദുഃഖമോടെ ദുഃഖമേ പുത്രാ!
പ്രാണനില്ലാത്തവർ കൂടെ ദുഃഖമോടെ പുറപ്പെട്ടു
പ്രാണനുള്ളോർക്കില്ല[5] ദുഃഖമെന്തിതു പുത്രാ!

കല്ലുകളും മരങ്ങളും പൊട്ടി നാദം മുഴങ്ങീട്ടു
അല്പലോ ദുഃഖമെന്തു പറവൂ പുത്രാ!
കല്ലിനേക്കാളുറപ്പേറും ദുഷ്ടർ[6] തന്റെ മനസ്സയ്യോ!
തെല്ലു കൂടെയലിവില്ലാതെന്തിതു പുത്രാ!

സർവ്വലോകനാഥനായ നിൻമരണം കണ്ട നേരം
സർവ്വദുഃഖം മഹാദുഃഖം സർവ്വതും ദുഃഖം!
സർവ്വദുഃഖക്കടലിന്റെ നടുവിൽ ഞാൻ വീണു താണു
സർവ്വസന്താപങ്ങളെന്തു പറവൂ പുത്രാ!

---

1. യില്ലാതേററം 2. ഞ്ഞോ 3. നിന്റെ ചങ്കിൽ ചവളത്താൽകൊണ്ട കുത്താൻ വേലസുവിന്റെ നെഞ്ചിൽ കൊണ്ടു ചങ്കുപിളർന്നോ പുത്രാ!
4. ഭൂമിനാഥ! 5. എന്നിതു 6. യൂദർ

നിൻമരണത്തൊടു കൂടെ എന്നെയും നീ മരിപ്പിക്കിൽ
ഇമ്മഹാദുഃഖങ്ങളൊട്ടു തണുക്കും പുത്രാ!
നിൻമനസ്സിന്നിഷ്ടമെല്ലാം സമ്മതിപ്പാനുറച്ചു ഞാൻ
എൻമനസ്സിൽ തണുപ്പില്ല നിൎമ്മലപുത്രാ!

വൈരികൾക്കു മാനസത്തിൽ വൈരമല്ലാതില്ലയേതും
വൈരഹീനപ്രിയമല്ലോ നിനക്കോ പുത്രാ!
നിൻചരണം ചോരയാദം[1] തൻശിരസ്സിൽ ഒഴികിച്ചു
വൻചതിയാൽ വന്ന ദോഷമൊഴിച്ചോ പുത്രാ!

മരത്താലേ വന്ന ദോഷം മരത്താലേയൊഴിപ്പാനായ്
മരത്തിന്മേൽ തൂങ്ങി നീയും മരിച്ചോ പുത്രാ!
നാരികയ്യാൽ ഫലം തിന്നു നരന്മാൎക്കു വന്ന ദോഷം
നാരിയാമെൻഫലമായ് നീയൊഴിച്ചോ പുത്രാ!

{ വീണ്ടു നിന്നിൽ വരുന്നോരെ പൂണ്ടുകൊൾവാൻ
കൃപയാൽ നീ
രണ്ടു കയ്യും വിരിച്ചാശ പൂണ്ടിതോ പുത്രാ!
ചങ്കിലും ഞങ്ങളെയങ്ങു ചേൎത്തുകൊൾവാൻ പ്രിയം നിന്റെ
ചങ്കു കൂടെ മാനുഷൎക്കു തുറന്നോ പുത്രാ!

ഉള്ളിലേതും ചതിവില്ലാതുള്ള കൂറെന്നറിയിപ്പാൻ
ഉള്ളു കൂടെ തുറന്നു നീ കാട്ടിയോ പുത്രാ!
അതിദോഷം[2] കൊണ്ടടച്ച സ്വൎഗ്ഗവാതിൽ തുറന്നു[3] നീ
ആദിനാഥ! മോക്ഷവഴി തെളിച്ചോ പുത്രാ!

മുമ്പു കൊണ്ട കടമെല്ലാം വീട്ടി മേലിൽ വീട്ടുവാനായ്
അമ്പിനോടേ ധനം നേടി വച്ചിതോ പുത്രാ!
പള്ളിതന്റെ ഉള്ളകത്തു വച്ചു നിന്റെ ധനമെല്ലാം
കള്ളരില്ലാതുറപ്പുള്ള സ്ഥലത്തു പുത്രാ!

---

1. ചോരയാവം 2. ആദിദോഷം 3. തിറന്നു
വലയത്തിനകത്തുള്ള വരികൾ അംഗ്ലാസ് പാതിരിയിൽ ഇല്ല.

CHRISTIAN MUSICOLOGICAL SOCIETY OF INDIA
www.TheCMSIndia.org

പള്ളിയകത്തുള്ളവർക്ക് വലയുമ്പോൾ കൊട്ടപ്പാനായ്
പള്ളിയറക്കാരരെയും[1] വിധിച്ചോ പുത്രാ!
ഇങ്ങനെ ഞങ്ങൾക്കു മേലിൽ മംഗലം വരുത്തുവാനായ്[2]
തിങ്ങിന താപം ക്ഷമിച്ചു[3] വിധിച്ചോ പുത്രാ!

അമ്മകന്യ നിന്റെ ദുഃഖം പാടി വന്ദിച്ചപേക്ഷിക്കും
എന്മനോതാപം കളഞ്ഞു തെളിക്ക തായേ!
നിന്മകന്റെ മരണത്താലെന്റെയാത്മമരണത്തെ
നിർമ്മലാംഗീയിനിക്കു കൈ തൂക്കുക[4] തായേ!
നിന്മകങ്കലണച്ചെന്നെ[5] നിർമ്മലമാക്കും നിറച്ചു
അമ്മ നീ മൽപ്പിതാവീശോ ദരിശം തന്ന്യാൻ.

പന്ത്രണ്ടാം പാദം കഴിഞ്ഞു

## പതിമ്മൂന്നാം പാദം

ശനിയാഴ്ച കഴിഞ്ഞോരനന്തരം
തൻദിനത്തിന്നുഴറി[6] പ്രഭാകരൻ
സൂര്യനങ്ങുദിച്ചീടുന്നതിൻ മുമ്പെ
ഉയിർത്തു സ്വദേഹത്തെ ജീവിപ്പിച്ചു

തൽപ്രഭയ്ക്കൊരു[7] കാരണമുള്ളവൻ
പ്രഭാവത്തോടുകൂടെ രക്ഷാകരൻ
സ്വപുത്രദുഃഖമോർത്തു കന്യാവര
മുമ്പിൽ സദൃശ വേദനപോക്കിനാൻ

സ്വരൂപം[8] മഹാസുന്ദരസൃഷ്ടിയാൽ[9]
പൂർവ്വസങ്കടം[10] മറന്നു കന്യക
മാതാവേയെന്നരുൾചെയ്തു രക്ഷകൻ
പ്രതാപത്തിന്നു താപം മുമ്പായതു.

---

1. പള്ളിയറക്കാരനെയും 2. മാനുഷർക്ക് നീ മംഗലലാഭം വരുത്തി
3. സഹിച്ചു മരിച്ചോ 4. തൂക്കുക 5. കാലണച്ച് 6. തദ്ദിനം
7. പ്രഭയ്ക്കൊക്കെയും 8. സ്വരൂപം 9. ദൃഷ്ടി 10. പൂർവ്വഖേദം

CHRISTIAN MUSICOLOGICAL SOCIETY OF INDIA
www.TheCMSIndia.org

ആയി രോഹണം മമസ്തുതിയുടെ
(ആയി പിതാവെനിക്കു കല്പിച്ചതു
ദോഷത്തിന്നുടെ വിഷമിറക്കുവാൻ)
ഔഷധം കച്ചവെങ്കിലും സേവിച്ചേൻ.

എട്ടത്ത ഭാരം കൊണ്ടു വലഞ്ഞു ഞാൻ
ദിഷ്ടച്ചമടിറക്കി വന്നേനിപ്പോൾ[1]
ദുഃഖം പോക്കുക നിർമ്മലമാതാവേ!
ദുഃഖം മേലിലേയ്ക്കുണ്ടെന്നു നിർണ്ണയം.[2]

എനിക്കുള്ള ശുഭം[3] കൊണ്ടമ്മയുടെ
മനോസൗഖ്യമറിഞ്ഞിരിക്കുന്നു ഞാൻ
എനിക്കുള്ള ദുഃഖത്താൽ വലഞ്ഞപോൽ
എന്നുടെ സുഖം കൊണ്ടു തെളിഞ്ഞാലും

കഴിഞ്ഞു വർഷം വേനലിതായതു
മഴയും പോയി തെളിഞ്ഞു കാലവും[4]
സങ്കല്പിച്ച[5]പോലൊക്കെത്തികച്ചു ഞാൻ
തൻകരുണയെയ്യോരീഴൽ[6] വരുത്താതെ

അതുപോലെന്നെ[7] സമ്മതിക്കുമുടൻ
മാതാവന്നേരം സാദരം ചൊല്ലിനാൾ:
പുത്ര! നിനക്കു സ്തുതിയുണ്ടാകണം
നിന്തിരുവടി സമ്മതം[8] വാഴണം.

അതിനാൽ മമ ചിത്തസമ്പൂർണ്ണമാം
അതല്ലാതൊരു ശ്രദ്ധയെനിക്കില്ല

---

1. കട്ടത്തഭാരമിറക്കിവന്നിപ്പോൾ 2. സുഖം മേലിലെനിക്കുണ്ടു സന്തതം 3. സുഖം 4. കാലം തെളിഞ്ഞിതാ 5. താൻ കല്പിച്ച 6. ഇളക്കൽ 7. ലെന്ന 8. സമ്മോദം,

വലയത്തിൽ കാണുന്ന വരികൾ ഗ്രന്ഥത്തിൽ കൂടുതൽ

CHRISTIAN MUSICOLOGICAL SOCIETY OF INDIA
www.TheCMSIndia.org

ഞാൻ നശിക്കില്യം നി സ്വാസ്ഥനെങ്കിലോ
ആ നാശത്താല്യമനാശയാകും[1] ഞാൻ.

ഇതമ്മയണത്തിച്ചു സന്തോഷിച്ചു
പുത്രനെപ്പിന്നെക്കണ്ടു പലവട്ടം.
പുലർകാലത്തിൽ കുലുങ്ങി ഭൂതലം
മാലാകാമാരിറങ്ങിയതുനേരം[2]

നന്മുഖപ്രഭ മിന്നുന്നതു പോലെ
നിർമ്മലവെളുപ്പുള്ള കുപ്പായത്താൽ
കൽക്കുഴിയുടെ അടപ്പു നീക്കീട്ടു
മേക്കല്ലിൻ മീതെയിരുന്നു കാന്തോരും.[3]

കാവൽക്കാരരതിനാൽ ഭയപ്പെട്ടു
ജീവൻ പൊയ്പ്പോകുമിപ്പോഴെന്നപോലെ
അവിടെന്നവരോടി ഭ്രമത്താലെ
അവസ്ഥ പട്ടക്കാരോടറിയിച്ചു.

അവർ കൂടി വിചാരിച്ചുവച്ചുടൻ
കാവൽക്കാരക്കു ദ്രവ്യം കൊടുത്തിട്ടു
അവസ്ഥയിതുമിണ്ടരുതെന്നവർ
അപേക്ഷിച്ചതിനുപായം ചൊല്ലീതു.

അന്നു നിങ്ങളുറങ്ങും സമയത്തിൽ
വന്നു ശിഷ്യർ ശവം കട്ടുകൊണ്ടുപോയ്
എന്നു ലോകരോടൊക്കെപ്പറയണം
എന്നപോലവർ നടത്തി വെളൃസം.

കല്ലറയ്ക്കുള്ളിലിരുന്ന ശരീരം[4]
കല്ലിൻമീതവർ കാത്തിരിക്കും വിധൌ

---

1. ത്തില്യ, 2. മാലാഖ, 3. കാവന്മാര, 4. ഉള്ളിരുന്ന ശരീരത്തെ

CHRISTIAN MUSICOLOGICAL SOCIETY OF INDIA
www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

കള്ളന്മാരതു കട്ടെന്നു ചൊല്ലിയാൽ
ഉള്ളതെന്നു കേൾക്കുന്നോൎക്കു തോന്നുമോ?

മദലത്താ പുലരുന്നതിൻമുമ്പേ
എങ്കിൽ കൽക്കുഴി നോക്കുന്നു തൽക്ഷണം
കല്ലടപ്പു നീക്കിയതു കണ്ടവർ
കാലം വൈകാതെ ഓടിപ്പോയീടിനാർ.

വാത്ത കെപ്പാദയോടും യോഹന്നാനോടും
ആൎത്തി പൂണ്ടപേക്ഷിച്ചവരും ചെന്നു
കെപ്പാ കൽക്കുഴി പുക്കു സൂക്ഷിച്ചപ്പോൾ
അപ്പോഴുയിൎത്തുവെന്നു വിശ്വാസമായ്.

മദലത്തായും നിന്നു പിരിയാതെ
പാൎത്തു കൽക്കുഴി നോക്കിക്കരഞ്ഞിതു
വെളുപ്പുള്ളൊരു കുപ്പായമുള്ളവൻ
ബാല്യമുള്ളോരിരുവരെക്കണ്ടുടൻ — — — —

അവർ ചോദിച്ചെന്തേ കരയുന്നു നീ
അവരോടുരചെയ്തു പുണ്യവതി:
എന്റെ നാഥനെയെവിടെക്കൊണ്ടുപോയ്
തന്റെ ദേഹം വച്ചെന്നതറിഞ്ഞില്ല.

പിന്തിരിഞ്ഞുടൻ നോക്കിയൊരുത്തനെ
കണ്ടു തൊട്ടുനോക്കുന്നവനെന്നപോൽ
അയാൾ ചൊല്ലി സ്ത്രീയെന്തേ കരയുന്നു
നീയാരെത്തിരയുന്നതു ചൊല്ലുക.

അവളുടനേരം നീയെടുത്തെങ്കിലോ
ഈശോടെ ദേഹമെവിടെ ചൊല്ലുക
നാഥന്റെ ദേഹം ഞാനെടുക്കുന്നൊണ്ടു
നാഥനപ്പോളവളോടരുൾ ചെയ്തു:

www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

മറിയമെന്നു കേട്ടവൾ നാഥനെ
അറിഞ്ഞു ഗുരുവേയെന്നുണർത്തിച്ചു
പിതാവിന്നുടെ സമീപേ പോയില്ല.
അതുകൊണ്ടെന്നെ തൊടല്ലേയിക്കാലം

എന്റെ ശിഷ്യരോടിതറിയിക്ക നീ
നിങ്ങൾക്കുമെനിക്കുമുള്ള താപേന
തമ്പുരാൻപക്കൽ പോകുന്നു ഞാനിതാ
ഇപ്രകാരമരുൾചെയ്തു തമ്പുരാൻ.

മദലെത്തായിതൊക്കെയും കേൾപ്പിച്ചു
അതു നേരെന്നുറച്ചില്ല ശിഷ്യർക്കു
പല നാരികൾ പോയാരവിടത്തിൽ
– – – – പോയവിടെ പിന്നെ

മാലാകമാരെ കൽക്കുഴിയിൽ കണ്ടു
– – – – – – – – – – – – – –
ഉൾക്കനിവോടു നിന്നവർ പേടിയാൽ
അക്കാലം നിവ്യൻ ചൊല്ലിയവരോടു:

ഇങ്ങിവിടത്തിലീശോനെക്കാണ്മാനായ്
നിങ്ങൾ വന്നതു കാര്യ്യമറിഞ്ഞു ഞാൻ
നിങ്ങൾ പേടിക്ക വേണ്ട മാലാഖ ഞാൻ
നിങ്ങടെ മനോശ്രദ്ധയതുപോലെ.

ഭയം നീക്കി വന്നു നോക്കിക്കൊള്ളുവിൻ
അയാളീസ്ഥലത്തില്ല ഉയർത്തിതു
സ്ലീഹായിൽ നിങ്ങളയാളെക്കണ്ടീടും
ചെല്ലുവിൻ നിങ്ങൾ സത്യമറിഞ്ഞീടാം.

അക്കാലമവിടേന്നു നടന്നവർ
പോകുന്ന വഴി കണ്ടു മിശിഹായെ

www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

സത്യമായതും കേട്ടറിഞ്ഞൊരവർ
ആ സ്ത്രീകൾ തൃക്കാൽ നമസ്കരിച്ചുടൻ
അന്നേരമരുളിച്ചെയ്തു ശ്ലീലായിൽ
ചെന്നറിയിപ്പിനെന്റെ ശിഷ്യരോടു

അവിടെയെന്നെക്കണ്ടിടും നിണ്ണയം
അവരായതു ചെന്നറിയിച്ചപ്പോൾ
ഭ്രാന്തു ചൊന്നവരെന്നു ശിഷ്യർ ചൊല്ലി
മാനസത്തിലും വിശ്വാസം പുക്കില്ല.

അന്നു രണ്ടു ശിഷ്യന്മാർ പുറപ്പെട്ടു
ചെന്നുകൊൾവാൻ അമ്മയോടു കോട്ടയ്ക്കൽ
പോകുന്നേരം മിശിഹാടെ വാത്തകൾ
ആകെത്തങ്ങളിൽ വച്ചു വഴിയതിൽ.

അന്നേരം മിശിഹാ വഴിപോക്കനായ്
ചെന്നവരോടു കൂടെ നടന്നുടൻ
ചോദിച്ചു നിങ്ങൾ എന്തു പറയുന്നു
ഖേദവും നിങ്ങൾക്കെന്തു ചൊല്ലുവിൻ.

എന്നു നാഥനവരതിനുത്തരം
ചൊന്നു താനറിഞ്ഞില്ലയോ വാത്തകൾ:
ഈശോയെന്നയാൾ നസ്രായിലുള്ളവൻ
ആശ്ചര്യവാക്കു സുവൃത്തിയുള്ളവൻ.

പൈശൂന്യജനം തൂക്കി കുരിശതിൽ
മിശിഹാ അയാളെന്നു നാമാത്ഥത
താനീ ലോകരെ രക്ഷിക്കാമെന്നൊരു
തനതാഗ്രഹം പുക്കു വഴിപോലെ.

മൂന്നാം നാളിൽ മരിച്ചാലുയിക്കും ഞാൻ
എന്നയാൾ പറഞ്ഞായതും കണ്ടില്ല
കാലത്തു ചില നാരികൾ ചൊന്നവർ
മാലാകമാരെ കണ്ടു പറഞ്ഞെന്നും

www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

ഞങ്ങ നാഥനായിത്തവർ കണ്ടെന്നും
ഞങ്ങൾക്കായതിനാൽ പല ചിന്തയിൽ
എന്നവരുണർത്തിച്ചതിനുത്തരം
അനന്തരം സകലേശനരുൾചെയ്തു.

ഇന്നു നിങ്ങൾ പകച്ചതെന്തിങ്ങനെ
മറന്നോ മാനമുള്ള മൂഢന്മാരേ
മുമ്പിൽ ദിവ്യന്മാർ ചൊന്നതു ദേവവിൻ
തുമ്പമുണ്ടാ വരുത്തി അയാളതിൽ

ഇങ്ങനെ ഈശോ പാടു പെടുമെന്നും
അങ്ങയാളെല്ലാം ക്ഷമിക്കുമെന്നതും
സത്യം മുമ്പറിവാളരെഴുതിയ
ശാസ്ത്രത്തിൽ സിദ്ധമില്ലയോ നിങ്ങൾക്കു.

ശാസ്ത്രത്തിന്നുടെ പൊരുൾ തിരിച്ചയാൾ
സത്യമങ്ങു ബോധിപ്പിച്ചെഥോ ചിത്രം.
പകലസ്തമിച്ചീടുന്ന കാലമയ്
അക്കാലം പിരിഞ്ഞീടുവൻ ഭാവിച്ചു.

അവർ ചോദിച്ചു എങ്ങുതാൻ പോകുന്നു
ദിവസം പോയി രാത്രിയുമായല്ലോ
പാർത്തുകൊള്ളുക കർത്താവെയെന്നവർ
ഓർത്തില്ലാരെന്നറിയാതെ ചൊന്നിതു.

അപ്പോളീശോ താൻ പാർത്തു വിരുന്നതിൽ
അപ്പം വാഴ്ത്തങ്ങയാൾക്കു കൊടുത്തുതാൻ
മിശിഹായെന്നറിഞ്ഞു ശിഷ്യന്മാരും
ഈശോതാനപ്പോൾ മാഞ്ഞു മിന്നൽപോലെ

അവിടെന്നവരോടിയുടൻ ചെന്നു
അവസ്ഥ ശിഷ്യരോടറിയിച്ചിതു

www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

അങ്ങനെയവർ ചൊന്നതു കേട്ടപ്പോൾ
ഞങ്ങളും ഗ്രഹിച്ചെന്നവരോടവർ

കർത്താവുയിർത്തു ചെമോൻ കെപ്പായിക്കു
പ്രത്യക്ഷനായെന്നയാൾ പറഞ്ഞഹോ
ഇതു തമ്മിൽ പറഞ്ഞിരിക്കും വിധൗ
പ്രത്യക്ഷനായി വാതിൽ തുറക്കാതെ.

അടച്ച വീട്ടിലുള്ളിൽ ശിഷ്യരുമായ്
നടുവിൽ ചെന്നു നിന്നു മിശിഹായും
സ്വത്വം ചൊല്ലി ശിഷ്യർക്കു ഗുരൂത്തമൻ
ചിത്തേ ഭീതി നീക്കീടുവൻ ഞാൻതന്നെ.

കയ്യും കാലും ശരീരവും നോക്കുവിൻ
ആയതിനാലും വിശ്വാസം വന്നില്ല
അന്നേരമീശോ ഭക്ഷണം ചോദിച്ചു
അന്നുതാൻ കഞ്ഞാഴു മീൻനുറുക്കീശോ

തിന്നു ശിഷ്യർക്കു വരുത്തി വിശ്വാസം
പിന്നെ ദേവവാക്കിനുടെ സത്യവും
കാട്ടി വിശ്വാസമാക്കിയവർകളും
കേട്ടുകണ്ടവർ സമ്മതിച്ചാദരാൽ.

തോമ്മായന്നുസ്ഥലത്തില്ലാഞ്ഞ കാരണം
തൻമനസ്സിലെ സംശയം തീർന്നില്ല
ഇതു ശിഷ്യന്മാർ ചൊന്നതു കേട്ടാറെ
അതിനുത്തരം ചൊല്ലിയവരോടും

എന്റെ നാഥനെ ഞാൻതന്നെ കാണണം
തന്റെ ദേഹം വിലാവിൽ മുറിവതിൽ
എന്റെ കൈവിരൽ തൊട്ടൊഴിഞ്ഞെന്നിയേ
എന്റെ സംശയം തീരുകയില്ലഹോ!

www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA



എന്നു തോമ്മാ പ്രതിജ്ഞ പറഞ്ഞാറെ
അവിടുന്നെട്ടാന്നാൾ ഞായർ വാസരേ
വീട്ടകത്തു ശ്ലീഹന്മാരെല്ലാവരും
പൂട്ടി വാതിൽക്കകത്തിരിക്കും വിധൌ

- - - - - - - - - - - - - - - -

അതിനുള്ളിലെഴുന്നള്ളി തമ്പുരാൻ
തോമ്മാ വാ നീ മുറിവാതിൽ തൊട്ടുകൊൾക
നിന്മനസ്സിലെ സംശയം തീൎത്തുകൊൾക

ചെന്നു കൈവിരൽ തൊട്ടു മുറിവതിൽ
തീൎന്നു സംശയം വിശ്വസിച്ചേനഹം
തന്റെ തൃക്കാൽ വന്ദിച്ചുണൎത്തിച്ചുടൻ
എന്റെ നാഥനും തമ്പുരാനും നീയേ.

എന്നു തോമ്മാ പറഞ്ഞതഃപ്പോൾ നായകൻ
ഇന്നു നീയെന്നെക്കണ്ടു വിശ്വാസമായ്
എന്നെക്കാണാതെ കേട്ടുള്ളഴിവോടെ
എന്നെ വിശ്വസിക്കുന്നവൻ ഭാഗ്യവാൻ.

മീൻ പിടിപ്പാനായക്കാലം ശിഷ്യരിൽ
യാക്കോ യോഹന്നാൻ പോയി കടലതിൽ
ആ രാത്രിയൊരു മീനും ലഭിച്ചില്ല
നേരവും വെളുത്തീടുന്ന കാലത്തിൽ

കടൽതൻകരെ നിന്നു മിശിഹായും
കൂട്ടുവാൻ ശിഷ്യരോടു പറഞ്ഞപ്പോൾ
അയാളോടു മീനില്ലെന്നു ചൊന്നവൻ
വളരെ വേല ചെയ്തു ലഭിച്ചില്ല.

അവരിങ്ങിനെ ചൊന്നതു കേട്ടപ്പോൾ
അവരോടരുൾ ചെയ്തു മിശിഹാ താൻ.

www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

തോണിക്കു വല ഭാഗത്തു വീശുവിൻ
കാണും മത്സ്യങ്ങൾ കിട്ടുമെന്നിങ്ങനെ
കല്പന കേട്ടു വീശി വലയതിൽ
തൊപ്പം മീനും നിറഞ്ഞൊരനന്തരം.

അപ്പോളാ വല പൊക്കുവാൻ ഭണ്ഡമായ്
കെപ്പാനാഥനിയാളെന്നറിഞ്ഞുടൻ
ചാടി തോണിയിൽനിന്നു കടലതിൽ
ഉടൻ നീന്തിയണഞ്ഞു കരയ്ക്കായാൾ.

കരയ്ക്കെല്ലാരും വന്നണഞ്ഞക്ഷണം
ആരെന്നെല്ലാരും ചിന്തിച്ചു മാനസേ
അന്നേരമപ്പം തീക്കനലിൽ മീനും
തിന്നു ശിഷ്യരും കണ്ടു സവിസ്മയം.

നിങ്ങളിപ്പോൾ പിടിച്ച മീൻ കൂട്ടുവാൻ
ഇങ്ങോട്ടേതാനും കൊണ്ടുവന്നീടുവിൻ
വന്നു നിങ്ങൾ തിന്മിനെന്നരുൾ കേട്ടു
ചെന്നു ശിഷ്യരും ഭക്ഷിച്ചനന്തരം.

മീനമപ്പവും വാഴ്ത്തി തിന്മാനായി
താനവർക്കു കൊടുത്തു കരുണയാൽ
ഭക്തപ്രിയൻ പരൻ കരുണാകരൻ
ഭക്തവാത്സല്യമിങ്ങനെ കാട്ടിനാൻ.

ശേമോൻ കെപ്പായോടീവണ്ണം ചോദിച്ചു
കെപ്പാ കെപ്പാ നീയെന്നെ സ്നേഹിക്കുന്നോ?
കർത്താവേയതു നീയറിയുന്നല്ലോ
ഉത്തരമിതു കേട്ടു മിശിഹാതാൻ

എന്റെയാടുകൾ മേയ്ക്ക നീയെന്നുടൻ
പിന്നെയുമതു ചോദിച്ചു കേട്ടതു
മൂന്നാം വട്ടവും ചോദിച്ചകാരണം
മനോസംഭ്രമത്തോടുണർത്തിച്ചയാൾ.

www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

നിൻെറ കണ്ണിന്നു രഹസ്യമില്ലല്ലോ
നിന്നെ സ്നേഹമുണ്ടെന്നറിഞ്ഞല്ലോ നീ.
അന്നേരമീശോ കെപ്പായേ കേട്ടുകൊൾ-
കെൻെറയാട്ടകൾ മേയ്ക്ക വഴിപോലെ

ബാല്യമുള്ളപ്പോൾ പൊന്നിൻ മനസ്സുപോൽ
കാലം വന്നീട്ടുമെന്നു മററൊരുത്തൻ.
നിന്നെക്കെട്ടീട്ടും നീട്ടും നീ കൈകളും
എന്നെയോൎത്തു നീ ക്ഷമിക്കയൊക്കവേ

മുമ്പിൽ പേടിക്കുമെന്നതുൾച്ചെയ്തപോൽ
ഇപ്പോൾ തന്നേപ്രതി മരിക്കുമെന്നും
ഈവണ്ണമരുളിച്ചെയ്തു കേട്ടപ്പോൾ
ദേവനോടുണൎത്തിച്ചിതു കെപ്പായും.

ഇവ യോഹന്നാനെങ്ങനെയെന്നപ്പോൾ
ഞാൻ വരുവോളം പാൎക്കുമെന്നിങ്ങനെ
നിനക്കെന്തതിനാലെന്നതുൾച്ചെയ്തു
എന്നതുകൊണ്ടിരിക്കും മരിയാതെ.

എന്നൊരു ബോധം ശിഷ്യൎക്കു തോന്നിപ്പോ
തമ്പുരാനരുളിച്ചെയ്തില്ലാ താനും
ഞാൻ വരുവോളം പാൎക്കമതേയുള്ളൂ.

പതിമ്മൂന്നാം പാദം തികഞ്ഞു

## പതിന്നാലാം പാദം

ഇനി വാസമെനിക്കില്ല ഭൂമിയിൽ
എന്നമ്മായോടും[1] ശിഷ്യജനത്തോടും
എൻപിതാവെന്നെപ്പാൎത്തു വിളിക്കുന്നു
ഞാൻ പോവാൻ വട്ടംക്രട്ടുന്നു കന്യകേ!

ഞാൻ പോയാലുമമ്മേ നിൻെറ ബുദ്ധിയിൽ
മാനസത്തിലും പാൎക്കുന്നല്ലോ സദാ

1. ന്നമ്മ,

www.TheCMSIndia.org

സൂര്യൻ കണ്ണാടിതന്നിലെന്നപോലെ
ആര്യേ[1] നിൻെറ ആത്മാവിൽ വിളങ്ങുന്നു.

എന്നെക്കാണ്മതിനാശ വർദ്ധിക്കിലോ
ഞാൻ സമീപത്തൊണ്ടെന്നു ധരിച്ചാലും
സർവ്വമംഗലപ്രാപ്തിക്കു കാലമായ്
സർവ്വസ്വർലോകരാരാധിക്കുന്നിതു.

ആ ലോകം[2]പ്രതി പുറപ്പെട്ടുന്നു ഞാൻ
ആ ലോകമെന്നെയാഗ്രഹിക്കുന്നിതു
നിന്നെക്കൂടവേ കൊണ്ടുപോയീടുവാൻ
ഇന്നു വാവാടെ കല്പനയില്ലല്ലോ.

സന്നിധി നിനക്കിന്നിയും കൂട്ടുവാൻ[3]
നിൻവൃത്തി ഫലമില്ലല്ലോ കന്യകേ!
ഭൂമിയിൽ ജീവിച്ചിരിക്കുന്ന നാളിൽ[4]
സംഗതിയതിനെന്നറിഞ്ഞല്ലോ നീ.

ഭാഗ്യാലോകേ സുഖലാഭമേയൊള്ളു[5]
ഭാഗ്യം[6] കാണാധനങ്ങളെ നേടുക
ഈ ലോകത്തിലതിനുള്ള[7] കാരണം
ആ ലോകത്തിലാനന്ദിച്ചു വാഴുവാൻ.

ചന്ദ്രാദിത്യന്മ[8]രൊന്നിച്ചു വാങ്ങുമ്പോൾ
മന്ദം ഭൂമിയിൽ ക്രൂരിരുട്ടും വരും
മാതാപിതാവു[9]മൊന്നിച്ചു വാങ്ങിയാൽ
പുത്രന്മാർക്കപ്പോളെന്തു സൗഖ്യമുള്ളു[10].

ഞാൻ പല വൃക്ഷം നട്ടു മുളപ്പിച്ചു[11]
നിൻെറ പ്രിയത്താലതു വളരേണം[12]

1. ആര്യൻ 2. സ്വർലോകം 3. കൂടുവാൻ. 4. കുന്നാളതിൽ
5. ഭാഗ്യലോകസുഖമകമേയുള്ളു 6. ഭാഗ്യസിദ്ധി 7. ലോകത്തിനുള്ള യത്നം
8. ന്മാരൊ 9. വങ്ങോ 10. തണുപ്പുള്ള 11. പിടിപ്പിച്ച 12. നിൻ ദയയാ ലതു വളർന്നീടണം

www.TheCMSIndia.org

എന്തുവേണ്ടുവതൊക്കെയും ചൊല്ലു നീ
ഒത്തപോലെ ഞാൻ കല്പിപ്പേൻ സർവ്വതും[1].

പോയാൽ ഞാൻ പിന്നെ റൂഹായെയയപ്പൻ
അയാൾ നിന്നെയുമേറെ സ്നേഹിക്കുന്നു
നിന്നിൽ വാസമയാൾക്കു വേണമിതു
തൻതിരുമനസ്സാവിധമായിതു.

അപരിച്ഛേദ്യഗുണസംഖ്യയതാൽ[2]
സമ്പൂർണ്ണം[3] നിനക്കായാൾ വരുത്തീടും[4]
നിന്നെക്കൂടി കൊണ്ടുപോവതിന്നു ഞാൻ
പിന്നെയും വരുമെന്നതറിഞ്ഞാലും.

എന്റെ ശ്ലീഹാകളെന്റെ ശിഷ്യന്മാരും
എനിക്കുള്ളവരെന്നതറിഞ്ഞല്ലോ
അവർക്കു ഗുണം ചൊല്ലിക്കൊടുക്കണം
ഞാൻ വൃഥാ നിന്നോടെന്തു പറയുന്നു!

ഞാൻ ചൊല്ലാഞ്ഞാലും നീയതു ചെയ്തീടും
ഞാൻ കല്പിച്ചിട്ടു ചെയ്യുന്നതിഷ്ടമാം
എന്നാൽ ചെയ്താലും പിതാവിതിങ്ങനെ
നിന്നോടു കല്പിച്ചതെന്നറിഞ്ഞാലും.

നിന്റെയപേക്ഷകൊണ്ടു മമ സഭ
ജനക്ഷയെ വർദ്ധിക്കണം[5] ഭൂമിയിൽ
എനിക്കമ്മപോലിന്നിയുമമ്മ[6] നീ
സന്തോഷം വാഴ്ക മൽപ്രിയകന്യകേ!

പുത്ര! പോക നീയെന്നു കന്യാമണി[7]
ധാത്രി നിനക്കു യോഗ്യസ്ഥലമല്ല.
ആകാശത്തിലെ സ്വരൂപരൂപികൾ[8]
ഉത്കൃഷ്ടജനം[9] വന്ദന ചൊല്ലുന്നു.

---

1. സർവ്വം 2. അപരിച്ഛേദ്യമായ ഗുണങ്ങളാൽ, .3 സമ്പൂർണ്ണത്വം
4. ചെയ്തിടും 5. വർദ്ധിച്ചിടണം 6. പോലെയെന്നെന്നു മമ.
7. നാരീമണി 8. സ്വരൂപ 9. ജനവന്ദന

CHRISTIAN MUSICOLOGICAL SOCIETY OF INDIA
www.TheCMSIndia.org

സ്രാപ്പ്യാദിമാലാഖമാർ ഘോഷമായ്[1]
സ്വപ്രഭുവിനെയാഗ്രഹിച്ചീടുന്നു.
പോക ത്രിലോകരാജ്യം വാണീടുവാൻ[2]
സങ്കടദേശേയിരുന്നതു മതി[3]

എന്റെ കാര്യാം നിനക്കൊത്തതു പോലെ[4]
എൻമനസ്സു നീ കല്പിക്കുംപോൽ സദാ
നിന്റെ ദാസി ഞാനെന്നൊരനുഗ്രഹം
നിനക്കുള്ളതെനിക്കു മതി മതി.

നീ പോയാൽ മമ പ്രാണൈകനായക!
നീ പരിശ്രമം മറന്നു സങ്കടം
നിന്റെ ചോര വിലയാലെ കൊണ്ടതു
നിൻകാരുണ്യത്താൽ രക്ഷിച്ചുകൊള്ളുക.

ബലഹീനജനമെന്നറിവല്ലോ
ബാലരെപ്പോലെ താങ്ങി നടത്തുക
കയ്യയക്കുമ്പോൾ വീണുവെന്നു ലോകർ
നായകാ! നരരിങ്ങനെയല്ലയോ.

നീ തുങ്ങേണ്ടിയ വൃത്തിതി കേൾക്ക നീ
സന്തതമവർ നിന്നെ സ്തുതിക്കട്ടെ
ഇതമ്മ ദയവിനുടെയമ്മപോൽ
തൻതൃക്കാൽ മുത്തിത്തഴകി പുത്രനെ

സന്തോഷത്തിന്റെ മഴയും കണ്ണുകൾ
പെയ്തു മിശിഹായുമെഴുന്നെള്ളിനാൻ
പിന്നെയുമീശോ ഭൂമിരക്ഷാകരൻ
ചെന്നു ശിഷ്യരെക്കണ്ടരുളിച്ചെയ്തു:

എന്റെ പുത്രരെ യെറൊശലേംപുരേ
നിങ്ങൾകൊണ്ടുവരുമെന്നരുൾചെയ്തു

1. സ്രാപ്പെ 2. വാണീടുക 3. ലോകക 4. ത്തിട്ടം പോലെ

CHRISTIAN MUSICOLOGICAL SOCIETY OF INDIA
www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA



പിതാവൊത്തപോലവിടെ റൂഹായെ
ശക്തി നിങ്ങൾക്കുണ്ടാകുമവിടത്തിൽ.

ഞാൻ പിതാവിൻെറ പക്കൽ പോകുന്നിതു
എന്നതുൾചെയ്തു നേരത്തു ശിഷ്യരും
അന്നേരം യൂദന്മാരുടെ രാജ്യത്തു
നന്നാകുമപ്പോളെന്നതു ചോദിച്ചു.

അവരോടപ്പോളിതറിഞ്ഞീടുവാൻ
ആവശ്യമില്ല നിങ്ങൾക്കുട്ടത്തില്ല
താതൻ കല്പിക്കുമ്പോൾ വരും സൎവ്വതും
അതറിഞ്ഞിട്ടു കാര്യം നിങ്ങൾക്കെന്തു.

റൂഹാദക്കുദിശായിറങ്ങുന്നേരം
സഹായം നിങ്ങൾക്കുണ്ടാകും ശക്തിയും
എനിക്കു നിങ്ങൾ സാക്ഷികളാകണം
എൻെറ വേദവും നിങ്ങൾ നടത്തണം.

വിശ്വസിച്ചവർ രക്ഷഭവിച്ചീടും
വിശ്വസിക്കാത്തോൎക്കുണ്ടാകും ശിക്ഷയും
വമ്പന്മാരുടെ രാജാക്കൾതങ്ങടെ
മുമ്പിലും കൊണ്ടുപോയിടും നിങ്ങളെ.

ശാസിക്കും ഭയം നിങ്ങൾക്കു നീക്കുവിൻ
നിങ്ങടെ ദേഹത്തോടെയാവതൊള്ളു
നിങ്ങടെയാത്മാവോടാവതില്ലല്ലോ
നിങ്ങളിൽ റൂഹാ പറഞ്ഞീടും സദാ

വേദനേരിനു പ്രത്യക്ഷം കാട്ടുവാൻ
ഞാൻ ദാനം ചെയ്വാൻ നിങ്ങളിൽ പാൎത്തിടും
നിങ്ങൾക്കു വേണ്ടുന്നതെല്ലാം തോന്നിപ്പോൾ
നിങ്ങളുന്നു പറയുന്നോരല്ലഹോ.

ഭൂമ്യന്തത്തോളം സഹായിച്ചീടുവൻ
സമ്മാനം പിന്നെക്കല്പിച്ചു നല്കിനാൻ

www.TheCMSIndia.org

ഇപ്രകാരം മിശിഹായരുൾചെയ്തു
തൻവ്രതയാത്രയ്ക്കു സമയമായി.

സായിത്തെന്ന മലയിലെഴുന്നള്ളി
ദയവിനുടെ രശ്മിയും വീശിച്ചു
പർവ്വതാഗ്രവും പ്രാപിച്ചു തമ്പുരാൻ
അവിടേനു യാത്ര തുടങ്ങീടിനാൻ.

തൃക്കൈയും പൊക്കിയാശീർവാദം ചെയ്തു
തൃക്കൺ പാർക്കയും മാതൃശിഷ്യരെയും
ത്രിലോകം വിളങ്ങുന്ന പ്രഭാവത്താൽ
ത്രിലോകപ്രഭു ഭൂമിരക്ഷാകരൻ

മന്ദസ്മിതം ദയാഭാവത്തോടുതാൻ
മന്ദമന്ദം പൊങ്ങി തന്റെ ശക്തിയാൽ
തന്റെ ശിഷ്യർക്കു കണ്ണെത്തുവോളവും
ദർശനത്തിങ്കൽ നിന്നുമനന്തരം

തേർപോലൊടൊച്ചമെട്ടുത്തു പൊങ്ങിച്ചു
താൻ പിന്നെ ദ്രുതം ദ്വാദശം പ്രാപിച്ചു
സർവ്വേശൻ സിംഹാസനം പുക്കശേഷം
സർവ്വമംഗളഘോഷമനവധി.

വെള്ളപ്പുള്ള കുപ്പായത്താലന്നേരം
ആളുകൾ രണ്ടിറങ്ങിപ്പറഞ്ഞിതു
ഗ്ലീലാക്കാരരേ നിങ്ങളെന്തിങ്ങനെ
മേല്പോട്ടു നോക്കി നില്ക്കുന്നു, രക്ഷകൻ

സ്വർല്ലോകത്തിന്നെഴുന്നെള്ളി സാദരം
വരും പിന്നെയുമെന്നതറിഞ്ഞാലും
സ്വർല്ലോകത്തിലെ സജ്ജനഘോഷവും
നരവർഗ്ഗത്തിന്നർത്ഥമഹത്വവും

വാക്കിനാൽ വിഷയമല്ല നിർണ്ണയം
സകലേശത്വം പിതാവു നല്കിനാൻ

CHRISTIAN MUSICOLOGICAL SOCIETY OF INDIA
www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

ഇതു കേവലം പറയാം ശേഷവും
ചിത്താം തന്നിൽ വ്യാപിപ്പാനവകാശം

ഏറെച്ചിന്തിച്ചു കൊണ്ടുവെന്നാകിലോ
എറെച്ചിന്തിപ്പാൻ ക്ലേശിക്ക പിന്നെയും
സർവ്വേശൻതാൻ കൊട്ടത്തതു കേൾക്കുമ്പോൾ
ദേവപുത്രനിയാളെന്നിരിക്കിലും

സ്വഭാവത്താലതൊണ്ടായി സന്തതം
പ്രഭ പ്രസവിക്കും സൂതയുള്ളതു
താൻ മനുഷ്യസ്വഭാവത്തിനുമതു
തമ്പുരാൻ കൊട്ടത്തെന്നുമവനത്രേ

ദക്ഷിണമായ വാവാടെ ഭാഗത്തു
രക്ഷകനിരിക്കുന്നതതുതന്നെ
അവിടേന്നു പത്താം നാൾ പുലർകാലേ
സുവിശ്വാസകർ ശ്ലീഹാജനങ്ങളും

കൂടിയെല്ലാരും പാർക്കുന്ന ശാലയിൽ
കൊടുങ്കാററിൻെറ വരവിതെന്നപോൽ
സ്വരം കേൾക്കായി വീടു നിറച്ചിതു
തിരുപത്തിൻെറ നാവുകൾ കാണായി

ശീതളം പോക്കും നല്ല നിരൂപണം
ചേതസി വെളിവോടു ചോദിക്കുന്നു
പവനം വരുത്തീടുമക്കാരണൻ
പാപികൾരൂപത്തിങ്കലിറങ്ങിനാൻ.

ഓരോരുത്തൻെറ നേരിനുതക്കപോൽ
സർവ്വജനവും നിറഞ്ഞു റൂഹയാൽ
വാവാ ഭൂമിയെ സൃഷ്ടിച്ചനന്തരം
അവസാനമൊഴിച്ചു ദേവദൂതൻ.

ഇവ റൂഹായിറങ്ങിയ കാരണം
തിന്മ നീക്കുവാൻ നന്മ നിറപ്പാനും

www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

നിമ്മലമനസ്സുവക്കുണ്ടാവാനും

- - - - - - - - - - - - - - -

പേടി പോക്കുവാൻ കേട്ടുകൾ തീപ്പാനും
നാടെല്ലാം ഭയം നീക്കി നടപ്പാനും
ഇപ്പോൾ റൂഹാദക്കുദിശ തമ്പുരാൻ–
കല്പകമാനസത്തിങ്കൽ വാസമായ്.

മുമ്പിൽ മിശിഹാ, ചെന്നാപ്പോൾ വന്നിതു
തമ്പുരാൻ പുത്തനായി കല്പിച്ചതു
ഭൂമിയിൽ നീളെ വേദം നടത്തണം
മൗനം ക്ഷമിച്ചിട്ടുണ്ണമുണ്ടാക്കണം.

തന്മൂലം ദീനാവായിട്ടിറങ്ങി താൻ

- - - - - - - - - - - - - - -

അങ്ങുന്നുള്ളിൽ തോന്നിച്ചതെപ്പോഴുമേ
അന്നെല്ലാവരും ചൊല്ലി മടിയാതെ ..............

മുമ്പിൽ സ്ത്രീയുടെ വാക്കിനാൽ പേടിച്ച
കെപ്പാതാനപ്പോൾ സംഭ്രമം നീക്കിനാൻ
വമ്പന്മാരുടെ സമക്ഷത്തുങ്കലും
തമ്പുരാൻ മിശിഹായെയറിയിച്ചു.

പല ഭാഷകൾ ഇവൻ പഠിക്കാതെ
നല്ല വേലയവൻ പറയുന്നതും
മാനുഷക്കറിയാത്ത പ്രവൃത്തികൾ
അനേകം വിധം ദശിച്ചകാരണം

കണ്ടറിഞ്ഞവർ നേരിനെ ബോധിച്ചു
മിശിഹായെ വിശ്വസിച്ചുകൊള്ളുവാൻ
ചിലർ ചൊല്ലിനാർ പാനമത്തനിവൻ
വിലാസിച്ചു പുറപ്പെട്ടിരിക്കുന്നു.

ചേമോൻ കെപ്പായന്നേരത്തുരചെയ്തു
ഈ മനുഷ്യരിലലിവു തോന്നുവാൻ

www.TheCMSIndia.org

പാനത്താൽ പല ഭാഷ പറയാമോ
മുമ്പിലാരിതു കണ്ടതും - - - - - -

അതല്ല കാലമപ്പോളുദിച്ചൊള്ളൂ
മത്തന്മാരുടെയാധാരമില്ലിതു
നിങ്ങൾ കൊല്ലിച്ച മിശിഹാതമ്പുരാൻ
✓ തന്റെ റൂഹായെയിപ്പോഴിറക്കി താൻ.

നിവ്യന്മാരിതു മുമ്പിലറിയിച്ചു
അവർകളുടെ വാചകം നോക്കുവിൻ
അയാൾ നിന്നിപ്പോൾ വിസ്മയം കാട്ടുന്നു
പ്രിയത്തോടെ മിശിഹായെ തേറുവിൻ.

കൺ തുറന്നുകൊണ്ടീടുവാൻ കാലമായ്
ചെയ്ത ദോഷമിപ്പോളുറച്ചുകൊൾവിൻ
കാരുണ്യത്തിന്നു കാലമിപ്പോളുണ്ടു
..................................

ഇതു കേട്ടവർ തേറി മൂവായിരം
സത്യവേദവും ബോധിച്ചു സത്വരം
ശ്ലീഹന്മാരുമീ വേദം നടത്തുവാൻ
മഹി തോറും നടന്നു ദിശി ദിശി.

പതിന്നാലാം പാദം തികഞ്ഞു

ആശ്വാസം തികവായി എന്നു സഞ്ചയം ഒണ്ടെന്നുവരിയിൽ മാറാൻ ഈശോമിശിഹാതമ്പുരാനേ ചരണമമ്മേ.

912-ാമാണ്ടു കാർത്തികമാസം 16-ാംനു- എഴുതിത്തീർത്തു.

ക്രൂതാശപ്പാന പുസ്തകം സമാപ്തം.

CHRISTIAN MUSICOLOGICAL SOCIETY OF INDIA

www.TheCMSIndia.org

കേരളസർവ്വകലാശാല

## മാന്യുസ്ക്രിപ്റ്റ്സ് ലൈബ്രറി

## മലയാളഗ്രന്ഥാവലി

### അടുത്ത കാലത്തെ മററു പ്രസിദ്ധീകരണങ്ങൾ

ജ്ഞാനമുത്തുമാല
കുചേലവൃത്തം തുള്ളൽ
അശൗച കേരളി
അശോകവനികാങ്കം
ആട്ടപ്രകാരം
കൂപശാസ്ത്രം, ഖഡ്ഗ-
ശാസ്ത്രം, നായാട്ടു വിധി

സഭാപ്രവേശം പാന
മുകുന്ദമാല (സവ്യാഖ്യാനം)
സപ്തപ്രകരണം
രാജസൂയം ചമ്പു
ഗുരുദക്ഷിണപ്പാന
അധ്യാത്മവിചാരം പാന
അപ്രകാശിതങ്ങളായ ആട്ടക്കഥ
കൾ (ഒന്നാം ഭാഗം)

### അച്ചടിയിലിരിക്കുന്നവ

അധ്യാത്മരാമായണം കിളി
പ്പാട്ട് സംശോധിത-
സംസ്കരണം
കാളിനാടകം
കൃഷ്ണാർജ്ജുനസംവാദം
ഭഗവദ്ദൂതുപാന

അപ്രകാശിതങ്ങളായ ആട്ടക്കഥ-
കൾ (രണ്ടാം ഭാഗം)
രാമചരിതം, സവ്യാഖ്യാനം
കൗടലീയം അർത്ഥശാസ്ത്രം
അഷ്ടപദി ആട്ടപ്രകാരം
ശേഷസമുച്ചയം—തന്ത്രം

---

Printed at
The Kesari Press, Vazhuthacaud,
Published by the Curator, Oriental Manuscripts Library,
Trivandrum.
May 1960/1135 Medam

CHRISTIAN MUSICOLOGICAL SOCIETY OF INDIA
www.TheCMSIndia.org

www.marggam.com

# Digital Library of Christianity in India

CHRISTIAN MUSICOLOGICAL SOCIETY OF INDIA

www.TheCMSIndia.org

**An international forum for interdisciplinary discussion, and dissemination of knowledge, on the music, art and dance of about thirty million Christians in India.**

## Support Our Ongoing Projects

- Marggam, Digital Library of Christianity in India.
- Aramaic Project - Reclaim Syriac to Reaffirm Identity.
- Encyclopaedia of Syriac Chants.
- Resources for Researchers.
- Directory of Christian Songs.
- Music Iconography.
- Christian Art.

---

Christian Musicological Society of India, Josef Ross, Ist Floor, Peter's Enclave, Opp.Kairali Apts, Panampilly Nagar, Kochi, Kerala, India-682036, Phone: +91 9496244981, +91 9446514981, Email - info@thecmsindia.org